Downloaded from https:// www.studiestoday.com

# അടിസ്ഥാനശാസ്ത്രം

## ഭാഗം 1

## സ്റ്റാൻഡേർഡ് VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
First Edition : 2015, Reprint : 2016
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കുട്ടികളേ,

എന്തെല്ലാം കാഴ്ചകൾ നാം ദിവസവും കാണുന്നു!
എത്രതരം ശബ്ദങ്ങൾ കേൾക്കുന്നു!
എത്രയെത്ര അനുഭവങ്ങളിലൂടെ കടന്നുപോകുന്നു!
കണ്ടതും കേട്ടതും അനുഭവപ്പെട്ടതുമെല്ലാം എന്ത് എന്നും എങ്ങനെയെന്നും ആലോചിക്കുന്നിടത്താണ് ശാസ്ത്രപഠനം ആരംഭിക്കുന്നത്. ക്ലാസ്മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല അത്.
സസ്യങ്ങൾ, ജന്തുക്കൾ, വെള്ളം, മണ്ണ്, വായു തുടങ്ങി പലതും നിങ്ങൾ മുമ്പ് നിരീക്ഷിച്ചിട്ടുണ്ടല്ലോ. ആ നിരീക്ഷണം കുറച്ചുകൂടി സൂക്ഷ്മതലത്തിലേക്കു പോവേണ്ടതുണ്ട്. അതിന് സഹായകമായ ഒട്ടേറെ പ്രവർത്തനങ്ങളും ഉപകരണനിർമാണത്തിനുള്ള സാധ്യതകളും
ഈ പുസ്തകത്തിൽ ഒരുക്കിയിട്ടുണ്ട്.
ശാസ്ത്രക്ലബ്ബ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിർദേശങ്ങൾ ഉണ്ട്. കൂടുതൽ വ്യക്തത വരുത്താൻ ഐ.സി.ടി. സാധ്യതകൾ സൂചിപ്പിച്ചിട്ടുണ്ട്.
ഓരോ പാഠഭാഗത്തിന്റെയും അവസാനം നിങ്ങൾക്ക് സ്വയം ഏറ്റെടുത്തു ചെയ്യാവുന്ന പ്രവർത്തനങ്ങൾക്കുള്ള നിർദേശങ്ങളുമുണ്ട്.
അധ്യാപകരുടെ സഹായത്തോടെ എല്ലാ പ്രവർത്തനങ്ങളും ചെയ്യൂ.
ശാസ്ത്രാഭിരുചിയുള്ള ഒരു സമൂഹം സൃഷ്ടിക്കാൻ നമുക്ക് കഴിയും.

സ്നേഹാശംസകളോടെ,

ഡോ. പി. എ. ഫാത്തിമ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**സാനു വി.കെ**
സീനിയർ ലക്ചറർ, ഡയറ്റ്, ഇടുക്കി

**മനോജ് കോട്ടക്കൽ**
ജി.എം.യു.പി.എസ്, കോട്ടക്കൽ

**ഇല്യാസ് പെരിമ്പലം**
ജി.വി.എച്ച്.എസ്.എസ്, നെല്ലിക്കുത്ത്

**അടാട്ട് വാസുദേവൻ**
എ.യു.പി.എസ്, നെല്ലിശ്ശേരി

**സെറാഫിൻ പിൻഹിറോ**
യു.പി.എസ്.എ. (റിട്ട.),
ജി.യു.പി.എസ്, വെള്ളാങ്കല്ലൂർ

**സുനന്ദൻ ടി.പി.**
അക്കര യു.പി.എസ്, കാവശ്ശേരി

**പി. വാസുദേവൻ**
വി.പി.എ.യു.പി.എസ്, വിളയിൽ

**അജിത്കുമാർ എം.**
യു.ആർ.സി. സൗത്ത്
തിരുവനന്തപുരം

**അരുൺ എസ്. നായർ**
സി.എച്ച്.എസ്.
അടയ്ക്കാക്കുണ്ട്

**മുഹമ്മദ് അബ്ദുൽനാസർ.കെ**
ഐ.ടി @ സ്കൂൾ, കോഴിക്കോട്

**പ്രതാപൻ പി.**
എ.യു.പി.എസ്, എഴുവൻതല
നോർത്ത്, പാലക്കാട്

## വിദഗ്ധർ

**ഡോ. അലാവുദ്ദീൻ എം.** പ്രിൻസിപ്പൽ (റിട്ട), ഗവ. കോളേജ്, എലേരിത്തട്ട്

**ഡോ. എസ്. മോഹനൻ,** റീഡർ & ഹെഡ് (റിട്ട), ഡിപാർട്ട്മെന്റ് ഓഫ് ഫിസിക്സ്
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**സെബാസ്റ്റ്യൻ ലൂക്കോസ്,** യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**പ്രൊഫ. ശിവശങ്കരപ്പിള്ള,** ഹെഡ് (റിട്ട), ഡിപാർട്ട്മെന്റ് ഓഫ് ഫിസിക്സ്
വിമെൻസ് കോളേജ്, തിരുവനന്തപുരം

**പോൾ പി.ഐ.** അസോ. പ്രൊഫസർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

**ഡോ. എൻ. രതീഷ്,** അസി. പ്രൊഫസർ, എസ്.എൻ. കോളേജ്, കൊല്ലം

## ചിത്രകാരന്മാർ

**മുസ്തജിബ് ഇ.സി,** എം.എം.ഇ.ടി.എച്ച്.എസ്.എസ്, മേൽമുറി, മലപ്പുറം

**നൗഷാദ് വെള്ളലശ്ശേരി,** ഗണപത് എ.യു.പി.എസ്, കിഴിശ്ശേരി

**മുഹമ്മദ് ഷമീം,** വി.എ.യു.പി.എസ്, കാവനൂർ

**ലോഹിതാക്ഷൻ കെ,** അസീസി ബധിരവിദ്യാലയം, മലാപ്പറമ്പ്

**വിശ്വനാഥൻ പി,** ഡി.ഡി.ഇ ഓഫീസ്, മലപ്പുറം

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ആൻസി വർഗീസ്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം

| | | |
|---|---|---|
| 1 | ജീവന്റെ ചെപ്പുകൾ | 07 |
| 2 | മാറ്റത്തിന്റെ പൊരുൾ | 17 |
| 3 | പൂവിൽനിന്നു പൂവിലേക്ക് | 30 |
| 4 | ചലനത്തിനൊപ്പം | 45 |
| 5 | ആഹാരം ആരോഗ്യത്തിന് | 57 |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഈ പുസ്തകത്തിൽ സൗകര്യത്തിനായി
ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു.



അധികവായനയ്ക്ക്
(വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല)



ആശയവ്യക്തത വരുത്തുന്നതിന് ICT സാധ്യത
[IT@School Edubuntu വിൽ Applications → School Resource ൽ ലഭ്യമായവ]



പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ



വിലയിരുത്താം



തുടർപ്രവർത്തനങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 1

# ജീവന്റെ ചെപ്പുകൾ




വീടിന്റെ മുന്നിലുള്ള മനോഹരമായ പൂന്തോട്ടത്തിലൂടെ മൂളിപ്പാട്ടും പാടി നടക്കുകയായിരുന്നു മിന്നു. പെട്ടെന്ന് എന്തോ കൈയിൽ കുത്തി. എന്തൊരു വേദന! തന്റെ കൈയിൽ കറുത്ത നിറത്തിലുള്ള ചെറുപ്രാണിയെ കണ്ടപ്പോൾ മിന്നുവിന് അദ്ഭുതം.

എത്ര ചെറിയ ജീവി!

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഉറുമ്പിലും ചെറുതോ!

വൈവിധ്യമാർന്ന എന്തെല്ലാം സസ്യങ്ങളും ജന്തുക്കളും ആണ് നമുക്കു ചുറ്റുമുള്ളത്! വലിയവ, ചെറിയവ, വിവിധ നിറങ്ങളിൽ ഉള്ളവ, വ്യത്യസ്ത ആകൃതിയിലുള്ളവ, ......

താഴെ കൊടുത്ത ജീവികളെ വലുപ്പക്രമത്തിൽ ഒന്നെഴുതിനോക്കൂ. ആദ്യം വലിയ ജീവി തന്നെയാവട്ടെ.

| ആട് | ആന | ഒട്ടകം | ഉറുമ്പ് | കുതിര |
|---|---|---|---|---|




ഉറുമ്പാണോ കരയിലെ ഏറ്റവും ചെറിയ ജീവി?

നിങ്ങൾ കണ്ട ഏറ്റവും ചെറിയ ജീവി ഏതാണ്?

ഇതിലും ചെറിയ ജീവികൾ ഉണ്ടോ?

വെള്ളത്തിലും വായുവിലുമൊക്കെ ചെറിയ ജീവികൾ ഉണ്ടാവില്ലേ?



വളരെ ചെറിയ ജീവികളെ എങ്ങനെ കാണാം?

ചെറിയ ജീവികളെ വലുതായി കാണാൻ നമുക്കൊരു ഹാന്റ്‌ലെൻസ് ഉപയോഗിച്ചാലോ?

ഉറുമ്പിനെ ഹാന്റ്‌ലെൻസ് ഉപയോഗിച്ച് നിരീക്ഷിക്കൂ.

എത്രത്തോളം വലുതായി കാണുന്നുണ്ട്?

ഉറുമ്പിനേക്കാൾ ചെറിയൊരു ജീവിയെ ഹാന്റ്‌ലെൻസ് ഉപയോഗിച്ച് നിരീക്ഷിക്കൂ.

നഗ്നനേത്രംകൊണ്ട് കാണാൻ കഴിയാത്ത ജീവികളെ നമുക്കെങ്ങനെ നിരീക്ഷിക്കാം?

### മൈക്രോസ്കോപ്പ്

നഗ്നനേത്രം കൊണ്ട് കാണാൻ സാധിക്കാത്ത സൂക്ഷ്മജീവികളെ നമുക്ക് മൈക്രോസ്കോപ്പിലൂടെ കാണാൻ കഴിയും.



## എത്ര ചെറുത്!

ഈ പരീക്ഷണം ചെയ്തുനോക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആവശ്യമായ സാമഗ്രികൾ:

*മൈക്രോസ്കോപ്പ്, സ്ലൈഡ്, കവർഗ്ലാസ്, വൈക്കോൽ ഇട്ടു വച്ച വെള്ളം.*

മുൻകൂട്ടി തയാറാക്കിയ ജലസാമ്പിളിൽനിന്ന് ഒരു ചെറിയ തുള്ളി ജലം സ്ലൈഡിൽ എടുക്കുക. കവർഗ്ലാസ് വച്ച് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുക.

എന്തെല്ലാം കാണുന്നുണ്ട്?

ചലിക്കുന്ന ചെറിയ ജീവികളെ കാണുന്നില്ലേ?

ഇവയുടെ രൂപം ശാസ്ത്രപുസ്തകത്തിൽ വരയ്ക്കൂ.

**ജലം എങ്ങനെ ശേഖരിക്കാം?**

നിരീക്ഷണത്തിനായി ജലം ശേഖരിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ അവലംബിക്കാം.

- കൊയ്ത്തു കഴിഞ്ഞ പാടത്തുനിന്ന് വൈക്കോൽ ചീഞ്ഞ ജലം ശേഖരിക്കാം.
- തോട്, കുളം എന്നിവ വറ്റിത്തുടങ്ങുമ്പോൾ അവശേഷിക്കുന്ന ജലവും അനുയോജ്യമാണ്.
- ഒരുപിടി വൈക്കോലെടുത്ത് ചെറുകഷണങ്ങളാക്കി വെള്ളത്തിലിട്ട് തിളപ്പിക്കുക. ജലം ഊറ്റിയെടുത്ത് തണുപ്പിക്കുക. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലത്തുനിന്ന് ഒരു സ്പൂൺ മലിനജലം ശേഖരിച്ച് ഇതിൽ ചേർത്ത് മൂന്നു ദിവസത്തിനുശേഷം നിരീക്ഷിക്കാം.

താഴെ കൊടുത്ത ചിത്രത്തിലെ ഏതെങ്കിലും ജീവികളെ നിങ്ങൾക്ക് നിരീക്ഷിക്കാൻ കഴിഞ്ഞോ?


അമീബ


പാരമീസിയം


യൂഗ്ലീന

വൈറസ്, ബാക്ടീരിയ എന്നിവയെക്കുറിച്ച് നിങ്ങൾ മുമ്പു പഠിച്ചിട്ടുണ്ടല്ലോ. അവയെപ്പോലെ ഈ ജീവികളും സൂക്ഷ്മജീവികളാണ്. നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത ജീവികളാണ് സൂക്ഷ്മജീവികൾ.

## ജീവന്റെ നിർമിതി

ഈ സൂക്ഷ്മജീവികളിലും ജീവൽപ്രവർത്തനങ്ങളെല്ലാം നടക്കുന്നുണ്ട്. ഇവയുടെ ശരീരം നിർമിച്ചത് എന്തുകൊണ്ടായിരിക്കും?

വായനക്കുറിപ്പിന്റെ സഹായത്തോടെ കണ്ടെത്തൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ജീവശരീരത്തിലെ ചെറുഘടകങ്ങൾ

ജീവശരീരം നിർമിക്കപ്പെട്ടിരിക്കുന്നത് അനേകം ചെറുഘടകങ്ങൾ ചേർന്നാണ്. ഒരു കുഞ്ഞുറുമ്പിന്റെ ശരീരം പോലും ഇത്തരം ആയിരക്കണക്കിന് ചെറുഘടകങ്ങളാൽ നിർമിതമാണ്. ജീവശരീരം നിർമിക്കപ്പെട്ട ഈ ചെറുഘടകങ്ങളെ കോശങ്ങൾ (Cells) എന്നു പറയുന്നു. ഒരു കോശം മാത്രമുള്ള ജീവികളുമുണ്ട്. ഇവയാണ് ഏകകോശജീവികൾ (Unicellular organisms).

അമീബ, പാരമീസിയം, യൂഗ്ലീന, ബാക്ടീരിയ എന്നിവ ഏകകോശജീവികളാണ്. ശരീരത്തിൽ ഒന്നിലധികം കോശങ്ങളുള്ള ജീവികളാണ് ബഹുകോശജീവികൾ (Multicellular organisms). ജന്തുക്കളും സസ്യങ്ങളുമെല്ലാം ബഹുകോശജീവികളാണ്.



*IT@School Edubuntu വിൽ School Resources ലെ ഏകകോശജീവികൾ എന്ന ഭാഗം കാണുമല്ലോ.*

നിങ്ങൾ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിച്ചത് ഇത്തരം ഏകകോശജീവികളെയാണ്.




ഈ ജീവികളുടെ ശരീരം കാണാൻ കഴിയാത്തവിധം ചെറുതായിരിക്കാനും ഉറുമ്പിന്റെ ശരീരം കുറേക്കൂടി വലുതായിരിക്കാനും എന്തായിരിക്കും കാരണം?

കുട്ടി വളർന്നു വലുതാകുമ്പോൾ കോശങ്ങൾ വലുതാകുന്നുണ്ടോ? നിങ്ങളുടെ ഊഹം എഴുതൂ.

ഇത് കണ്ടെത്താനായി നമുക്ക് വ്യത്യസ്ത പ്രായത്തിലുള്ള രണ്ട് ആളുകളുടെ കോശങ്ങൾ നിരീക്ഷിക്കാം.

*ആവശ്യമായ സാമഗ്രികൾ : മൈക്രോസ്കോപ്പ്, സ്ലൈഡ്, ശുദ്ധജലം, മെഥലിൻബ്ലൂ സ്റ്റെയിൻ, 2 പുതിയ ടൂത്ത്ബ്രഷ്, കവർഗ്ലാസ്.*

ഒരു കുട്ടിയുടെയും അധ്യാപകന്റെയും കവിളിലെ കോശങ്ങൾ ശ്രദ്ധാപൂർവം എടുത്ത് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കൂ. മൈക്രോസ്കോപ്പിലൂടെ കണ്ട ചിത്രങ്ങൾ താഴെ കാണുംവിധമാണോ?



### കവിളിലെ കോശം എടുക്കുന്ന രീതി

ശുദ്ധജലം ഉപയോഗിച്ച് വായ നന്നായി കഴുകുക. ഒരു പുതിയ ടൂത്ത്ബ്രഷ് ഉപയോഗിച്ച് കവിളിന്റെ ഉൾവശം ചുരണ്ടുക. ബ്രഷിൽ പറ്റിയിരിക്കുന്ന കവിൾചർമത്തിന്റെ അംശങ്ങൾ സ്ലൈഡിന്റെ മധ്യത്തിലുള്ള ഒരു തുള്ളി ജലത്തിലേക്കു മാറ്റുക. ഇത് അൽപ്പം പരത്തി ഒരു തുള്ളി സ്റ്റെയിൻ ചേർക്കുക. കവർഗ്ലാസ് കൊണ്ട് മൂടുക. സ്ലൈഡ് മൈക്രോസ്കോപ്പിൽവച്ച് നിരീക്ഷിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





- കുട്ടിയുടെയും മുതിർന്ന ആളുടെയും കവിളിലെ കോശങ്ങളുടെ വലുപ്പത്തിൽ വ്യത്യാസമുണ്ടോ? നിങ്ങളുടെ കണ്ടെത്തലുകൾ ഊഹവുമായി താരതമ്യം ചെയ്യൂ.
- കോശങ്ങളുടെ വലുപ്പം വ്യത്യാസപ്പെടാതെ എങ്ങനെയാണ് ശരീരം വലുതാവുന്നത്?

ചിത്രം നിരീക്ഷിച്ച് നിഗമനങ്ങൾ രൂപീകരിക്കൂ.

വലിയ വീട് നിർമിക്കാൻ വലിയ ഇഷ്ടികയും ചെറിയ വീട് നിർമിക്കാൻ ചെറിയ ഇഷ്ടികയും ആണോ നാം ഉപയോഗിക്കുന്നത്? എങ്കിൽ വീടുകളുടെ വലുപ്പവ്യത്യാസത്തിന് കാരണം എന്തായിരിക്കും?

ഇതിന്റെ അടിസ്ഥാനത്തിൽ ജീവികളുടെ വലുപ്പവ്യത്യാസത്തിന് കാരണം എന്താണെന്ന് കണ്ടെത്തി ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



**എത്ര കോശങ്ങൾ!**

മനുഷ്യശരീരത്തിൽ ലക്ഷക്കണക്കിനു കോടി കോശങ്ങൾ ഉണ്ടത്രേ! അപ്പോൾ ഒരു ആനയുടെ ശരീരത്തിൽ എത്രമാത്രം കോശങ്ങൾ ഉണ്ടായിരിക്കും!

## കോശങ്ങൾ പലതരം

മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളുടെയും ആകൃതി കവിളിലെ കോശങ്ങളുടേതു പോലെയാണോ?

ഈ പ്രവർത്തനം ചെയ്തുനോക്കൂ.

സ്കൂൾ ലാബിൽനിന്ന് രക്തകോശത്തിന്റെ സ്ലൈഡ് എടുത്ത് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കൂ. നേരത്തേ നിരീക്ഷിച്ച കവിളിലെ കോശങ്ങളുടെ ആകൃതി തന്നെയാണോ ഈ കോശങ്ങൾക്കുമുള്ളത്?

ചുവടെ കൊടുത്ത ചിത്രങ്ങൾ ഏതു കോശങ്ങളുടേതാണെന്ന് കണ്ടെത്തി എഴുതൂ.



____________________



____________________



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മനുഷ്യശരീരത്തിൽ പലതരം കോശങ്ങൾ ഉണ്ട്.



പേശീകോശം



നാഡീകോശം

ബഹുകോശജീവികളിൽ ഇതുപോലെ വിവിധതരം കോശങ്ങൾ ഉണ്ട്.

## കോശത്തിനുള്ളിൽ

കോശങ്ങളുടെ വൈവിധ്യം നാം മനസ്സിലാക്കിയല്ലോ. എല്ലാ കോശങ്ങളിലും പൊതുവായ ചില ഘടകങ്ങൾ ഉണ്ട്. ജന്തുകോശചിത്രം പരിശോധിച്ച് കോശത്തിന്റെ ഭാഗങ്ങൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.




ജന്തുകോശം

മർമം, കോശദ്രവ്യം, കോശസ്തരം എന്നിവ ചില പ്രധാന കോശഭാഗങ്ങളാണ്. കോശത്തിന്റെ കേന്ദ്രമാണ് മർമം. കോശത്തിന്റെ ആവരണമാണ് കോശസ്തരം. കോശസ്തരത്തിന് അകത്ത് നിറഞ്ഞിരിക്കുന്ന ദ്രവപദാർഥമാണ് കോശദ്രവ്യം.

താഴെ കൊടുത്ത ചിത്രങ്ങൾ ശാസ്ത്രപുസ്തകത്തിൽ വരച്ച് കോശഭാഗങ്ങൾ രേഖപ്പെടുത്തൂ.



വെളുത്ത രക്തകോശം



കവിളിലെ കോശം

ജന്തുശരീരം കോശങ്ങളാൽ നിർമിതമാണെന്ന് നാം മനസ്സിലാക്കി. എന്നാൽ സസ്യശരീരമോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സസ്യശരീരം

ഏതെങ്കിലും ഒരു സസ്യഭാഗം നമുക്കു പരിശോധിക്കാം.

ഉള്ളിത്തൊലി മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കൂ. നിങ്ങൾ നിരീക്ഷിച്ച രൂപം ശാസ്ത്രപുസ്തകത്തിൽ വരയ്ക്കണം. താഴെ നൽകിയിട്ടുള്ള ചിത്രവുമായി താരതമ്യം ചെയ്യൂ.

### സ്ലൈഡ് തയാറാക്കുന്ന വിധം

ഉള്ളിയുടെ പുറമെയുള്ള ഉണങ്ങിയ തൊലികൾ കളഞ്ഞ ശേഷം മാംസളമായ ഭാഗത്തു നിന്ന് നേർത്ത തൊലി ചീന്തിയെടുക്കുക. ഇത് വാച്ച്ഗ്ലാസിലെ ജലത്തിൽ വയ്ക്കുക. സ്റ്റെയിൻ (സഫ്രാനിൻ) ചെയ്ത ശേഷം ബ്രഷ്കൊണ്ട് ഒരു ചെറിയഭാഗം സ്ലൈഡിൽ വയ്ക്കുക. കവർഗ്ലാസ് കൊണ്ട് മൂടുക.



ഉള്ളിത്തൊലിയിലെ കോശം

## സസ്യകോശങ്ങളിലും വൈവിധ്യം

മുൻക്ലാസിൽ നിങ്ങൾ കാവൽകോശങ്ങൾ നിരീക്ഷിച്ചിട്ടുണ്ടല്ലോ. തന്നിരിക്കുന്ന ചിത്രത്തിൽ കാവൽകോശങ്ങളോടൊപ്പം വേറെയും കോശങ്ങൾ കാണുന്നില്ലേ?

കാവൽകോശങ്ങൾ, ഇലയിലെ മറ്റു കോശങ്ങൾ, ഉള്ളിത്തൊലിയിലെ കോശങ്ങൾ എന്നിവ ആകൃതി, വലുപ്പം എന്നീ കാര്യങ്ങളിൽ ഒരുപോലെയാണോ? താരതമ്യം ചെയ്ത് നിങ്ങളുടെ നിഗമനം ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



കാവൽകോശങ്ങൾ

*IT@School Edubuntu വിൽ School Resources ലെ വാതകവിനിമയം സസ്യങ്ങളിൽ എന്ന ഭാഗം കാണുമല്ലോ.*

- ജന്തുകോശങ്ങളിൽ നിങ്ങൾ അടയാളപ്പെടുത്തിയ കോശഭാഗങ്ങളെല്ലാം സസ്യകോശങ്ങളിലുമുണ്ടോ?
- ജന്തുകോശങ്ങളിൽ കാണാത്ത ഏതെങ്കിലും ഭാഗങ്ങൾ സസ്യകോശങ്ങളിൽ ഉണ്ടോ?




ചിത്രങ്ങൾ താരതമ്യം ചെയ്ത് നിങ്ങളുടെ കണ്ടെത്തലുകൾ പട്ടികയിൽ ക്രോഡീകരിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| കോശഭാഗങ്ങൾ | ജന്തുകോശം | സസ്യകോശം |
|---|---|---|
| • മർമം | ✓ | ✓ |
| • കോശഭിത്തി | | |
| • | | |
| • | | |
| • | | |
| • | | |

സസ്യകോശവും ജന്തുകോശവും തമ്മിലുള്ള വ്യത്യാസങ്ങൾ ശ്രദ്ധിച്ചല്ലോ. നിങ്ങൾ കണ്ടെത്തിയവ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



വിവിധ സസ്യഭാഗങ്ങൾ ഒരേതരം കോശങ്ങൾ കൊണ്ടാണോ നിർമിക്കപ്പെട്ടിരിക്കുന്നത്? മൂർച്ചയുള്ള ബ്ലേഡുപയോഗിച്ച് ഒരു ചെടിയുടെ ഇളംതണ്ടിൽനിന്ന് കുറുകെയുള്ള ഛേദമെടുക്കുക. ഛേദം നേർത്തതും പൂർണവുമാവണം. ഇത് സ്ലൈഡിൽ വച്ച് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കൂ.

വിവിധതരം സസ്യകോശങ്ങൾ കാണുന്നില്ലേ?

ജന്തുശരീരവും സസ്യശരീരവും കോശങ്ങളാൽ നിർമിതമാണെന്ന് നാം കണ്ടെത്തി. ജന്തുക്കളിലും സസ്യങ്ങളിലുമെല്ലാം വിവിധ ആകൃതിയിലും വലുപ്പത്തിലുമുള്ള കോശങ്ങളുണ്ട്. ഈ കോശങ്ങളുടെ കൂട്ടായ്മയിലാണ് ജീവൻ നിലനിർത്താൻ വേണ്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ജീവന്റെ അടിസ്ഥാനഘടകം കോശമാണെന്നു വിശദീകരിക്കാൻ കഴിയുന്നു.
- ഏകകോശജീവികൾ, ബഹുകോശജീവികൾ എന്നിവ ഉദാഹരണസഹിതം വിശദീകരിക്കാൻ കഴിയുന്നു.
- ജീവികളുടെ വലുപ്പം കോശങ്ങളുടെ വലുപ്പത്തെയല്ല, എണ്ണത്തെയാണ് ആശ്രയിക്കുന്നത് എന്നു തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- കോശഘടകങ്ങൾ തിരിച്ചറിഞ്ഞ് ചിത്രീകരിക്കാൻ കഴിയുന്നു.
- സസ്യകോശത്തെയും ജന്തുകോശത്തെയും ചിത്രീകരിക്കാനും സാമ്യവ്യത്യാസങ്ങൾ കണ്ടെത്താനും കഴിയുന്നു.
- മൈക്രോസ്കോപ്പ് ഉപയോഗിച്ച് കോശങ്ങൾ നിരീക്ഷിക്കാൻ കഴിയുന്നു.



## വിലയിരുത്താം

1. താഴെ പറയുന്ന പ്രസ്താവനകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.
   a) കോശങ്ങളെക്കാണാൻ ഹാന്റ് ലെൻസ്, മൈക്രോസ്കോപ്പ് എന്നിവ ഉപയോഗിക്കാം.
   b) ഒരു കോശം മാത്രമുള്ള ജീവികളും ഭൂമിയിലുണ്ട്.
   c) ജീവികളുടെ വലുപ്പവ്യത്യാസത്തിനു കാരണം കോശങ്ങളുടെ വലുപ്പവ്യത്യാസമാണ്.
   d) ഒരു ജീവിയുടെ എല്ലാ കോശങ്ങളും ഒരുപോലെയായിരിക്കും.
2. ജന്തുകോശവും സസ്യകോശവും താരതമ്യം ചെയ്ത് ഒരു കുട്ടി തയാറാക്കിയ പട്ടികയിലെ ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.
   കോശഭാഗങ്ങൾ ചേർത്ത് പട്ടിക പൂർത്തിയാക്കൂ.

| നം. | കോശഭാഗങ്ങൾ | സസ്യകോശം | ജന്തുകോശം |
|---|---|---|---|
| 1 | | ഉണ്ട് | ഉണ്ട് |
| 2 | | വലുത് | ചെറുത് |
| 3 | | ഉണ്ട് | ഇല്ല |
| 4 | | ഉണ്ട് | ഉണ്ട് |
| 5 | | ഉണ്ട് | ഇല്ല |



## തുടർപ്രവർത്തനങ്ങൾ

1. സസ്യകോശത്തിന്റെ മാതൃക നിർമിക്കാം.
   ആവശ്യമായ സാമഗ്രികൾ : *അടപ്പുള്ള സുതാര്യമായ ചതുരപ്പെട്ടി, OHP ഷീറ്റ് 2 കഷണം/സുതാര്യമായ പ്ലാസ്റ്റിക് ഷീറ്റ്, തെർമോകോൾ, ആവശ്യമായ കളറുകൾ, ജലം, പശ.*



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**നിർമാണരീതി :**



OHP ഷീറ്റുകൾ ചിത്രത്തിൽ കാണിച്ചപോലെ പെട്ടിയുടെ വലുപ്പമനുസരിച്ച് മുറിച്ചെടുക്കുക. പരസ്പരം $90^0$ യിൽ ചേർക്കാവുന്ന വിധത്തിൽ പകുതിവരെ മുറിക്കുക. മുറിച്ച ഭാഗങ്ങൾ പരസ്പരം ചേർത്ത് ചിത്രത്തിൽ കാണുന്നതുപോലെ ക്രമീകരിക്കുക. മാതൃകാ സസ്യകോശത്തിൽ കാണുന്ന കോശാംഗങ്ങൾ തെർമോകോളിൽ വെട്ടിയെടുത്ത് വേണ്ട ചായങ്ങൾ ചേർത്ത് OHP ഷീറ്റിൽ യഥാസ്ഥാനങ്ങളിൽ പശ ഉപയോഗിച്ച് ഒട്ടിച്ചു ചേർക്കുക. OHP ഷീറ്റ് ശ്രദ്ധാപൂർവം പെട്ടിയിൽ ഇറക്കിവച്ച് വെള്ളം ഒഴിച്ചു നോക്കൂ. ഒരു സസ്യകോശത്തിന്റെ ഏകദേശ ത്രിമാനരൂപം ലഭിക്കുന്നില്ലേ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 2 മാറ്റത്തിന്റെ പൊരുൾ



ചിത്രം ശ്രദ്ധിക്കൂ. ഹരിതാഭമായ കൃഷിഭൂമിയും റോഡും വീടുമൊക്കെ കാണുന്നില്ലേ? അനേകം പേരുടെ പ്രവൃത്തിയുടെ ഫലമല്ലേ ഇതെല്ലാം.

എന്തെല്ലാം പ്രവൃത്തികളാണ് ഈ ചിത്രത്തിൽ നിങ്ങൾക്ക് കാണാനാവുക?

- ട്രാക്ടർ ഓടിക്കുന്നു
-
-
-

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പന്തുകളിക്കുന്ന കുട്ടികൾക്ക് ആ പ്രവൃത്തി ചെയ്യാനുള്ള കഴിവു വേണ്ടേ? ഭക്ഷണത്തിൽനിന്നാണ് ഇതിനുവേണ്ട ഊർജം ലഭിക്കുന്നതെന്ന് നിങ്ങൾ മുമ്പു പഠിച്ചിട്ടില്ലേ?

മറ്റു പ്രവൃത്തികൾക്കും ഊർജം ആവശ്യമില്ലേ?

## എല്ലാറ്റിനും ഊർജം

പകൽസമയത്ത് എല്ലാം കാണാൻ സൂര്യപ്രകാശം നമ്മെ സഹായിക്കുന്നു. പ്രകാശം ഒരു ഊർജരൂപമാണല്ലോ. രാത്രി ഈ ആവശ്യത്തിന് വൈദ്യുതി ഉപയോഗിച്ച് പ്രകാശം ഉണ്ടാക്കുകയാണല്ലോ നാം ചെയ്യുന്നത്.

ഭക്ഷണം പാകം ചെയ്യാൻ താപം ഉപയോഗിക്കുന്നു. ഫാൻ പ്രവർത്തിപ്പിക്കാൻ വൈദ്യുതോർജത്തെയാണ് ആശ്രയിക്കുന്നത്.

ചിത്രത്തിൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ഏതെല്ലാം ഊർജരൂപങ്ങളാണ് ഉപയോഗിക്കുന്നത്?

ഏതെല്ലാം ഊർജരൂപങ്ങളാണ് നിങ്ങൾക്ക് തിരിച്ചറിയാനാവുന്നത്? പട്ടിക പൂരിപ്പിക്കൂ.

| സന്ദർഭം | ഉപയോഗിക്കുന്ന ഊർജരൂപം |
|---|---|
| മോട്ടോർവാഹനങ്ങൾ പ്രവർത്തിക്കുന്നു. | ഇന്ധനങ്ങളിൽനിന്ന് ലഭിക്കുന്ന ഊർജം. |
| തുണി ഉണക്കുന്നു. | |
| ബൾബുകൾ പ്രകാശിക്കുന്നു. | |
| ഉച്ചഭാഷിണി പ്രവർത്തിക്കുന്നു. | |

താപം, വൈദ്യുതി, പ്രകാശം, ശബ്ദം എന്നിവയെല്ലാം വിവിധ ഊർജരൂപങ്ങളാണ്.

ബൾബ് പ്രകാശിക്കുമ്പോൾ പ്രകാശോർജം മാത്രമാണോ ഉണ്ടാവുന്നത്?

അൽപ്പനേരം പ്രകാശിപ്പിച്ചശേഷം ഓഫാക്കിയ ബൾബിന്റെ ചില്ല് വിരലുകൊണ്ട് ശ്രദ്ധാപൂർവം തൊട്ടുനോക്കൂ.



എന്താണ് അനുഭവപ്പെട്ടത്?

ബൾബ് പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ ഏതെല്ലാം ഊർജരൂപങ്ങളാണ് ഉണ്ടായത്?

ഇതിൽ ഏത് ഊർജരൂപമാണ് നാം പ്രയോജനപ്പെടുത്തുന്നത്?

ഒന്നിൽക്കൂടുതൽ ഊർജരൂപങ്ങൾ ഉണ്ടാവുന്ന വേറെയും സന്ദർഭങ്ങൾ ഇല്ലേ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഊർജത്തിന്റെ വിവിധ രൂപങ്ങൾ

പട്ടികയിൽ വിവിധ സന്ദർഭങ്ങൾ നൽകിയിരിക്കുന്നു. ഓരോ സന്ദർഭത്തിലും ഉണ്ടാവുന്ന ഊർജരൂപങ്ങളും നാം ഉപയോഗിക്കുന്ന ഊർജരൂപവും ഏതെന്നു കണ്ടെത്തി എഴുതൂ.

| സന്ദർഭം | ഉണ്ടാവുന്ന ഊർജരൂപങ്ങൾ | നാം പ്രയോജനപ്പെടുത്തുന്ന ഊർജരൂപം |
|---|---|---|
| ടോർച്ച് പ്രകാശിക്കുന്നു. | | |
| മെഴുകുതിരി കത്തുന്നു. | | |
| അടുപ്പിൽ വിറക് കത്തുന്നു. | | |
| വൈദ്യുതബൾബ് പ്രകാശിക്കുന്നു. | | |
| പടക്കം പൊട്ടുന്നു. | | |



മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികൾക്കും ഊർജം വേണമല്ലോ. ഉണ്ടാവുന്ന ഊർജരൂപങ്ങൾ എല്ലാം നാം പ്രയോജനപ്പെടുത്തുന്നുണ്ടോ?

നിങ്ങളുടെ നിഗമനം ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

ചില ഊർജരൂപങ്ങൾ നാം പരിചയപ്പെട്ടല്ലോ. താഴെ പറയുന്ന സന്ദർഭങ്ങളിൽ ഏതെല്ലാം ഊർജരൂപങ്ങളാണ് ഉണ്ടാവുന്നത്?

| നം | സന്ദർഭം | ഉണ്ടാവുന്ന ഊർജരൂപങ്ങൾ | | |
|---|---|---|---|---|
| | | (i) | (ii) | (iii) |
| 1 | പൂത്തിരി കത്തുന്നു. | താപോർജം | - | - |
| 2 | മോട്ടോർസൈക്കിൾ ഓടിക്കുന്നു. | - | - | യാന്ത്രികോർജം |
| 3 | മിക്സി പ്രവർത്തിക്കുന്നു. | - | - | - |
| 4 | ഇലക്ട്രിക് മോട്ടോർ പ്രവർത്തിക്കുന്നു. | - | - | |

മിക്സി പ്രവർത്തിക്കുമ്പോൾ ഉണ്ടാവുന്ന ഊർജരൂപങ്ങൾ കണ്ടെത്തിയല്ലോ.

മിക്സി പ്രവർത്തിക്കാൻ ഏത് ഊർജരൂപമാണ് ഉപയോഗപ്പെടുത്തുന്നത്?

വൈദ്യുതബൾബിൽ വൈദ്യുതോർജം ഏതെല്ലാം ഊർജരൂപങ്ങളായി മാറുന്നുവെന്ന് നാം കണ്ടല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഊർജം ഒരു രൂപത്തിൽനിന്ന് മറ്റൊരു രൂപത്തിലേക്കു മാറ്റാം.

മിക്സിയും മോട്ടോറും പ്രവർത്തിപ്പിക്കാൻ വൈദ്യുതോർജമാണ് നാം ഉപയോഗിക്കുന്നത്. പൂത്തിരി കത്തുന്നതിനും മോട്ടോർ സൈക്കിൾ പ്രവർത്തിക്കുന്നതിനും ഏത് ഊർജരൂപമാണ് ഉപയോഗിക്കുന്നത്?

വായനക്കുറിപ്പ് ഉപയോഗപ്പെടുത്തി കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

## യാന്ത്രികോർജം

വൈദ്യുതോർജമോ ഇന്ധനങ്ങൾ കത്തുമ്പോൾ ഉണ്ടാവുന്ന ഊർജമോ എഞ്ചിൻ പ്രവർത്തിക്കുന്നതിനും അതുവഴി യന്ത്രഭാഗങ്ങൾ ചലിക്കുന്നതിനും കാരണമാകുന്നു. യന്ത്രങ്ങളുടെ പ്രവർത്തനത്തിലൂടെയുള്ള യാന്ത്രികോർജമാണ് വാഹനങ്ങളെ ചലിപ്പിക്കുന്നത്.



## രാസോർജം

പദാർഥങ്ങളിൽ അടങ്ങിയിരിക്കുന്ന ഊർജമാണ് രാസോർജം. പ്രകാശസംശ്ലേഷണം വഴി സസ്യങ്ങൾ സൗരോർജത്തെ രാസോർജമാക്കി മാറ്റുന്നു. ഇങ്ങനെ സംഭരിക്കുന്ന രാസോർജം ആഹാരപദാർഥങ്ങളിലൂടെ ജീവികളിൽ എത്തുന്നു. വിറകു കത്തുമ്പോൾ ലഭിക്കുന്നത് സസ്യഭാഗങ്ങളിൽ സംഭരിക്കപ്പെട്ട രാസോർജമാണ്. എല്ലാ വസ്തുക്കളിലും രാസോർജമുണ്ട്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





സോളാർ കാർ



പെട്രോൾ കാർ

- പെട്രോൾ, ഡീസൽ വാഹനങ്ങൾ എങ്ങനെയാണ് ഊർജത്തിന് സൂര്യനെ ആശ്രയിക്കുന്നത്? ഫോസിൽ ഇന്ധനങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടല്ലോ.

  ഫ്ളോചാർട്ട് പൂർത്തിയാക്കൂ.




## എത്രയെത്ര മാറ്റങ്ങൾ!

ഊർജമാറ്റങ്ങൾ നിത്യജീവിതത്തിൽ നാം എത്രമാത്രം പ്രയോജനപ്പെടുത്തുന്നുണ്ട്? ഗാർഹിക ഊർജോപയോഗങ്ങളെ നമുക്കൊന്ന് പട്ടികപ്പെടുത്തിനോക്കാം.

| സന്ദർഭം | സംഭവിക്കുന്ന ഊർജമാറ്റങ്ങൾ |
|---|---|
| ബൾബ് പ്രകാശിക്കുന്നു. | വൈദ്യുതോർജം → പ്രകാശം+താപം |
| വെള്ളം എടുക്കുന്നതിനായി മോട്ടോർ പ്രവർത്തിപ്പിക്കുന്നു. | .................................. → .................+................. |
| തീപ്പെട്ടിക്കൊള്ളി കത്തിക്കുന്നു. | |
| മിക്സി പ്രവർത്തിക്കുന്നു. | |
| റേഡിയോയിൽ വാർത്ത കേൾക്കുന്നു. | |

കൂടുതൽ സന്ദർഭങ്ങൾ ചേർത്ത് പട്ടിക വിപുലമാക്കുമല്ലോ.

നിത്യജീവിതത്തിൽ നാം കൂടുതൽ ഉപയോഗിക്കുന്ന ഊർജരൂപങ്ങൾ ഏതെല്ലാമാണ്?

ഊർജം പരമാവധി ഉപയോഗപ്പെടുത്താൻ ഉപകരണങ്ങളിൽ ഊർജനഷ്ടം കുറയ്ക്കേണ്ടതുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജനറേറ്റർ പ്രവർത്തിപ്പിച്ച് നടത്തുന്ന വിവിധ പ്രവൃത്തികൾ നിങ്ങൾക്കറിയാമല്ലോ. ഓരോ പ്രവൃത്തിയിലും ഉപയോഗിക്കുന്ന ഊർജരൂപങ്ങളും ഉണ്ടാകുന്ന ഊർജരൂപങ്ങളും ഇവയിൽ നടക്കുന്ന ഊർജമാറ്റങ്ങളും താഴെ കാണുന്ന ആശയചിത്രീകരണത്തിൽ രേഖപ്പെടുത്തൂ. ഉപയോഗിക്കാതെ പോകുന്ന ഊർജരൂപങ്ങൾ ഏതെല്ലാമാണെന്നു കണ്ടെത്തൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചിത്രങ്ങൾ പരിശോധിക്കൂ

  

- ഓരോ സന്ദർഭത്തിലും ഏത് ഊർജരൂപമാണ് മാറ്റത്തിന് വിധേയമാവുന്നത്? ഏതെല്ലാം ഊർജരൂപങ്ങളാണ് ഉണ്ടാവുന്നത്?

  (1) ..........................., (2) ..........................., (3) ...........................,
- പ്രകാശോർജം ഉപയോഗമില്ലാത്ത സന്ദർഭം ചിത്രത്തിൽ ഏതാണ്?
- ശബ്ദോർജം ഉണ്ടാവുന്ന സന്ദർഭം ഏതാണ്?
- ഏതു സന്ദർഭത്തിലാണ് താപോർജം പ്രയോജനപ്പെടുത്തുന്നത്?

ഒരു ഊർജരൂപം പല ഊർജരൂപങ്ങളായി മാറുന്ന വിവിധ സന്ദർഭങ്ങൾ ഉണ്ട് എന്നു നാം മനസ്സിലാക്കി.

ഊർജം സ്വീകരിക്കുമ്പോൾ വസ്തുവിന് എന്തു മാറ്റമാണ് സംഭവിക്കുന്നത്?

## ഐസ് ഉരുകുമ്പോൾ

താഴെ പറയുന്ന പരീക്ഷണം ചെയ്ത് നിരീക്ഷണങ്ങൾ എഴുതൂ.

ഐസ്കട്ടകൾ ചിത്രത്തിൽ കാണുന്നതുപോലെ ബീക്കറിൽ എടുത്ത് ചൂടാക്കൂ. എന്തെല്ലാം മാറ്റങ്ങളാണ് നിരീക്ഷിച്ചത്?

-
-



മാറ്റങ്ങൾക്ക് വിധേയമാവാൻ ഐസ് ഏത് ഊർജരൂപമാണ് സ്വീകരിച്ചത്?

-

ഐസ് ഉരുകി ലഭിച്ച ജലം വീണ്ടും ചൂടാക്കൂ. മാറ്റങ്ങൾ കുറിച്ചു വയ്ക്കൂ.

-

നീരാവിയെ വീണ്ടും ജലമാക്കി മാറ്റാമോ? ഇതിനായി ഈ പരീക്ഷണത്തിൽ എന്തു മാറ്റമാണ് വരുത്തേണ്ടത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ചിത്രം പരിശോധിച്ച് ഏതെല്ലാം സാമഗ്രികൾ ഈ പരീക്ഷണത്തിന് ഉപയോഗിക്കാം എന്ന് ചർച്ചചെയ്യൂ.

ഒരു ഐസ്കട്ട വാച്ച്ഗ്ലാസിൽ വച്ച് പരീക്ഷണം കൂടുതൽ ഫലപ്രദമാക്കാമോ?

ഈ പരീക്ഷണത്തിലൂടെ നീരാവിയെ വീണ്ടും ജലമാക്കി മാറ്റിയല്ലോ. ജലത്തെ വീണ്ടും ഐസ് ആക്കി മാറ്റാമോ?

ഇതിനായി എന്തു മാർഗം സ്വീകരിക്കാം?

ഐസ് താപോർജം സ്വീകരിച്ച് ദ്രാവകാവസ്ഥയിലുള്ള ജലമായി മാറുന്നു. ജലം വീണ്ടും താപോർജം സ്വീകരിച്ച് വാതകാവസ്ഥയിലുള്ള നീരാവിയായി മാറുന്നു. നീരാവി താപോർജം നഷ്ടപ്പെടുമ്പോൾ ജലമായും വീണ്ടും താപോർജം നഷ്ടപ്പെടുമ്പോൾ ഐസ് ആയും മാറുകയാണ് ചെയ്യുന്നത്.

### അവസ്ഥാമാറ്റം

വസ്തുക്കൾ മതിയായ അളവിൽ താപോർജം സ്വീകരിക്കുമ്പോഴും പുറത്തുവിടുമ്പോഴും അവസ്ഥാമാറ്റത്തിനു വിധേയമാവുന്നു. താപോർജം സ്വീകരിച്ച് ഖരാവസ്ഥയിൽനിന്ന് ദ്രാവകാവസ്ഥയിലേക്കും തുടർന്ന് വാതകാവസ്ഥയിലേക്കും മാറുന്നു. ഊർജം പുറത്തുവിട്ട് വാതകാവസ്ഥയിലുള്ള വസ്തുക്കൾ ദ്രാവകാവസ്ഥയിലേക്കും തുടർന്ന് ഖരാവസ്ഥയിലേക്കും മാറുന്നു.

ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾക്കായി താപം പ്രയോജനപ്പെടുത്തിയത് താഴെ ഫ്ളോചാർട്ടിൽ രേഖപ്പെടുത്തൂ.




ഐസ്, ജലം, നീരാവി എന്നിവ ജലത്തിന്റെ മൂന്ന് അവസ്ഥകളാണല്ലോ.

- നീരാവിയെ ജലമാക്കിയും പിന്നീട് ഐസ്കട്ടയാക്കിയും മാറ്റുമ്പോൾ ഊർജം പുറത്തുവിടുകയാണോ ഊർജം സ്വീകരിക്കുകയാണോ ചെയ്യുന്നത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ഏറ്റവും കൂടുതൽ ഊർജം ഉള്ള അവസ്ഥ ഇവയിൽ ഏതാണ്?
- ഏറ്റവും കുറഞ്ഞ ഊർജം ഏത് അവസ്ഥയ്ക്കാണ്?

## ഐസ്പാവ നിർമിക്കാം

താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി പദാർഥങ്ങളുടെ അവസ്ഥാമാറ്റങ്ങളെ നിങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താനാവും? ക്ലാസിൽ ചർച്ചചെയ്യൂ

- മെഴുകുകൊണ്ട് കോഴിമുട്ടയുടെ മാതൃക പ്രദർശനത്തിനായി ഉണ്ടാക്കണം.
- ഐസ് കൊണ്ട് ഒരു പന്ത് ഉണ്ടാക്കി ചരടിൽ തൂക്കിയിടണം.
- മെഴുകുപാവകൾ ഉണ്ടാക്കണം.

ഗ്രൂപ്പിൽ ചർച്ചചെയ്ത് ഇതിനുള്ള മാർഗങ്ങൾ കണ്ടെത്താൻ ശ്രമിക്കൂ.

ആകർഷകമായ രൂപങ്ങളുണ്ടാക്കി സ്കൂൾ ശാസ്ത്രക്ലബ്ബിൽ പ്രദർശിപ്പിക്കൂ.

പദാർഥങ്ങളുടെ അവസ്ഥാമാറ്റങ്ങൾ പ്രയോജനപ്പെടുത്തി രസകരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൂ.

അവസ്ഥാമാറ്റമാണ് ഞങ്ങൾക്ക് ഈ മനോഹര രൂപങ്ങൾ നൽകിയത്.



നിത്യജീവിതത്തിലെ ചില സന്ദർഭങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നത് പരിശോധിക്കൂ.

| സന്ദർഭം | അവസ്ഥയിലോ രൂപത്തിലോ ഉണ്ടാവുന്ന മാറ്റം |
|---|---|
| ഉറച്ച നെയ്യ് ചൂടാക്കുന്നു. | ഉരുകുന്നു. |
| പച്ചക്കറി മുറിക്കുന്നു. | ചെറിയ കഷണങ്ങളാവുന്നു. |
| പി.വി.സി. പൈപ്പ് ചൂടാക്കുന്നു. | വികസിക്കുന്നു. |
| മെഴുക് ചൂടാക്കുന്നു. | ഉരുകുന്നു. |
| പേപ്പർ കീറുന്നു. | ചെറിയ കഷണങ്ങളാവുന്നു. |
| കുപ്പി പൊട്ടുന്നു. | ചെറിയ കഷണങ്ങളാവുന്നു. |
| അരക്ക് ചൂടാക്കുന്നു. | ഉരുകുന്നു. |
| പേപ്പർ ചുരുട്ടുന്നു. | ആകൃതി മാറുന്നു. |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പട്ടിക അപഗ്രഥിച്ച് ഇത്തരം മാറ്റങ്ങളുടെ സവിശേഷതകൾ കണ്ടെത്തി എഴുതൂ. താഴെ കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തുമല്ലോ.

- ഏതെങ്കിലും സന്ദർഭത്തിൽ പുതിയ പദാർഥം ഉണ്ടാവുന്നുണ്ടോ?
- അവസ്ഥയിലുണ്ടാവുന്ന മാറ്റങ്ങൾ ഏതെല്ലാമാണ്?
- ആകൃതിയിൽ മാറ്റങ്ങൾ വരുന്നവ ഏതാണ്?
- വലുപ്പത്തിൽ മാറ്റങ്ങൾ വരുന്നവ ഏതെല്ലാം?

**ഭൗതികമാറ്റം (Physical Change)**

അവസ്ഥ, ആകൃതി, വലുപ്പം എന്നീ ഭൗതികഗുണങ്ങളിൽ വരുന്ന മാറ്റങ്ങളാണ് ഭൗതികമാറ്റങ്ങൾ. വികസിക്കുന്നതും ഉരുകുന്നതും പൊട്ടുന്നതും കീറുന്നതും എല്ലാം ഭൗതികമാറ്റങ്ങളാണ്. ഭൗതികമാറ്റങ്ങൾ മൂലം പുതിയ പദാർഥങ്ങൾ ഉണ്ടാവുന്നില്ല.

## സ്ഥിരമായ മാറ്റം

എല്ലാ മാറ്റങ്ങളും ഭൗതികമാറ്റങ്ങളാണോ?

ഈ പ്രവർത്തനങ്ങൾ ചെയ്യാം.



സ്പൂണിൽ അൽപ്പം പഞ്ചസാര എടുത്ത് ഉരുകുന്നതുവരെ ചൂടാക്കൂ. മാറ്റങ്ങൾ നിരീക്ഷിക്കൂ.

ചൂടാക്കിയശേഷം രുചിച്ചു നോക്കൂ. എന്തു രുചിയാണ് അനുഭവപ്പെട്ടത്?

വീണ്ടും ചൂടാക്കൂ.

നിറം മാറുന്നില്ലേ? തണുത്ത ശേഷം രുചി പരിശോധിക്കൂ.

ഇപ്പോൾ അതിന്റെ രുചി എന്താണ്?

സ്പൂണിൽ അവശേഷിക്കുന്ന പദാർഥത്തിന് പഞ്ചസാരയുടെ ഗുണങ്ങൾ ഉണ്ടോ?

മെഴുക് ചൂടാക്കിയപ്പോഴും പഞ്ചസാര ചൂടാക്കിയപ്പോഴും ഉണ്ടായ മാറ്റങ്ങളിൽ എന്തു വ്യത്യാസമാണ് നിങ്ങൾക്ക് കണ്ടെത്താനായത്? പട്ടിക പൂർത്തിയാക്കി ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

| മെഴുക് ചൂടാക്കുമ്പോൾ | പഞ്ചസാര ചൂടാക്കുമ്പോൾ |
|---|---|
| താപം സ്വീകരിക്കുന്നു. | ........................................................ |
| ........................................................ | ഉരുകുന്നു. |
| ........................................................ | നിറം മാറുന്നു. |
| പുതിയ പദാർഥം ഉണ്ടാവുന്നില്ല. | ........................................................ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചില പരീക്ഷണങ്ങൾകൂടി ചെയ്യാം.

1. മഗ്നീഷ്യം റിബൺ കത്തിക്കുക.
2. പേപ്പർ കത്തിക്കുക.

മഗ്നീഷ്യം റിബണും പേപ്പറും കത്തിച്ചപ്പോൾ ലഭിച്ച വസ്തുക്കളെ ആദ്യരൂപത്തിലേക്കു തന്നെ മാറ്റാൻ കഴിയുമോ?

നിരീക്ഷണങ്ങളും കണ്ടെത്തലുകളും ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

**രാസമാറ്റം (Chemical change)**

പദാർഥങ്ങൾ ഊർജം സ്വീകരിക്കുകയോ പുറത്തുവിടുകയോ ചെയ്ത് പുതിയ പദാർഥങ്ങളായി മാറുന്ന പ്രവർത്തനങ്ങളാണ് രാസമാറ്റങ്ങൾ. രാസമാറ്റം സ്ഥിരമാറ്റമാണ്.

ഇത്തരം വസ്തുക്കൾ താപം സ്വീകരിക്കുന്നതു വഴി ഉണ്ടാവുന്ന മാറ്റത്തെക്കുറിച്ച് നിഗമനം രൂപീകരിക്കൂ.

വായനസാമഗ്രികൂടി പ്രയോജനപ്പെടുത്തണം.

### രാസമാറ്റങ്ങൾ പലതരം

മനുഷ്യശരീരത്തിലും പ്രകൃതിയിലും നിത്യേന ഒട്ടേറെ രാസമാറ്റങ്ങൾ നടക്കുന്നുണ്ട്. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ശാസ്ത്രപുസ്തകത്തിൽ എഴുതൂ. താഴെക്കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തുമല്ലോ.

- ചോറ് അൽപ്പനേരം നന്നായി ചവയ്ക്കുമ്പോൾ മധുരം അനുഭവപ്പെടുന്നു.
- എക്സ്റേ എടുക്കുമ്പോൾ ഫിലിമിന്റെ നിറം മാറുന്നു.
- വസ്ത്രങ്ങൾ വെയിലേറ്റ് നിറം മങ്ങുന്നു.
- ഇരുമ്പു കമ്പികൾ തുരുമ്പെടുക്കുന്നു.
- മാങ്ങ പഴുക്കുന്നു.



ചിത്രം വിശകലനം ചെയ്യൂ.

- ചിത്രത്തിൽ സൂചിപ്പിച്ച രാസമാറ്റം ഏതാണ്?
- ഈ രാസമാറ്റവേളയിൽ നടക്കുന്ന ഊർജമാറ്റം എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



താഴെ കൊടുത്ത ചിത്രം നിരീക്ഷിക്കൂ.

എന്തെല്ലാം ഭൗതികമാറ്റങ്ങളാണ് ചിത്രത്തിൽ നിന്നു കണ്ടെത്താനാവുക?



നിത്യജീവിതത്തിൽ ധാരാളം രാസമാറ്റങ്ങളും ഭൗതികമാറ്റങ്ങളും നാം പ്രയോജനപ്പെടുത്തുന്നുണ്ട്. ഒരു ദിവസം അടുക്കളയിൽ നടക്കുന്ന എത്ര രാസമാറ്റങ്ങളും ഭൗതികമാറ്റങ്ങളും നിങ്ങൾക്ക് പട്ടികപ്പെടുത്താൻ കഴിയും? തരം തിരിച്ച് രേഖപ്പെടുത്തൂ.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- വിവിധ ഊർജരൂപങ്ങൾക്കും അവ ഉപയോഗിക്കുന്ന ജീവിതസന്ദർഭങ്ങൾക്കും ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.
- വിവിധ ജീവിതസന്ദർഭങ്ങളിൽ നടക്കുന്ന ഊർജമാറ്റങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.
- പദാർഥങ്ങളുടെ താപനിലയിലുണ്ടാവുന്ന വ്യത്യാസം അവസ്ഥാമാറ്റത്തിനു കാരണമാവുന്നു എന്നു തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.
- രാസമാറ്റം, ഭൗതികമാറ്റം എന്നീ ആശയങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.
- മെഴുക്, ഐസ് തുടങ്ങിയവ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമിക്കാൻ കഴിയുന്നു.
- ഊർജമാറ്റവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടാനും ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും കഴിയുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## വിലയിരുത്താം

1. "നീരാവികൊണ്ടുള്ള പൊള്ളൽ അതേ താപനിലയിലുള്ള തിളച്ചവെള്ളം മൂലമുള്ള പൊള്ളലിനേക്കാൾ മാരകമാണ്."
   - ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
   - ഭൗതികമാറ്റത്തെ ആസ്പദമാക്കി ഈ പ്രസ്താവനയെ ന്യായീകരിക്കൂ.
2. ബൾബ് പ്രകാശിക്കുമ്പോൾ പ്രകാശത്തോടൊപ്പം താപം പുറത്തുവരുന്നതു നാം മനസ്സിലാക്കിയല്ലോ.
   - വൈദ്യുതോർജത്തിന്റെ ഉപഭോഗം പരമാവധി കുറയ്ക്കാൻ ഫിലമെന്റ് ബൾബുകളേക്കാൾ നല്ലത് LED ആണ്. വിശദീകരിക്കാമോ?
   - താപം ലഭിക്കുന്നതിന് ഫിലമെന്റ് ബൾബ് ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ഉണ്ടോ? ഉദാഹരണങ്ങൾ നൽകൂ.
3. തുലാവർഷത്തിൽ ശക്തമായ ഇടിയോടുകൂടി മഴപെയ്യുകയാണ്. ഊർജമാറ്റങ്ങൾ പഠിച്ച റഹീമും ദീപയും ഇതുമായി ബന്ധപ്പെട്ട് നടത്തിയ ഒരു കളി നോക്കൂ. ഒരാൾ സന്ദർഭം പറയുമ്പോൾ മറ്റേയാൾ ഊർജമാറ്റം പറയുകയാണ്. വിട്ടഭാഗം പൂരിപ്പിക്കൂ.

| ദീപ | റഹീം |
|---|---|
| മഴപെയ്യുന്നു. | മേഘം താപം പുറത്തു വിടുന്നു. |
| ............................................ | മേഘം ഉണ്ടാവുന്നു. |
| ശബ്ദോർജം ഉണ്ടാവുന്നു. | ............................................ |
| ............................................ | പ്രകാശോർജം പുറത്തു വരുന്നു. |
| വൈദ്യുതോർജം ഉണ്ടാവുന്നു. | ............................................ |



## തുടർപ്രവർത്തനങ്ങൾ

1. വൈദ്യുതോർജം രാസോർജമായി സംഭരിച്ച് ഉപയോഗിക്കുന്ന ഏതെല്ലാം സന്ദർഭങ്ങൾ നിങ്ങൾക്കു കണ്ടെത്താനാവും?
2. യാന്ത്രികോർജത്തെ വൈദ്യുതോർജമാക്കാനായി ഒരു ചെറിയ ജനറേറ്റർ നിങ്ങൾക്കും നിർമിക്കാം.

   ആവശ്യമായ സാമഗ്രികൾ : *മിനിമോട്ടോർ, കനം കുറഞ്ഞ വയർ രണ്ടു കഷണം, LED (കുറഞ്ഞ വോൾട്ട് ഉള്ളത്).*

**നിർമാണരീതി:** മിനിമോട്ടോർ ബാറ്ററിയിലേക്കു ബന്ധിപ്പിക്കുന്ന ടെർമിനലുകൾ രണ്ടു വയർ ഉപയോഗിച്ച് LED യുമായി ബന്ധിപ്പിക്കുക. മിനിമോട്ടോറിന്റെ പുറത്തേക്ക് നിൽക്കുന്ന ഷാഫ്റ്റ് കൈകൊണ്ട് ശക്തമായി തിരിച്ചുനോക്കൂ. LED തെളിയുന്നതു കാണാം. മേശയിലോ ബെഞ്ചിലോ ഷാഫ്റ്റ് തിരിയത്തക്കവിധം മിനിമോട്ടോർ ഉരസുന്നതു LED നന്നായി പ്രകാശിക്കുന്നതിന് സഹായിക്കും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 3 പൂവിൽനിന്ന് പൂവിലേക്ക്



പൂക്കളും പൂമ്പാറ്റകളും നമുക്ക് എന്നും കൗതുകമുള്ള കാഴ്ചകളാണല്ലോ. സ്കൂളിലെ ശലഭോദ്യാനത്തിൽ ഏതൊക്കെ ശലഭങ്ങൾ വരുന്നു എന്നു നിരീക്ഷിച്ചിട്ടുണ്ടോ? എല്ലാ ശലഭങ്ങളും എല്ലാ പൂക്കളിലും വരുന്നുണ്ടോ? നാം ദിവസവും വിവിധതരം പൂക്കൾ കാണുന്നുണ്ട്. പൂന്തോട്ടത്തിൽ മാത്രമാണോ പൂക്കൾ ഉള്ളത്?

നിങ്ങൾക്ക് ഏതെല്ലാം പൂക്കളുടെ പേരറിയാം?

- 
- 
- 
- 

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എല്ലാ പൂക്കളും ഒരുപോലെയാണോ? ഏതെല്ലാം കാര്യങ്ങളിൽ വ്യത്യാസമുണ്ട്?

- ഇതളുകളുടെ എണ്ണം
-
-



രാജമല്ലി

നമ്മൾ അലങ്കാരത്തിനും ആഘോഷത്തിനുമൊക്കെ പലതരം പൂക്കൾ ഉപയോഗിക്കുന്നുണ്ടല്ലോ. സസ്യങ്ങൾക്ക് പൂക്കൾ കൊണ്ടുള്ള പ്രയോജനം എന്തായിരിക്കും?

## ഒരു പൂക്കാഴ്ച

നമുക്ക് പൂന്തോട്ടത്തിലേക്കു പോവാം. ഓരോ പൂവും ശ്രദ്ധയോടെ നിരീക്ഷിക്കൂ. പൂവിന് ഏതെല്ലാം ഭാഗങ്ങളുണ്ട്?

- എല്ലാ പൂക്കൾക്കും ഇതളുകൾ ഉണ്ടോ?
- പൂക്കളെ ചെടിയുമായി ബന്ധിപ്പിക്കുന്ന ഭാഗം ഏതാണ്?



പൂക്കൾ നിരീക്ഷിച്ച് ഭാഗങ്ങൾ കണ്ടെത്തൂ.



ഏതെങ്കിലും ഒരു പൂവിന്റെ ചിത്രം വരച്ച് അറിയാവുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തൂ.

താഴെ കൊടുത്ത ചിത്രം ഉപയോഗപ്പെടുത്തി ഏതെങ്കിലും ഒരു പൂവിന്റെ വിവിധ ഭാഗങ്ങൾ നിരീക്ഷിക്കൂ.




നിങ്ങൾ വരച്ച പൂവിന്റെ ചിത്രത്തിൽ ഈ ഭാഗങ്ങളെല്ലാം അടയാളപ്പെടുത്തിയിട്ടുണ്ടോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിവിധ പൂക്കൾ ശേഖരിക്കൂ. അവ നെടുകെ മുറിച്ച് ഹാന്റ്ലെൻസ് ഉപയോഗിച്ച് നിരീക്ഷിക്കൂ. ചിത്രത്തിൽ സൂചിപ്പിച്ച ഭാഗങ്ങൾ കാണുന്നില്ലേ?

## പൂവിന്റെ ധർമം

പൂവിന്റെ വിവിധ ഭാഗങ്ങൾ പരിചയപ്പെട്ടല്ലോ.

- ഓരോ ഭാഗത്തിന്റെയും പ്രയോജനമെന്ത്?
- പൂഞെട്ടിന്റെ ആവശ്യം എന്തായിരിക്കും?

മറ്റു ഭാഗങ്ങൾക്കും ഇതുപോലെ ഓരോ ധർമം ഉണ്ടാവില്ലേ?

പൂക്കളുടെ പ്രധാന ഭാഗങ്ങളും ധർമവും താഴെ കൊടുത്തിരിക്കുന്നു. വരച്ചു യോജിപ്പിക്കൂ.


പൂഞെട്ട് (Pedicel)


ജനിപുടം (Gynoecium)


പുഷ്പാസനം (Thalamus)

പൂവിന്റെ ഭാഗങ്ങൾക്ക് ഇരിപ്പിടം ഒരുക്കുന്നു.

പൂവിന് നിറവും മണവും ആകർഷകത്വവും നൽകുന്നു.

പൂവിലെ ആൺലിംഗാവയവം (പരാഗിയും തന്തുകവും ചേർന്നത്)

പൂവിലെ പെൺലിംഗാവയവം (പരാഗണ സ്ഥലം, ജനിദണ്ഡ്, അണ്ഡാശയം എന്നിവ ചേർന്നത്)

പൂവിനെ ചെടിയുമായി ബന്ധിപ്പിച്ചു നിർത്തുന്നു.

മൊട്ടായിരിക്കുമ്പോൾ പൂവിനെ സംരക്ഷിക്കുന്നു. വിരിഞ്ഞതിനുശേഷം ദളങ്ങളെ താങ്ങി നിർത്തുന്നു.


വിദളം (Calyx)


കേസരപുടം (Androecium)


ദളം (Corolla)

ഒരു പൂവിന്റെ നെടുകെയുള്ള ഛേദമാണ് താഴെ കൊടുത്തിരിക്കുന്നത്. ഓരോ ഭാഗവും അടയാളപ്പെടുത്തി അതിന്റെ ധർമം എഴുതൂ.


പൂവിന്റെ നെടുകെയുള്ള ഛേദം

....................................................................

....................................................................

....................................................................

....................................................................

....................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സസ്യത്തിൽ ഏതു ഭാഗത്താണ് ഫലവും വിത്തും ഉണ്ടാവുന്നത്?
- വിത്തുണ്ടാകുന്നതുകൊണ്ട് സസ്യത്തിനുള്ള പ്രയോജനം എന്ത്?
- അപ്പോൾ പൂക്കളുടെ ധർമം എന്തായിരിക്കും?

## പൂക്കൾ


മാമ്പൂക്കുല

പൂക്കളിൽനിന്നാണ് ഫലങ്ങൾ ഉണ്ടാവുന്നത് എന്നും ഫലത്തിനുള്ളിലെ വിത്തു മുളച്ചാണ് തൈച്ചെടികൾ ഉണ്ടാവുന്നത് എന്നും അറിയാമല്ലോ. ജീവിവർഗം അവയുടെ തുടർച്ച നിലനിർത്തുന്നതിന് പുതിയ തലമുറയെ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയാണ് പ്രത്യുൽപ്പാദനം. സസ്യങ്ങളിൽ പ്രത്യുൽപ്പാദനം എന്ന ധർമം നിർവഹിക്കുന്നത് പൂക്കൾ ആണ്. സസ്യങ്ങളുടെ ലൈംഗികാവയവമാണ് പൂക്കൾ.


മാങ്ങ

- പൂക്കളിൽ എങ്ങനെയാണ് പ്രത്യുൽപ്പാദനം എന്ന പ്രക്രിയ നടക്കുന്നത്?

പൂക്കളുടെ പ്രധാന ഭാഗങ്ങളും ധർമവും പരിചയപ്പെട്ടല്ലോ. ഇനി പൂക്കളെ കുറച്ചുകൂടി സൂക്ഷ്മമായി നിരീക്ഷിക്കാം. പൂവിലെ പൂമ്പൊടി പലപ്പോഴും കൈയിൽ പറ്റിപ്പിടിക്കാറില്ലേ. പൂമ്പൊടി സ്ലൈഡിൽ വച്ച് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കൂ. പൂമ്പൊടിയെ പരാഗരേണുക്കൾ എന്നും പറയുന്നു.


പൂമ്പൊടി മൈക്രോസ്കോപ്പിലൂടെ

ഒരു പൂവെടുത്ത് കേസരപുടവും ജനിപുടവും ഹാന്റ്ലെൻസ് ഉപയോഗിച്ച് നിരീക്ഷിക്കൂ. താഴെ കൊടുത്ത ഭാഗങ്ങൾ കാണുന്നില്ലേ?

നിരീക്ഷിച്ച ഭാഗങ്ങൾ ശാസ്ത്രപുസ്തകത്തിൽ വരച്ച് അടയാളപ്പെടുത്തൂ.

**ജനിപുടം (Gynoecium)**




അണ്ഡാശയത്തിലെ ഒവ്യൂളിന് അകത്താണ് അണ്ഡം കാണപ്പെടുന്നത്.

**കേസരപുടം (Androecium)**




കേസരപുടത്തിലെ പരാഗിയിലുള്ള പരാഗരേണുക്കളിലാണ് പുംബീജം കാണപ്പെടുന്നത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പൂവിന്റെയുള്ളിൽ

മത്തൻ, വെള്ളരി, ചെമ്പരത്തി, പാവൽ, തെച്ചി, ശംഖുപുഷ്പം, ചെമ്പകം, പടവലം തുടങ്ങിയ പൂക്കൾ ഹാന്റ്ലെൻസ് ഉപയോഗിച്ച് നിരീക്ഷിക്കൂ. കേസരപുടവും ജനിപുടവും കാണുന്നുണ്ടോ?



അരളി



മത്തൻ



മത്തൻ



പാവൽ



പാവൽ



ശംഖുപുഷ്പം

നിരീക്ഷിച്ച പൂക്കളെ താഴെ സൂചിപ്പിച്ച രീതിയിൽ തരംതിരിക്കൂ.

| ഒരേ പൂവിൽ കേസരപുടവും ജനിപുടവും കാണുന്നത്. (ദ്വിലിംഗപുഷ്പം - Bisexual flower) | കേസരപുടവും ജനിപുടവും വെവ്വേറെ പൂക്കളിൽ കാണുന്നത്. (ഏകലിംഗപുഷ്പം - Unisexual flower) |
|---|---|
| • | • |
| • | • |
| • | • |
| • | • |

പട്ടിക പരിശോധിക്കൂ. എന്തെല്ലാം നിഗമനങ്ങൾ രൂപീകരിക്കാം?

### ആൺപൂവും പെൺപൂവും

കേസരപുടം മാത്രമുള്ള പൂക്കൾ ആൺപൂക്കളും ജനിപുടം മാത്രമുള്ള പൂക്കൾ പെൺപൂക്കളും ആണ്. മത്തൻ, വെള്ളരി, പാവൽ, പടവലം, കുമ്പളം, തെങ്ങ്, കവുങ്ങ് തുടങ്ങിയവയിൽ ആൺപൂക്കളും പെൺപൂക്കളും ഉണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വിത്തായി മാറാൻ

പൂക്കളിൽ എങ്ങനെയാണ് വിത്തുണ്ടാവുന്നത്? ഇതിനു ചില പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. പരാഗരേണുക്കളിൽനിന്ന് പുംബീജം അണ്ഡാശയത്തിലെത്തി അണ്ഡവുമായി കൂടിച്ചേരണം. പുംബീജം അണ്ഡവുമായി കൂടിച്ചേരുന്ന പ്രവർത്തനമാണ് ബീജസങ്കലനം (Fertilization). ബീജസങ്കലനശേഷം ചെടിയിൽ ഫലം ഉണ്ടാവുന്നു.

ചിത്രം നിരീക്ഷിക്കൂ.






### ആൺമരവും പെൺമരവും

കുടപ്പന, കുടംപുളി, ജാതി തുടങ്ങിയ സസ്യങ്ങളിൽ ആൺമരവും പെൺമരവും ഉണ്ട്. ആൺമരത്തിൽ ആൺപൂക്കൾ മാത്രവും പെൺമരത്തിൽ പെൺപൂക്കൾ മാത്രവുമാണ് കാണുന്നത്.



കുടപ്പന



ജാതി

- പുംബീജം എവിടെയാണ് കാണപ്പെടുന്നത്?
- അണ്ഡം എവിടെയാണ് കാണപ്പെടുന്നത്?
- ബീജസങ്കലനം നടക്കുന്നത് എവിടെ വച്ചാണ്?

ബീജസങ്കലനം നടക്കണമെങ്കിൽ ആദ്യം കേസരപുടത്തിലെ പരാഗിയിൽനിന്ന് പരാഗരേണുക്കൾ പരാഗണസ്ഥലത്ത് എത്തണം. അവിടെനിന്ന് പുംബീജം അണ്ഡാശയത്തിൽ എത്തണം. പരാഗരേണുവും പുംബീജവും സഞ്ചരിക്കേണ്ട പാത ചിത്രത്തിൽ വരച്ചുചേർക്കൂ.




വണ്ട് പറഞ്ഞത് കേട്ടില്ലേ? മറ്റെന്ത് ജോലിയാണ് വണ്ട് ചെയ്യുന്നത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പൂമ്പാറ്റച്ചിറകിലേറി

പരാഗിയിൽനിന്ന് പരാഗരേണുക്കൾ ആദ്യം എത്തേണ്ടത് പരാഗണസ്ഥലത്ത് ആണല്ലോ. ഇത് എങ്ങനെ സംഭവിക്കും? ആരൊക്കെയാണ് ഇതിന് സഹായിക്കുന്നത്?





**പരാഗണം (Pollination)**

പരാഗിയിൽനിന്ന് പരാഗരേണുക്കൾ പരാഗണസ്ഥലത്ത് പതിക്കുന്നതാണ് പരാഗണം. പരാഗണത്തിന് സഹായിക്കുന്ന ഘടകങ്ങളാണ് പരാഗണകാരികൾ (Pollinating agents).

ഏതെല്ലാം ജീവികളാണ് പരാഗണത്തിന് സഹായിക്കുന്നത്?

- 
- 

## ശലഭമേ നിനക്കായ്

പൂമ്പാറ്റകളും തേനീച്ചകളും പക്ഷികളും പ്രാണികളുമൊക്കെ പൂവിൽ വരുന്നുണ്ടല്ലോ.

ഈ പരാഗണകാരികളെ ആകർഷിക്കാൻ എന്തെല്ലാം സവിശേഷതകൾ പൂക്കളിലുണ്ട്?

- 
- 



**ദുർഗന്ധമുള്ള പൂക്കളും**

ചേനപ്പൂവിന്റെ ഗന്ധം അനുഭവിച്ചിട്ടുണ്ടോ? നമുക്കത് ദുർഗന്ധമാണ്. ചേനയിലും ചേമ്പിലുമൊക്കെ പരാഗണം നടത്തുന്നത് ഈച്ചകളാണ്. ഈച്ചകളെ ആകർഷിക്കാനാണ് ഈ ദുർഗന്ധം.



ചില പൂക്കളുടെ സവിശേഷതകൾ ശ്രദ്ധിക്കൂ.


അരിപ്പൂവ്


വെള്ളില


ബോഗൻവില്ല



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ചെറിയ പൂക്കൾ കൂട്ടങ്ങളായി കാണുന്നത് എന്തിനായിരിക്കും?
- വെള്ളിലയിൽ പൂവിനോടു ചേർന്നുള്ള ഇലകൾ നിറംമാറി പൂപോലെ തോന്നിപ്പിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്ത്?
- ബോഗൻവില്ലയിൽ നിറം മാറി കാണുന്ന ഭാഗങ്ങൾ പൂക്കളാണോ?

പരാഗണകാരികളുടെ ശ്രദ്ധയാകർഷിക്കാൻ പൂക്കൾക്കുള്ള പല സവിശേഷതകളും മനസ്സിലാക്കിയല്ലോ. ചുറ്റുപാടുമുള്ള പൂക്കൾ നിരീക്ഷിച്ച് ഓരോന്നിന്റെയും പ്രത്യേകതകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ. എല്ലാ പൂക്കളിലും പരാഗണം നടത്തുന്നത് ജന്തുക്കളാണോ?

## കാറ്റിലൊഴുകി

നെൽച്ചെടിയുടെ പൂക്കൾ കണ്ടിട്ടുണ്ടോ? പൂത്തുനിൽക്കുന്ന നെൽച്ചെടികൾ കാറ്റിലാടുന്നത് ശ്രദ്ധിച്ചിട്ടില്ലേ.

നെൽച്ചെടിയുടെ പൂവിന്റെ പൂമ്പൊടി എങ്ങനെയായിരിക്കും പരാഗണസ്ഥലത്ത് എത്തുന്നത്?

ഇത്തരം പൂക്കളുടെ ചില സവിശേഷതകൾ നോക്കൂ.

- ധാരാളം പൂമ്പൊടി ഉണ്ടായിരിക്കും.
- പരാഗണരേണുക്കൾ ഭാരം കുറഞ്ഞവയായിരിക്കും.


നെൽച്ചെടിയുടെ പൂവ്

> കാറ്റ്, ജലം എന്നിവയും പരാഗണകാരികളാണ്. നെല്ല്, ഗോതമ്പ്, ചോളം, കരിമ്പ് എന്നിവയിൽ പരാഗണം നടക്കുന്നത് കാറ്റു വഴിയാണ്. കുരുമുളകു ചെടിയിൽ ജലമാണ് (മഞ്ഞുതുള്ളി) പരാഗണകാരി.


കുരുമുളക്

ഏതു കാലത്തായിരിക്കും കുരുമുളകിൽ പരാഗണം നടക്കുന്നത്?

പൂക്കളുടെ സവിശേഷതകൾ നോക്കി പരാഗണകാരിയെ കണ്ടെത്താൻ കഴിയുമോ?

ചില പൂക്കളുടെ സവിശേഷതകൾ ശ്രദ്ധിക്കൂ. താഴെ പറയുന്നവയിൽ ഏതു പരാഗണകാരിക്കാണ് ഈ സവിശേഷതകൾ അനുയോജ്യമാവുന്നത്?

- ഭാരം കുറഞ്ഞ പരാഗരേണുക്കൾ - ______
- വർണഭംഗിയുള്ള പൂക്കൾ - ______
- രാത്രി വിരിയുന്ന വെളുത്ത പൂക്കൾ - ______
- ഈർപ്പത്തിലൂടെയുള്ള പരാഗണം - ______

ജലം (മഞ്ഞുതുള്ളി), നിശാശലഭം, കാറ്റ്, തേനീച്ച



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





### കൃത്രിമപരാഗണം (Artificial Pollination)

മികച്ച വിത്തിനങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് ഗുണമേന്മയുള്ള ചെടിയിൽനിന്ന് പരാഗരേണുക്കൾ ശേഖരിച്ച് മറ്റൊരു പൂവിന്റെ പരാഗണസ്ഥലത്ത് വിതറാറുണ്ട്. ഇതാണ് കൃത്രിമപരാഗണം. മെക്സിക്കൻ കാടുകളിൽ വളരുന്ന വാനിലയിൽ പരാഗണം നടത്തുന്നത് മെലിപ്പോണ ഇനത്തിൽപ്പെട്ട തേനീച്ചകളാണ്. വാനില നമ്മുടെ നാട്ടിൽ കൊണ്ടുവന്ന് കൃഷിചെയ്യുമ്പോൾ ഈ പ്രാണികൾ ഇല്ലാത്തതു കാരണം നമുക്ക് കൃത്രിമ പരാഗണം നടത്തേണ്ടിവരുന്നു.

## പരാഗരേണുക്കളുടെ യാത്ര

ഒരു പൂവിലെ പരാഗരേണുക്കൾ അതേ ഇനത്തിൽപ്പെട്ട പൂവിൽത്തന്നെ പതിക്കണമെന്നുണ്ടോ? അത് പല പൂക്കളുടെയും പരാഗണസ്ഥലത്ത് വീഴില്ലേ?

താഴെ പറയുന്ന സന്ദർഭങ്ങളിൽ ഏതിലാണ് പരാഗണം ഫലവത്താകുന്നത്?

✓ അടയാളം ഇടൂ.

- മത്തൻപൂവിലെ പരാഗരേണുക്കൾ കുമ്പളപ്പൂവിലെ പരാഗണസ്ഥലത്തു പതിക്കുന്നു. ☐
- കുമ്പളപ്പൂവിലെ പരാഗരേണുക്കൾ കുമ്പളപ്പൂവിലെ പരാഗണസ്ഥലത്തു പതിക്കുന്നു. ☐

പരാഗരേണുക്കൾ അതേ ഇനം പൂക്കളുടെ പരാഗണസ്ഥലത്ത് പതിക്കുമ്പോൾ മാത്രമാണ് പരാഗണം ഫലവത്താകുന്നത്. മറ്റ് ഇനം പൂക്കളുടെ പരാഗണസ്ഥലത്തു വീഴുന്ന പൂമ്പൊടികൾ നശിച്ചുപോവുന്നു.

പരാഗണം ഏതെല്ലാം തരത്തിൽ നടക്കാം? ചിത്രങ്ങൾ ശ്രദ്ധിക്കൂ.



സ്വപരാഗണം



സ്വപരാഗണം



പരപരാഗണം

- സ്വപരാഗണവും പരപരാഗണവും എന്ത് എന്നു വിശദീകരിക്കൂ. ശാസ്ത്ര പുസ്തകത്തിൽ എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സ്വപരാഗണം - - - - - - - - - - - - - - - - -

പരപരാഗണം - - - - - - - - - - - - - - - - -

സ്വപരാഗണം രണ്ടു തരത്തിൽ ഉണ്ടല്ലോ. വെള്ളരി, പാവൽ, മത്തൻ തുടങ്ങിയവയിൽ ഈ രണ്ടു രീതികളിലും പരാഗണം നടക്കുമോ? എന്തുകൊണ്ട്?

## കൊഴിയുന്ന ഇതളുകൾ

പരാഗണത്തിനുശേഷം പുംബീജം അണ്ഡാശയത്തിലെത്തി അണ്ഡവുമായി ചേരുകയും ഫലം ഉണ്ടാവുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ഇതളുകളും കേസരപുടവും ഉണങ്ങി കൊഴിഞ്ഞുപോകുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?

ഇതളുകൾ ഉണങ്ങിത്തുടങ്ങിയ ഒരു പൂവ് ഹാൻഡ്‌ലെൻസിലൂടെ നിരീക്ഷിക്കൂ.

- ഏതൊക്കെ ഭാഗങ്ങളാണ് നിലനിൽക്കുന്നത്?

പൂവ് ഫലമായി മാറുമ്പോൾ ഓരോ ഭാഗത്തിനും എന്തു മാറ്റമുണ്ടായി?


തക്കാളിപ്പൂവ്


തക്കാളിഫലം


വെള്ളരിപ്പൂവ്


വെള്ളരിഫലം

| ഭാഗം | മാറ്റം |
|---|---|
| പൂഞെട്ട് | |
| പുഷ്പാസനം | |
| വിദളം | |
| ദളം | |

പട്ടിക പൂർത്തിയാക്കി ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചിത്രങ്ങൾ നിരീക്ഷിക്കൂ.



കുമ്പളം പൂവ്



കുമ്പളത്തിന്റെ ഛേദം - നെടുകെയും കുറുകെയും

- ഏതു ഭാഗം വളർന്നാണ് വിത്ത് ഉണ്ടായത്?
- ഏതു ഭാഗം വളർന്നാണ് ഫലം ഉണ്ടായത്?

പൂവിൽ നിന്നാണല്ലോ ഫലം ഉണ്ടാവുന്നത്. അപ്പോൾ പൂക്കളുടെ ചില പ്രത്യേകതകൾ ഫലങ്ങളിലും കാണില്ലേ.

### ഒരു ഫലം മാത്രം

താഴെ കൊടുത്ത ചിത്രങ്ങൾ നിരീക്ഷിക്കൂ.



മാമ്പൂവ്



മാമ്പഴം



തക്കാളിപ്പൂവ്



തക്കാളി

ഇവയിൽ ഒരു പൂവിൽനിന്ന് ഒരു ഫലം മാത്രമാണ് ഉണ്ടാവുന്നത്. ഇത്തരം ഫലങ്ങളാണ് ലഘുഫലങ്ങൾ (Simple fruits).

ലഘുഫലങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

- മാമ്പഴത്തിൽ എത്ര വിത്ത് ഉണ്ട്?
- തക്കാളിയിൽ ഒരു വിത്ത് മാത്രമാണോ ഉള്ളത്?
- വിത്തുകളുടെ എണ്ണത്തിൽ മാറ്റമുണ്ടാവാനുള്ള കാരണം എന്ത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒറ്റ വിത്തുള്ള ഫലങ്ങൾക്കും ഒന്നിലധികം വിത്തുള്ള ഫലങ്ങൾക്കും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

## ഒരു പൂവ്, ഒന്നിലധികം ഫലം

ചെമ്പകപ്പൂവ് കണ്ടിട്ടില്ലേ? ഒരു പൂവ് എടുത്ത് ഇതളുകൾ മാറ്റി അണ്ഡാശയം, ജനിപുടം എന്നിവ നിരീക്ഷിക്കൂ. ഹാന്റ്ലെൻസ് ഉപയോഗിക്കണം.


ചെമ്പകപ്പൂവ്


ചെമ്പകം-ജനിപുടം

ഒരു പൂവിൽ ഒരു അണ്ഡാശയം മാത്രമാണോ ഉള്ളത്?

അപ്പോൾ ഒരു പൂവിൽനിന്ന് എത്ര ഫലം ഉണ്ടാവും?

ഒരു പൂവിൽനിന്ന് ഒന്നിലധികം ഫലം ഉണ്ടാവുന്നു എങ്കിൽ അത്തരം ഫലങ്ങളെ പുഞ്ജഫലം (Aggregate fruit) എന്നു പറയുന്നു. സീതപ്പഴം, ബ്ലാക്ക്ബറി, അരണമരക്കായ് എന്നിവ പുഞ്ജഫലങ്ങളാണ്.


സീതപ്പഴം പൂവ്


സീതപ്പഴം


അരണമരക്കായ്

## ഒന്നല്ലെങ്കിലും ഒന്നായ്

പ്ലാവിന്റെ പൂവ് കണ്ടിട്ടുണ്ടോ? അനേകം ചെറുപൂക്കൾ ഒരു പൊതുതണ്ടിൽ ക്രമീകരിച്ചിരിക്കുന്നു. പ്ലാവിന്റെ പൂങ്കുല ഹാന്റ്ലെൻസിലൂടെ നിരീക്ഷിക്കൂ.

പ്ലാവിന്റെ ഒരു പൂങ്കുലയിൽ നൂറുകണക്കിന് പൂക്കൾ ഉണ്ട്. ഈ പൂങ്കുലയിൽനിന്ന് എത്ര ഫലങ്ങൾ ഉണ്ടാവും? ഇങ്ങനെയുണ്ടാവുന്ന ഓരോ ഫലമാണ് ചക്കച്ചുള; വിത്ത് ചക്കക്കുരുവും. ബീജസങ്കലനം നടന്ന് ഫലമായി മാറാത്ത പൂക്കളോ?


പ്ലാവ് പൂങ്കുല



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവ ചവിണിയായി മാറുന്നു. ഇവയെല്ലാം ഒരു പൊതു ആവരണത്തിനുള്ളിൽ ക്രമീകരിക്കപ്പെട്ട് ഒരു ഫലം പോലെ ആവുന്നു. ഇത്തരം ഫലങ്ങളാണ് സംയുക്തഫലങ്ങൾ (Multiple fruits).



ചക്ക, ഛേദം



കൈതച്ചക്കപ്പൂവ്



കൈതച്ചക്ക ഫലം

ചക്കയിൽ ഫലമാണോ ഫലമാവാത്ത പൂക്കൾ ആണോ കൂടുതൽ?

പലതരം ഫലങ്ങൾ പരിചയപ്പെട്ടില്ലേ. വീട്ടിൽ ഉപയോഗിക്കുന്ന ഫലങ്ങൾ പരിശോധിച്ച് പൂക്കളുടെ അണ്ഡാശയത്തിന്റെ സവിശേഷതകൾ കണ്ടെത്തൂ. താഴെ കൊടുത്ത സൂചനകൾ ഉപയോഗപ്പെടുത്തണം.

- ഒരു പൂവിൽ എത്ര അണ്ഡാശയം ഉണ്ട്?
- അണ്ഡാശയത്തിൽ ഒന്നിലധികം ഒവ്യൂൾ ഉണ്ടോ?
- അണ്ഡാശയത്തിൽ ഒവ്യൂളുകളുടെ ക്രമീകരണം എങ്ങനെ?

## വേഷം മാറിയവർ

ബീജസങ്കലനശേഷം അണ്ഡാശയം വളർന്നാണ് ഫലമുണ്ടാവുന്നത് എന്നു കണ്ടെത്തിയല്ലോ. താഴെ കൊടുത്ത ചിത്രങ്ങൾ പരിശോധിക്കൂ.



കശുമാവിൻ പൂക്കൾ

പൂഞെട്ട്



കശുവണ്ടി



കശുമാങ്ങ

ഏതു ഭാഗം വളർന്നാണ് കശുമാങ്ങ ഉണ്ടായത്?

ചില സസ്യങ്ങളിൽ പൂഞെട്ട്, പുഷ്പാസനം തുടങ്ങിയ ഭാഗങ്ങൾ വളർന്ന് ഫലം പോലെയാവുന്നു. ഇവയാണ് കപടഫലങ്ങൾ (False fruits).



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






ആപ്പിൾ ഛേദം

സഫർജൽ ഛേദം

ഒരു സസ്യത്തിലെ വിത്തുകൾ വിതരണം ചെയ്യപ്പെടുന്നത് എങ്ങനെയെന്ന് മുമ്പു പഠിച്ചിട്ടുണ്ടല്ലോ. കപടഫലങ്ങളുടെ ആവശ്യം എന്തെന്ന് വിത്തുവിതരണത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കൂ. കശുമാങ്ങ, ആപ്പിൾ എന്നിവ പരിശോധിച്ച് യഥാർഥഫലവും മറ്റു ഭാഗങ്ങൾ വളർന്നുണ്ടായ ഭാഗവും കണ്ടെത്തൂ.

## പൂവും പഴവും

താഴെ കൊടുത്ത ചിത്രങ്ങൾ പരിശോധിക്കൂ. ഓരോ ഫലവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തൂ.



സ്ട്രോബറി ഫലം



മുളക്



അടയ്ക്കക്കുല

പൂക്കൾ കുലകളായി കാണുന്നു.

ഒരു പൂവിൽ ഒന്നിലധികം അണ്ഡാശയം.

പൂക്കൾ ഓരോന്നായി കാണുന്നു.

വലുതും ചെറുതുമായി എത്ര പൂക്കൾ നാം ദിവസവും കാണുന്നു! എത്രതരം ഫലങ്ങൾ ഉപയോഗിക്കുന്നു! ഇവയെല്ലാം സൂക്ഷ്മമായി നിരീക്ഷിക്കാറുണ്ടോ? ചുറ്റുപാടും കാണുന്ന പുൽച്ചെടികൾ, വള്ളികൾ, മറ്റു സസ്യങ്ങൾ തുടങ്ങിയവ നിരീക്ഷിക്കൂ. അവയിലുണ്ടാവുന്ന പൂക്കളും പരാഗണം നടത്തുന്ന പ്രാണികളും എത്ര കൗതുകകരമാണ്! നിരീക്ഷണക്കുറിപ്പ് ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ. പൂക്കളുടെയും ഫലങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബത്തിൽ തരം തിരിച്ച് ഒട്ടിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- പൂവിന്റെ പ്രധാന ഭാഗങ്ങളും ധർമവും തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.
- പൂക്കളെ ഏകലിംഗപുഷ്പം, ദ്വിലിംഗപുഷ്പം എന്നിങ്ങനെ തരംതിരിക്കാൻ കഴിയുന്നു.
- പരാഗണം, സ്വപരാഗണം, പരപരാഗണം എന്നീ ആശയങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.
- പരാഗണകാരികളും പൂവിന്റെ സവിശേഷതകളും തമ്മിലുള്ള ബന്ധം കണ്ടെത്താൻ കഴിയുന്നു.
- ഫലങ്ങളെ ലഘുഫലം, പുഞ്ജഫലം, സംയുക്തഫലം എന്നിങ്ങനെ തരം തിരിക്കാൻ കഴിയുന്നു.
- ശലഭോദ്യാനം സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

## വിലയിരുത്താം

1. ചിത്രം നിരീക്ഷിക്കൂ.



പാവൽപ്പൂവിനെക്കുറിച്ച് എന്തെല്ലാം നിഗമനങ്ങൾ രൂപീകരിക്കാം?

2. ബീജസങ്കലനശേഷം പൂവിതൾ, കേസരപുടം എന്നിവ കൊഴിഞ്ഞുപോകുന്നു. പൂഞെട്ട്, പുഷ്പാസനം, വിദളം എന്നിവ കൂടുതൽ ഉറപ്പുള്ളതാവുന്നു. ഇതിന്റെ കാരണം വിശദീകരിക്കൂ?

## തുടർപ്രവർത്തനങ്ങൾ

1. കുരുമുളക് തിരിയിടുന്നത് ഏതു കാലത്താണെന്നു നിരീക്ഷിക്കൂ.
2. തേൻകുടിക്കുന്ന പക്ഷികളുടെ ചുണ്ടിന്റെ സവിശേഷത നിരീക്ഷിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 4 ചലനത്തിനൊപ്പം

ഭൂമിയിലുള്ള വസ്തുക്കളിൽ ചലിക്കാത്തവ ഏതെല്ലാമാണ്?

ഈ ചോദ്യവുമായാണ് അന്ന് ബിന്ദുടീച്ചർ ക്ലാസിലെത്തിയത്.

കെട്ടിടങ്ങൾ, പാറകൾ, പർവതങ്ങൾ.........

കുട്ടികളുടെ ഉത്തരങ്ങൾ നീണ്ടുപോയി. ഇവയെല്ലാം നിത്യവും അതിവേഗം ചലിക്കുന്നുണ്ടെന്ന് ടീച്ചർ പറഞ്ഞപ്പോൾ കുട്ടികൾക്ക് അദ്ഭുതമായി.

“ശ്ശെടാ ... അപ്പോൾ നാം സ്കൂൾ വിട്ട് വീട്ടിലെത്തുമ്പോഴേക്കും വീട് അവിടെ കാണില്ലല്ലോ?” അശ്വതിയുടെ പ്രതികരണമാണിത്. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ?

**ചിത്രം നോക്കൂ.**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എല്ലാ ഗ്രഹങ്ങളും സൂര്യനു ചുറ്റും ചലിക്കുന്നുണ്ടെന്ന് അറിയാമല്ലോ. ടീച്ചർ പറഞ്ഞ കാര്യത്തെ ഗ്രഹങ്ങളുടെ ചലനം അടിസ്ഥാനമാക്കി വിശദീകരിക്കാൻ കഴിയുമോ? താഴെ കൊടുത്ത സൂചനകൾ അടിസ്ഥാനമാക്കി ചർച്ചചെയ്യൂ.

- ഭൂമിയുടെ ഏതെല്ലാം ചലനങ്ങൾ നിങ്ങൾക്കറിയാം?
- ഭൂമി ചലിക്കുമ്പോൾ അതോടൊപ്പം എന്തെല്ലാം ചലിക്കും?
- നിങ്ങൾക്ക് ഒരു നിമിഷമെങ്കിലും ചലിക്കാതിരിക്കാൻ കഴിയുമോ?

ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ഭൂമിയോടൊപ്പം ചലിക്കുന്നുണ്ട്. ബഹിരാകാശത്തുനിന്ന് നോക്കിയാലേ ഈ ചലനം നമുക്കു തിരിച്ചറിയാനാവൂ.



**എന്തൊരു വേഗം!**

ഭൂമി സ്വയം തിരിയുന്നത് ഭൂമധ്യരേഖാ പ്രദേശത്ത് മണിക്കൂറിൽ ഏകദേശം 1667 km വേഗത്തിലാണ്. സൂര്യനെ ചുറ്റുന്നതാവട്ടെ, മണിക്കൂറിൽ ഏതാണ്ട് 1,06,000 km വേഗത്തിലും. ഒരിടത്ത് ഇരിക്കുമ്പോൾ പോലും നാം എത്ര വേഗം ചലിക്കുന്നു!



*IT@School Edubuntu വിൽ School Resources ലെ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ചലിക്കുന്നു എന്ന ഭാഗം കാണുമല്ലോ.*

## ചലനം ശരീരത്തിനുള്ളിലും



സുഹൃത്തിന്റെ നെഞ്ചിനോട് നിങ്ങളുടെ ചെവി ചേർത്തു വച്ചുനോക്കൂ. എന്താണ് അനുഭവപ്പെടുന്നത്? നിങ്ങൾ കേൾക്കുന്ന ശബ്ദത്തിന്റെ കാരണമെന്താണ്? നിങ്ങളുടെ ശരീരത്തിനകത്ത് എന്തെല്ലാം ചലനങ്ങൾ നടക്കുന്നുണ്ട്?

- രക്തപര്യയനം
-
-

## ചലനം നമുക്കു ചുറ്റും

ഒരു പേപ്പറെടുത്ത് വീശൂ. വായുവിന്റെ ചലനം അനുഭവപ്പെടുന്നില്ലേ?

വായുവിന്റെ ചലനം തിരിച്ചറിഞ്ഞ മറ്റു സന്ദർഭങ്ങൾ ഏതെല്ലാമാണ്?

- കടൽത്തീരത്ത് ഇരിക്കുമ്പോൾ
-
-



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇനിയും എന്തെല്ലാം ചലനങ്ങൾ നിങ്ങൾക്ക് ചുറ്റും സംഭവിക്കുന്നുണ്ട്? പട്ടികയാക്കൂ.

- 
- 

നമുക്കു ചുറ്റും ഒട്ടേറെ ചലനങ്ങൾ എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു മനസ്സിലായില്ലേ.

## ബലവും ചലനവും

ഒരു വസ്തു എപ്പോഴാണ് ചലിക്കാൻ തുടങ്ങുന്നത്? വേഗത്തിലുള്ളതും സാവധാനത്തിലുള്ളതുമായ പലതരം ചലനങ്ങൾ നിങ്ങൾ കണ്ടിട്ടില്ലേ. എന്താണ് ഈ വ്യത്യാസങ്ങൾക്കു കാരണം?

താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്യൂ.

| | | |
|---|---|---|
| 1. | ഡെസ്ക്കിന്റെ ഒരറ്റത്ത് ഗോലി വച്ച് വിരൽ കൊണ്ട് തട്ടുക. |  |
| 2. | ഗോലി ഡെസ്ക്കിലൂടെ പതുക്കെ ഉരുട്ടി വിടുക. അതിന്റെ പാത തടസ്സപ്പെടുത്തി നിങ്ങളുടെ കൈവയ്ക്കുക. |  |
| 3. | ഗോലി ഡെസ്ക്കിലൂടെ സാമാന്യം വേഗത്തിൽ ഉരുട്ടുക. അതിന്റെ പാതയിൽ ഒരു സ്കെയിൽ അൽപ്പം ചരിച്ചു പിടിക്കുക. |  |
| 4. | ഗോലി ഡെസ്ക്കിലൂടെ പതുക്കെ ഉരുട്ടി വിടുക. അതേ ദിശയിൽ മറ്റൊരു ഗോലി കൂടുതൽ വേഗത്തിൽ ഉരുട്ടി ആദ്യത്തേതുമായി കൂട്ടിമുട്ടിക്കുക. |  |

- നിശ്ചലമായ ഗോലി ചലിക്കാൻ തുടങ്ങിയത് എപ്പോഴാണ്?
- ചലിക്കുന്ന ഗോലി നിശ്ചലമായത് എപ്പോഴാണ്?
- ചലിക്കുന്ന ഗോലിയുടെ ദിശ മാറിയത് എപ്പോൾ?
- ഉരുട്ടിവിട്ട ഗോലിയുടെ ചലനവേഗം കൂടിയത് എപ്പോഴാണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഓരോ സന്ദർഭത്തിലും ബലത്തിന്റെ പ്രയോഗം ചലനത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്? ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

- നിശ്ചലമായിരുന്ന ഗോലി ചലിച്ചു.
-
-
-



പന്തു കളിക്കുന്നവരും കളി കാണുന്നവരുമാണല്ലോ നാം. കളിക്കാർ എന്തെല്ലാം ആവശ്യങ്ങൾക്കാണ് പന്തിൽ ബലം പ്രയോഗിക്കുന്നത്?

- നിശ്ചലമായ പന്തിനെ ചലിപ്പിക്കാൻ.
-
-
-

**ബലവും ചലനവും (Force and Motion)**

നിശ്ചലാവസ്ഥയിലുള്ള വസ്തുക്കൾ ബലം പ്രയോഗിച്ച് ചലിപ്പിക്കാം. ചലിക്കുന്ന വസ്തുക്കളെ നിശ്ചലമാക്കാനും ബലം പ്രയോഗിക്കുന്നതിലൂടെ സാധിക്കും. ചലനത്തിന്റെ ദിശ, മാറ്റാനും ചലനവേഗം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാനും ബലം പ്രയോഗിക്കണം.

*IT@School Edubuntu വിൽ School Resources ലെ ബലവും ചലനവും എന്ന ഭാഗം കാണുമല്ലോ.*

## ചലനം പലവിധം

ഈ പ്രവർത്തനങ്ങൾ ചെയ്തുനോക്കൂ.







- ഷാർപ്നർ കൊണ്ട് പെൻസിൽ കൂർപ്പിക്കുക.
- പെൻസിൽ കോമ്പസിൽ ഘടിപ്പിച്ച് വൃത്തം വരയ്ക്കുക.
- പെൻസിൽ സ്കെയിലിനോട് ചേർത്തു വച്ച് ഒരു നേർരേഖ വരയ്ക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഓരോ സന്ദർഭത്തിലും പെൻസിലിന്റെ ചലനം എപ്രകാരമായിരുന്നു?

1. _ _ _ _ _ _ _ _ _ _ _ _

2. _ _ _ _ _ _ _ _ _ _ _ _

3. _ _ _ _ _ _ _ _ _ _ _ _

താഴെ പറയുന്ന ചലനങ്ങൾ നോക്കൂ. പെൻസിലിന്റെ വിവിധ ചലനങ്ങളുമായി സമാനതകളുള്ളവ ഏതെല്ലാമാണ്?



*കയറിൽ കെട്ടിയ കല്ല് വട്ടത്തിൽ കറക്കുന്നു.*



*പമ്പരം കറങ്ങുന്നു.*



*മാമ്പഴം ഞെട്ടറ്റ് വീഴുന്നു.*



*വാഹനങ്ങളുടെ ചക്രം കറങ്ങുന്നു.*



*ലിഫ്റ്റ് ഉയരുന്നു.*



*വൃത്ത പാതയിലൂടെ കളിത്തീവണ്ടി ഓടുന്നു.*

സമാനസ്വഭാവമുള്ളവയെ കൂട്ടങ്ങളാക്കൂ. ഓരോ വിഭാഗത്തിലും കൂടുതൽ ഉദാഹരണങ്ങൾ കൂട്ടിച്ചേർത്ത് ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

| **ഷാർപ്നർ ഉപയോഗിച്ച് പെൻസിൽ കൂർപ്പിക്കുന്നതിനോട് സാദൃശ്യമുള്ളവ** | **കോമ്പസിൽ പെൻസിൽ ഘടിപ്പിച്ച് വൃത്തം വരയ്ക്കുന്നതിനോട് സാദൃശ്യമുള്ളവ** | **സ്കെയിലും പെൻസിലും ഉപയോഗിച്ച് നേർരേഖ വരയ്ക്കുന്നതിനോട് സാദൃശ്യമുള്ളവ** |
|---|---|---|
| • പമ്പരം കറങ്ങുന്നു. | • കയറിൽ കെട്ടിയ കല്ല് വട്ടത്തിൽ കറക്കുന്നു. | • മാമ്പഴം ഞെട്ടറ്റ് വീഴുന്നു. |
| • | • | • |
| • | • | • |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ഓരോ കൂട്ടത്തിലെയും ചലനങ്ങൾക്കുള്ള പൊതുസവിശേഷത എന്താണ്?

  1 ..........................................................

  2. ..........................................................

  3 ..........................................................

- ഒന്നും രണ്ടും കൂട്ടങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

ഒരു വസ്തുവിന്റെ നേർരേഖയിലൂടെയുള്ള ചലനമാണ് നേർരേഖാചലനം (Linear motion). സ്വന്തം അക്ഷത്തെ അടിസ്ഥാനമാക്കിയുള്ള ചലനമാണ് ഭ്രമണം (Rotation). വൃത്താകാര പാതയിലൂടെയുള്ള ചലനമാണ് വർത്തുളചലനം (Circular motion).

## ചലനം ഇങ്ങനെയും



താഴെ പറയുന്ന ചലനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ.

- ക്ലോക്കിലെ പെൻഡുലത്തിന്റെ ചലനം
- ഊഞ്ഞാലിന്റെ ചലനം
- തൂക്കിയിട്ട തൂക്കുവിളക്കിന്റെ ചലനം

ഈ ചലനങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണ്?

ഇത്തരത്തിലുള്ള മറ്റു ചലനങ്ങൾ കണ്ടെത്താമോ?

വസ്തു ഒരു തുലനസ്ഥാനത്തെ ആസ്പദമാക്കി ഇരുവശങ്ങളിലേക്കും ചലിക്കുന്നതാണ് ദോലനം (Oscillation).






ഹസീബിന്റെ സംശയത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്?

താഴെ കൊടുത്ത സൂചനകൾ ഉപയോഗപ്പെടുത്തി ചർച്ചചെയ്യൂ.

- ഒരു തുലനസ്ഥാനത്തെ ആസ്പദമാക്കിയാണോ ചലിക്കുന്നത്?
- ഇരുവശത്തേക്കും ചലിക്കുന്നുണ്ടോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ദോലനം ഇങ്ങനെയും



താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുനോക്കൂ.



- ട്യൂണിങ് ഫോർക്കിന്റെ ഒരു ഭുജത്തിൽ റബ്ബർ ഹാമർ കൊണ്ട് അടിക്കുക.
- വലിച്ചു പിടിച്ച റബ്ബർബാന്റിൽ വിരൽകൊണ്ട് തട്ടുക.
- മെറ്റൽ സ്കെയിലിന്റെ അഗ്രഭാഗം പുറത്തേക്കു തള്ളിനിൽക്കത്തക്ക രീതിയിൽ മേശപ്പുറത്തു വച്ച് തള്ളിനിൽക്കുന്ന ഭാഗത്ത് വിരൽകൊണ്ട് തട്ടുക.



ഇപ്പോഴുണ്ടായ ദോലനചലനങ്ങൾക്ക് വേഗം കൂടുതലല്ലേ?

ദ്രുതഗതിയിലുള്ള ദോലനങ്ങളെ കമ്പനം (Vibration) എന്നു പറയാറുണ്ട്.



*IT@School Edubuntu വിൽ School Resources ലെ വിവിധതരം ചലനങ്ങൾ എന്ന ഭാഗം കാണുമല്ലോ.*

## കമ്പനം കാണാം

കമ്പനം വ്യക്തമായി കാണാൻ സഹായിക്കുന്ന ഒരു പീപ്പി നമുക്കുണ്ടാക്കാം.

ആവശ്യമായ സാമഗ്രികൾ:

*ഒരു ഇഞ്ച് വ്യാസമുള്ള പൈപ്പ് 10 cm നീളത്തിൽ, ബലൂൺ, പേനയുടെ ഒഴിഞ്ഞ കൂട്, റബ്ബർ ബാന്റ്, നൂൽ - 2 m, സെല്ലോടേപ്പ്.*

നിർമാണരീതി:



ബലൂണിന്റെ അടിഭാഗം മുറിച്ചുമാറ്റുക. മുറിച്ച അറ്റത്ത് പൈപ്പും മറ്റേ അറ്റത്ത് പേനയുടെ കൂടും കടത്തിവച്ച് റബ്ബർബാന്റുപയോഗിച്ച് കെട്ടിയുറപ്പിക്കുക. പൈപ്പ് കുത്തനെ പിടിച്ച് പേനയുടെ കൂട് തിരശ്ചീന ദിശയിൽ വലിച്ചു പിടിക്കുക. അപ്പോൾ പൈപ്പിന് മുകളിൽ ബലൂൺ ഒരു സ്തരം പോലെ വലിഞ്ഞു നിൽക്കും. ഈ സ്തരത്തിന്റെ മധ്യഭാഗത്ത് നൂലിന്റെ ഒരഗ്രം സെല്ലോടേപ്പ് ഉപയോഗിച്ച് ഉറപ്പിക്കുക. പീപ്പി തയാർ.

പ്രവർത്തിപ്പിക്കുന്ന വിധം:

നൂലിന്റെ സ്വതന്ത്രാഗ്രം കൂട്ടുകാരൻ പതുക്കെ വലിച്ചു പിടിക്കട്ടെ. ഇനി പേനയുടെ കൂട് വലിച്ചു പിടിച്ച് അതിലൂടെ ഊതിനോക്കൂ. ആനയുടെ ചിന്നംവിളി പോലുള്ള ശബ്ദം കേൾക്കുന്നില്ലേ? അതോടൊപ്പം നൂലിന്റെ ചലനം ശ്രദ്ധിച്ചോ? ഇത് ഏതുതരം ചലനമാണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ചലനം പ്രയോഗത്തിൽ



തയ്യൽ മെഷീൻ ഉപയോഗിച്ച് വസ്ത്രങ്ങൾ തയ്ക്കുന്നത് നിരീക്ഷിക്കൂ. നിങ്ങൾ പഠിച്ച ഏതെല്ലാം ഇനം ചലനങ്ങൾ തയ്യൽ മെഷീനിൽ കാണാൻ കഴിയും?

- 
- 

താഴെ കൊടുത്ത ഉപകരണങ്ങളുടെ ചലനരീതി, പ്രയോജനം എന്നിവ കൂട്ടിച്ചേർത്ത് പട്ടിക പൂർത്തിയാക്കൂ.

| ചലിക്കുന്ന വസ്തു | ചലനരീതി | പ്രയോജനം |
|---|---|---|
| ചെണ്ടയുടെ ഡയഫ്രം | ദോലനം | ശബ്ദമുണ്ടാക്കുന്നു |
| കറങ്ങുന്ന കസേര | | |
| ക്ലോക്കിലെ സൂചിയുടെ അഗ്രഭാഗം | | |
| തയ്യൽമെഷീനിലെ ചെറിയ ചക്രം | | |
| ലിഫ്റ്റ് | | |
| ഊഞ്ഞാൽ | | |
| വീണയിലെ കമ്പി | | |
| പൊടിമില്ലിലെ ചക്രങ്ങൾ | | |

പട്ടിക പൂർത്തിയാക്കിയല്ലോ. ഇതിൽ നിന്നു നിങ്ങൾക്ക് എന്തു നിഗമനം രൂപപ്പെടുത്താൻ കഴിയും? ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



*IT@School Edubuntu വിൽ School Resources ലെ ചലനം പ്രയോഗത്തിൽ എന്ന ഭാഗം കാണുമല്ലോ.*

## കളിപ്പങ്കയുണ്ടാക്കാം

ആവശ്യമായ സാമഗ്രികൾ:

*ചെറിയ പ്ലാസ്റ്റിക് ബോട്ടിൽ, ഈർക്കിൽ, നൂൽ, കാർഡ്ബോഡ് കഷണം, മുത്ത്, പശ.*

### നിർമാണഘട്ടങ്ങൾ:



- ബോട്ടിലിന്റെ അടപ്പിലും അടിഭാഗത്തും പാർശ്വ ഭാഗത്തും ഓരോ സുഷിരമുണ്ടാക്കുക.
- കാർഡ് ബോഡിൽനിന്ന് ഒരു പങ്കയുടെ ദളങ്ങൾ വെട്ടിയെടുക്കുക.
- ഈർക്കിലിന്റെ മുകളറ്റത്ത് മുത്ത് കോർത്തു വച്ച് പങ്കയുടെ ദളങ്ങൾ മുത്തിനു മുകളിൽ പശയിട്ട് ഉറപ്പിക്കുക. ഈർക്കിലിന്റെ മധ്യഭാഗത്ത് നൂൽ കെട്ടുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സ്വതന്ത്രമായി തിരിയത്തക്ക വിധം ബോട്ടിലിന്റെ അടപ്പിലും താഴെയുമുള്ള സുഷിരങ്ങളിലൂടെ ഈർക്കിൽ കടത്തിവയ്ക്കുക.
- നൂലിന്റെ സ്വതന്ത്രാഗ്രം ബോട്ടിലിന്റെ പാർശ്വഭാഗത്തെ സുഷിരത്തിലൂടെ പുറത്തെടുക്കുക. നൂലിന്റെ അറ്റത്ത് ഒരു ഈർക്കിൽ കഷണം കെട്ടിവയ്ക്കുക.



### പങ്ക കറക്കാം

ഈർക്കിൽ തിരിച്ചുകൊണ്ട് നൂൽ മുഴുവൻ അതിൽ ചുറ്റിയെടുക്കുക. നൂലിന്റെ സ്വതന്ത്രാഗ്രം വലിച്ചുനോക്കൂ. കളിപ്പങ്ക കറങ്ങുന്നില്ലേ?

- നൂലിലുണ്ടായ ചലനം പങ്കയുടെ ചിറകിലെത്തിയത് എങ്ങനെയാണ്?
- ഒരിടത്തു നൽകുന്ന ബലം മറ്റൊരിടത്ത് എത്തിച്ച് ചലിപ്പിക്കുന്ന എന്തെല്ലാം ഉപകരണങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ട്?
- ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഇവയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്?



- സൈക്കിൾ ചവിട്ടുമ്പോൾ നാം എവിടെയാണ് ബലം പ്രയോഗിക്കുന്നത്?
- ഈ ബലം ചക്രത്തിലെത്തുന്നത് എങ്ങനെയാണ്?
- ഏതു ഭാഗം ചലിക്കുമ്പോഴാണ് പൊടിമില്ലിൽ പ്രവർത്തനം ആരംഭിക്കുന്നത്?
- ഈ കറക്കം മറ്റു യന്ത്രഭാഗങ്ങളിലേക്ക് എത്തിക്കുന്നത് എങ്ങനെയാണ്?
- തയ്യൽയന്ത്രത്തിന്റെ പെഡലിൽ നൽകുന്ന ബലം സൂചിയിൽ എത്തിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഉപയോഗിക്കുന്നു?



കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

ഒരു യന്ത്രത്തിൽ നൽകുന്ന ബലത്തെ മറ്റു യന്ത്രങ്ങളിലേക്കോ യന്ത്രഭാഗങ്ങളിലേക്കോ എത്തിച്ച് അവയെക്കൂടി ചലിപ്പിക്കാൻ സാധിക്കും. ചെയിൻ, ബെൽറ്റ്, ചക്രവും ആക്സിലും തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

## പൽച്ചക്രങ്ങൾ

ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ വ്യത്യസ്ത വലുപ്പമുള്ള രണ്ടു പ്ലാസ്റ്റിക് അടപ്പുകൾ ഒരു മരപ്പലകയിൽ പരസ്പരം ചേർന്നുനിൽക്കുന്ന രീതിയിൽ ആണിയടിച്ച് ഉറപ്പിക്കൂ. ഇനി ഓരോ അടപ്പും പിടിച്ച് കറക്കിനോക്കൂ. നിങ്ങൾ എന്തു കാണുന്നു?





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ചെറിയ അടപ്പ് ഇടത്തോട്ടു കറക്കുമ്പോൾ വലിയ അടപ്പ് എങ്ങോട്ടാണ് കറങ്ങുന്നത്? വലത്തോട്ടു കറക്കുമ്പോഴോ?
- ചെറിയ അടപ്പ് ഒരു തവണ കറക്കുമ്പോൾ വലിയ അടപ്പ് ഒരു കറക്കം പൂർത്തിയാക്കുന്നുണ്ടോ?
- വലിയ അടപ്പ് ഒരു തവണ കറക്കുമ്പോൾ ചെറിയ അടപ്പ് എത്രത്തോളം കറങ്ങുന്നുണ്ട്?



അടപ്പുകളിലുള്ള നേരിയ പല്ലുകളല്ലേ ഒന്നു കറങ്ങുമ്പോൾ മറ്റേതിനെയും കറങ്ങാൻ സഹായിക്കുന്നത്? ഇത്തരം ചക്രങ്ങളാണ് പൽച്ചക്രങ്ങൾ (Gears).

പൽച്ചക്രങ്ങൾ നിങ്ങൾ എവിടെയെല്ലാം കണ്ടിട്ടുണ്ട്?







- കളിപ്പാട്ടങ്ങളിൽ
- 
- 

ഹാന്റ് ഡ്രിൽ, കളിപ്പാട്ടങ്ങളിലെ പൽച്ചക്രങ്ങൾ തുടങ്ങിയവ കറക്കി പ്രവർത്തിപ്പിച്ചുനോക്കൂ. പൽച്ചക്രങ്ങൾ ചലനത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നുവെന്ന് താഴെക്കൊടുത്ത സൂചനകളുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ചു കണ്ടെത്തി ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

- ചലനത്തിന്റെ ദിശയിൽ മാറ്റം വരുത്തുന്നുണ്ടോ?
- ചലനവേഗത്തിൽ മാറ്റം വരുത്തുന്നുണ്ടോ?

ഒരു യന്ത്രഭാഗത്തിന്റെ കറക്കം ഉപയോഗപ്പെടുത്തി വ്യത്യസ്ത വേഗങ്ങളിലും ദിശകളിലും ഒന്നിലേറെ യന്ത്രഭാഗങ്ങൾ ചലിപ്പിക്കാൻ പൽച്ചക്രങ്ങൾ സഹായിക്കുന്നു. ചെറിയ പൽച്ചക്രം ഉപയോഗിച്ച് വലിയ പൽച്ചക്രം കറക്കുമ്പോൾ ചലനവേഗം കുറയുന്നു. തിരിച്ചാകുമ്പോൾ ചലനവേഗം കൂടുന്നു. പൽച്ചക്രങ്ങൾ ഉപയോഗിച്ച് ചലനത്തിന്റെ ദിശയും വേഗവും മാറ്റാൻ കഴിയുന്നു എന്ന സൗകര്യം നാം ഒട്ടേറെ യന്ത്രങ്ങളിൽ പ്രയോജനപ്പെടുത്തുന്നു.

*IT@School Edubuntu* വിൽ *School Resources* ലെ ചലനം യന്ത്രങ്ങളിൽ എന്ന ഭാഗം കാണുമല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ചലനത്തിനു വിധേയമാണ് എന്നു തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.
- വസ്തുക്കളുടെ ചലനാവസ്ഥയിലും നിശ്ചലാവസ്ഥയിലും ബലം ഉണ്ടാക്കുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞു വിശദീകരിക്കാൻ കഴിയുന്നു.
- ചലനങ്ങളെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.
- വിവിധയിനം ചലനങ്ങൾ വ്യത്യസ്ത ഉപകരണങ്ങളിൽ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തുന്നുവെന്ന് വിശദീകരിച്ച് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.
- ചലനവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ നിർമിക്കാൻ കഴിയുന്നു.

## വിലയിരുത്താം

1. കൈവണ്ടി വലിക്കാരൻ വണ്ടിയിൽ താഴെപ്പറയുന്ന സന്ദർഭങ്ങളിൽ എന്തിനുവേണ്ടിയാണ് ബലം പ്രയോഗിക്കുന്നത്?
   i. കൈവണ്ടി വലിച്ചു തുടങ്ങുമ്പോൾ.
   ii. വണ്ടി ഇറക്കത്തിലെത്തുമ്പോൾ.
   ബലം ചലനത്തിൽ മറ്റെന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നുണ്ട്?
2. താഴെ പറയുന്ന സന്ദർഭങ്ങളിൽ പ്രസക്തമാകുന്നത് ഏതിനം ചലനമാണ്?
   i. റൺവേയിലൂടെ ചീറിപ്പായുന്ന വിമാനം.
   ii. കറങ്ങുന്ന സൈക്കിൾചക്രത്തിലെ വാൽവ്ട്യൂബിന്റെ ചലനം.
   മറ്റിനം ചലനങ്ങൾക്കും ഓരോ ഉദാഹരണം കണ്ടെത്തുക.
3. ലതിക, ഇഖ്ബാൽ, സോനു എന്നിവർ ദോലനചലനത്തെ പട്ടികപ്പെടുത്തിയതാണിത്.

| ലതിക | ഇഖ്ബാൽ | സോനു |
|---|---|---|
| • ചെണ്ടകൊട്ടുമ്പോൾ തുകലിന്റെ ചലനം. | • ചെണ്ടകൊട്ടുമ്പോൾ തുകലിന്റെ ചലനം. | • എയ്തുവിട്ട അമ്പിന്റെ ചലനം. |
| • ആട്ടുകട്ടിലിന്റെ ചലനം. | • മീട്ടുമ്പോൾ വീണക്കമ്പിയുടെ ചലനം. | • ഉത്തേജിപ്പിച്ച ട്യൂണിങ് ഫോർക്കിന്റെ ഭുജങ്ങളുടെ ചലനം. |
| • ജയന്റ് വീലിന്റെ ചലനം. | • ഉത്തേജിപ്പിച്ച ട്യൂണിങ് ഫോർക്കിന്റെ ഭുജങ്ങളുടെ ചലനം. | • വലിച്ചുകെട്ടിയ കമ്പിയിൽ തട്ടുമ്പോഴുണ്ടാകുന്ന ചലനം. |

   i. ആരുടെ കണ്ടെത്തലാണ് ശരി?
   ii. ദോലനചലനത്തിൽപ്പെടാത്തവ ഏതെല്ലാം?
   iii. കമ്പനവും ദോലനവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



4. പൽച്ചക്രങ്ങളുടെ ഈ ക്രമീകരണം നോക്കൂ.




i. ഒന്നാമത്തെ പൽച്ചക്രം കറക്കുമ്പോൾ അതേ ദിശയിൽ കറങ്ങുന്ന പൽച്ചക്രം ഏതായിരിക്കും?

ii. ഏറ്റവും വേഗം കുറവ് ഏതു പൽച്ചക്രത്തിനായിരിക്കും?

5. താഴെ കൊടുത്ത ആശയചിത്രീകരണം പൂർത്തിയാക്കൂ.

**ചലനം**

- വിവിധതരം ചലനങ്ങളും ഉപയോഗിക്കുന്ന ഉപകരണങ്ങളും
  - ദോലനം - പെൻഡുലം, ഊഞ്ഞാൽ, ആട്ടുകട്ടിൽ, വീണക്കമ്പി
  -
  -
- ചലനത്തിന്റെ മാറ്റം സാധ്യമാക്കുന്ന ഉപകരണങ്ങളും അവയുടെ ഉപയോഗങ്ങളും
  - പൽച്ചക്രം - ചലനത്തിന്റെ ദിശ, വേഗം എന്നിവ മാറ്റാൻ
  -
  -
  -
- ബലം ചലനാവസ്ഥയിൽ വരുത്തുന്ന മാറ്റങ്ങൾ
  - ചലിക്കുന്ന വസ്തുവിന്റെ ദിശ മാറ്റുന്നു.
  -
  -
  -



## തുടർപ്രവർത്തനങ്ങൾ

1. ഏകദേശം 25 cm നീളമുള്ള ഒരു പി.വി.സി. പൈപ്പിനുള്ളിലൂടെ 50 cm നീളമുള്ള ചരട് കോർത്തെടുക്കുക. ചരടിന്റെ മുകളറ്റത്ത് ഒരു ഇരുമ്പു നട്ടും താഴെ അറ്റത്ത് വെള്ളം നിറച്ച ഒരു കുപ്പിയും കെട്ടുക. പൈപ്പിൽ മുറുകെപ്പിടിച്ചുകൊണ്ട് നട്ട് വട്ടത്തിൽ ചുഴറ്റുക. നട്ട്, ചരട്, കുപ്പി എന്നിവയിൽ ഏതെല്ലാം ചലനങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയുന്നു?
2. ഏതെങ്കിലും ഒരു ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലേക്ക് പഠനയാത്ര നടത്തുക. ചലനവുമായി ബന്ധപ്പെട്ട് അവിടെയുള്ള വിവിധ പ്രവർത്തനങ്ങൾ ചെയ്തു നോക്കൂ.
3. കേടുവന്ന കളിപ്പാട്ടങ്ങൾ, ക്ലോക്ക് മുതലായവ അഴിച്ചുനോക്കൂ. വിവിധ ചലനങ്ങൾക്ക് സഹായകമായ എന്തെല്ലാം സംവിധാനങ്ങൾ അവയിലുണ്ടെന്ന് പരിശോധിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 5 ആഹാരം ആരോഗ്യത്തിന്ന്




നിങ്ങളുടെ വീട്ടിലോ?

നിങ്ങൾക്ക് ഇഷ്ടമുള്ളതും ഇഷ്ടമില്ലാത്തതുമായ ഭക്ഷണവിഭവങ്ങൾ തരം തിരിച്ചെഴുതൂ.

ഇഷ്ടമുള്ള ഭക്ഷണം മാത്രം കഴിച്ചാൽ മതിയോ?

## ആഹാരത്തിൽ

ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ നമുക്ക് ക്ഷീണവും തളർച്ചയും തോന്നാറില്ലേ?

എന്തിനാണ് നാം ഭക്ഷണം കഴിക്കുന്നത്?

- രോഗപ്രതിരോധശേഷി നേടാൻ.
- 
- 

ഏതെങ്കിലും ഒരുതരം ഭക്ഷണം മാത്രം കഴിച്ചാൽ എന്താണ് കുഴപ്പം?

നാം കഴിക്കുന്ന ഭക്ഷണത്തിലൂടെ ശരീരത്തിന് ലഭിക്കുന്നത് എന്തെല്ലാമെന്നു നോക്കാം.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇവർക്ക് പറയാനുള്ളതു കേൾക്കൂ.













ആഹാരത്തിലൂടെ ഏതെല്ലാം പോഷകഘടകങ്ങളാണു ലഭിക്കുന്നത്? ചിത്രീകരണം പരിശോധിച്ച് പട്ടിക പൂർത്തിയാക്കൂ.

| ഭക്ഷ്യവസ്തു | പോഷകഘടകങ്ങൾ |
|---|---|
| അരി | |
| മത്സ്യം | |
| എണ്ണ | |
| പഴങ്ങൾ, പച്ചക്കറികൾ | |



*IT@School Edubuntu വിൽ School Resources ലെ ഭക്ഷണത്തിലെ പോഷകഘടകങ്ങൾ എന്ന ഭാഗം കാണുമല്ലോ.*

ഭക്ഷണത്തിൽ ധാന്യകം ഉൾപ്പെടേണ്ടതിന്റെ ആവശ്യം എന്തായിരിക്കും? ഏതെല്ലാം ഭക്ഷ്യ വസ്തുക്കളിലാണ് ധാന്യകം ധാരാളമുള്ളത്?

### 1. ധാന്യകം (Carbohydrate)






കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ എന്നിവ കൊണ്ടാണ് ധാന്യകം നിർമിച്ചിരിക്കുന്നത്. ശരീരപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജം നൽകുക എന്നതാണ് ഇതിന്റെ മുഖ്യധർമം. അന്നജം, പഞ്ചസാര, ഗ്ലൂക്കോസ്, സെല്ലുലോസ് എന്നിവ ധാന്യകങ്ങളുടെ വിവിധ രൂപങ്ങളാണ്. ധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ എന്നിവയിൽ അന്നജരൂപത്തിൽ ധാന്യകം ധാരാളമായി അടങ്ങിയിട്ടുണ്ട്.








Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



*IT@School Edubuntu വിൽ School Resources ലെ ധാന്യങ്ങൾ എന്ന ഭാഗം കാണുമല്ലോ.*

പ്രവൃത്തി ചെയ്യുന്നതിനുള്ള ഊർജം പ്രധാനമായും ലഭിക്കുന്നത് ധാന്യകത്തിൽനിന്നാണല്ലോ. ചിത്രത്തിൽ സൂചിപ്പിച്ചവ മാത്രമാണോ നാം ചെയ്യുന്ന പ്രവൃത്തികൾ? മറ്റെന്തെല്ലാം പ്രവൃത്തികളിൽ നാം ഏർപ്പെടുന്നു? ഈ പ്രവൃത്തികൾ എല്ലാം ചെയ്യാൻ ധാരാളം ഊർജം ആവശ്യമില്ലേ?

നിങ്ങൾ ദിവസവും കഴിക്കുന്ന ആഹാരത്തിൽ ഏറ്റവും കൂടുതൽ ഉൾപ്പെടുന്ന ആഹാരവസ്തു ഏതാണ്? എന്തുകൊണ്ടാണ് ഇവ കൂടുതൽ ഉൾപ്പെടുത്തിയത്? ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

ഒരു ദിവസം അരിഭക്ഷണം ഒഴിവാക്കുകയാണെങ്കിൽ പകരം താഴെ പറയുന്നവയിൽ ഏതു തിരഞ്ഞെടുക്കും? എന്തുകൊണ്ട്?

മുട്ട, ഏത്തപ്പഴം, കപ്പ, പാൽ

ഭക്ഷ്യവസ്തുക്കളിൽ അന്നജം ഉണ്ടോ എന്ന് എങ്ങനെ കണ്ടെത്താം?

## അന്നജം തിരിച്ചറിയാൻ

ആവശ്യമായ വസ്തുക്കൾ : *ടെസ്റ്റ് ട്യൂബ്, കഞ്ഞിവെള്ളം, നേർപ്പിച്ച അയഡിൻലായനി*

പ്രവർത്തനം : ടെസ്റ്റ്ട്യൂബിൽ അൽപ്പം കഞ്ഞിവെള്ളം എടുത്ത് അതിൽ രണ്ടോ മൂന്നോ തുള്ളി അയഡിൻലായനി ചേർക്കൂ. നിറം നിരീക്ഷിക്കൂ.

ഭക്ഷ്യവസ്തുക്കളിൽ അന്നജം ഉണ്ടോ എന്നു കണ്ടെത്താനുള്ള മാർഗം മനസ്സിലായല്ലോ.

മുട്ട, ഏത്തപ്പഴം, കപ്പ, പാൽ എന്നിവ ഇതേ രീതിയിൽ പരിശോധിക്കൂ. എന്താണ് നിങ്ങളുടെ കണ്ടെത്തൽ? കൂടുതൽ ഭക്ഷ്യവസ്തുക്കളിൽ ഈ പരീക്ഷണം നടത്തി നിരീക്ഷണഫലം ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

**അയഡിൻ ടെസ്റ്റ്**

അന്നജം അയഡിൻ ലായനിയുമായി പ്രവർത്തിക്കുമ്പോൾ കടും നീലനിറം ഉണ്ടാവുന്നു.

| ഭക്ഷ്യവസ്തു | അയഡിൻ ചേർത്തപ്പോൾ ഉണ്ടായ നിറം | നിഗമനം |
|---|---|---|
| • കുമ്പളം | | |
| • ഗോതമ്പുപൊടി | | |
| • ഉരുളക്കിഴങ്ങ് | | |
| • | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## 2. മാംസ്യം (Protein)

ചിത്രങ്ങൾ നോക്കൂ.





രണ്ടു കുട്ടികളുടെയും വളർച്ച സംബന്ധിച്ച് നിങ്ങളുടെ നിരീക്ഷണം എന്താണ്?

ഈ വ്യത്യാസത്തിനു കാരണം എന്താവാം?

### വളർച്ചയ്ക്കു പിന്നിൽ

ശരീരനിർമിതിക്കും വളർച്ചയ്ക്കും സഹായകമായ പ്രധാന ആഹാരഘടകമാണ് പ്രോട്ടീൻ. ശരീരത്തിലെ കോശങ്ങൾ, മുടി, ദഹനരസങ്ങൾ തുടങ്ങിയവയുടെ നിർമാണത്തിന് പ്രോട്ടീൻ ആവശ്യമാണ്. ധാന്യകങ്ങളുടെ അഭാവത്തിൽ ഊർജോൽപ്പാദനത്തിനും പ്രോട്ടീൻ പ്രയോജനപ്പെടുന്നു. ഹൈഡ്രജൻ, കാർബൺ, ഓക്സിജൻ, നൈട്രജൻ, സൾഫർ എന്നിവയാണ് പ്രോട്ടീനിൽ അടങ്ങിയിരിക്കുന്നത്. ഒരാളുടെ ശരീരഭാരത്തിന് അനുസരിച്ച് ഒരു കിലോഗ്രാമിന് ഒരു ഗ്രാം എന്ന തോതിൽ പ്രോട്ടീൻ ഓരോ ദിവസവും ഭക്ഷണത്തിൽ നിന്നു ലഭിക്കണം.

- നിങ്ങളുടെ ശരീരഭാരം എത്രയാണെന്ന് അറിയാമോ?
- നിങ്ങൾക്ക് ഒരു ദിവസം എത്ര ഗ്രാം പ്രോട്ടീൻ ആവശ്യമുണ്ട്?

പ്രോട്ടീൻ കുറയുന്നത് വളർച്ച മുരടിക്കുന്നതിന് കാരണമാവുന്നു.

### ക്വാഷിയോർക്കർ

പ്രോട്ടീന്റെ അഭാവംമൂലമുണ്ടാവുന്ന ഒരു രോഗമാണ് ക്വാഷിയോർക്കർ. ഇത് ബാധിച്ചവരുടെ ശരീരം ശോഷിച്ചും വയർ വീർത്തുമിരിക്കും.



ഏതൊക്കെ ഭക്ഷ്യവസ്തുക്കളിൽനിന്നാണ് നമുക്ക് പ്രോട്ടീൻ ധാരാളമായി ലഭിക്കുന്നത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





വിവിധ ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയ പ്രോട്ടീൻ അളവ് പരിശോധിക്കൂ.

- നിങ്ങൾക്ക് ആവശ്യമായ പ്രോട്ടീൻ ഒരു ദിവസം കഴിക്കുന്ന ആഹാരത്തിൽനിന്ന് ലഭിക്കുന്നുണ്ടോ?
- സ്കൂളിൽ ഉച്ചഭക്ഷണത്തിന് ചെറുപയർ നൽകുന്നതുകൊണ്ടുള്ള നേട്ടമെന്ത്?

| ഭക്ഷ്യവസ്തു (100 ഗ്രാം) | പ്രോട്ടീൻ (ഗ്രാം) |
|---|---|
| അരി | 6.8 |
| ഗോതമ്പ് | 11.8 |
| കശുവണ്ടി | 21.2 |
| മത്തി | 19.6 |
| താറാവ് | 21.6 |
| താറാവു മുട്ട | 13.5 |
| കോഴിമുട്ട | 13.3 |
| ആട്ടിറച്ചി | 21.4 |
| പശുവിൻപാൽ | 3.2 |
| ചെറുപയർ | 24.0 |
| നിലക്കടല | 17.1 |

ചില ഭക്ഷ്യവസ്തുക്കളിലെ പ്രോട്ടീൻ സാന്നിധ്യം താഴെ കൊടുത്ത പരീക്ഷണത്തിലൂടെ തിരിച്ചറിയാം.

ആവശ്യമായ വസ്തുക്കൾ : *തുരിശ് (കോപ്പർ സൽഫേറ്റ്), ജലം, സോഡിയം ഹൈഡ്രോക്സൈഡ്, ഡ്രോപ്പർ, ബീക്കർ, കോഴിമുട്ടയുടെ വെള്ളക്കരു, ടെസ്റ്റ്ട്യൂബ്.*

പ്രവർത്തനം : കോഴിമുട്ടയുടെ വെള്ളക്കരു അൽപ്പം വെള്ളം ചേർത്ത് ഇളക്കുക. ഇത് ഒരു ടെസ്റ്റ്ട്യൂബിൽ കാൽഭാഗം എടുക്കുക. അതിലേക്ക് 1 % വീര്യമുള്ള സോഡിയം ഹൈഡ്രോക്സൈഡ് ലായനി 8 - 10 തുള്ളി ചേർക്കുക. ഇളക്കിയശേഷം അതിലേക്ക് 1 % ശതമാനം വീര്യമുള്ള കോപ്പർസൽഫേറ്റ് ലായനി 2 തുള്ളി ചേർക്കുക. വയലറ്റ് നിറം കാണുന്നുണ്ടെങ്കിൽ അത് പ്രോട്ടീന്റെ സാന്നിധ്യംകൊണ്ടാണ്.

പരീക്ഷണം ചെയ്ത് നിരീക്ഷണക്കുറിപ്പ് ശാസ്ത്രപുസ്തകത്തിൽ എഴുതൂ. കോഴിമുട്ടയ്ക്ക് പകരം ചെറുപയർപൊടി ഉപയോഗിച്ച് ഇതേ പരീക്ഷണം ചെയ്ത് കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കൂ.



*IT@School Edubuntu വിൽ School Resources ലെ ആഹാരവും വളർച്ചയും എന്ന ഭാഗം കാണുമല്ലോ.*

### 3. കൊഴുപ്പ് (Fat)








നാം നിത്യവും ഉപയോഗിക്കുന്ന ചില ഭക്ഷ്യവസ്തുക്കളാണ് ചിത്രത്തിൽ. ഇവ ഒന്നും നാം നേരിട്ടു കഴിക്കുന്നില്ലല്ലോ. പിന്നെ എങ്ങനെയാണ് ഇവ ശരീരത്തിനകത്ത് എത്തുന്നത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com








ഏതുതരം ആഹാരം കഴിക്കുമ്പോഴാണ് എണ്ണയും നെയ്യും ഒക്കെ ശരീരത്തിനകത്ത് എത്തുന്നത്?

## കൊഴുപ്പില്ലെങ്കിൽ

നമ്മുടെ ശരീരത്തിന് കുറഞ്ഞ അളവിൽ ആവശ്യമായ ആഹാരഘടകങ്ങളിൽ ഒന്നാണ് കൊഴുപ്പ്. മാംസം, മത്സ്യം, പാൽ, പാലുൽപ്പന്നങ്ങൾ, മുട്ട, വിവിധതരം പരിപ്പുകൾ തുടങ്ങിയവയിൽ കൊഴുപ്പ് അടങ്ങിയിരിക്കുന്നു. വിവിധതരം എണ്ണകൾ, നെയ്യ് തുടങ്ങിയവ പല ഭക്ഷ്യവസ്തുക്കളിൽനിന്നും വേർതിരിച്ചെടുത്ത കൊഴുപ്പുകളാണ്. കാർബോഹൈഡ്രേറ്റിനെപ്പോലെ കൊഴുപ്പും ഊർജം പ്രദാനം ചെയ്യുന്ന ആഹാരഘടകമാണ്. ചില വിറ്റാമിനുകൾ കൊഴുപ്പിൽ മാത്രമേ ലയിക്കൂ. ഈ വിറ്റാമിനുകൾ ലഭിക്കണമെങ്കിൽ ഭക്ഷണത്തിൽ കൊഴുപ്പ് ഉൾപ്പെടുത്തേണ്ടതുണ്ട്.




റീഫയുടെ സംശയം കേട്ടില്ലേ. നിങ്ങളുടെ അഭിപ്രായം എന്താണ്? ഒരു ഭക്ഷ്യവസ്തുവിൽ കൊഴുപ്പുണ്ടോ എന്ന് എങ്ങനെ കണ്ടെത്താം?

ഈ പ്രവർത്തനം ചെയ്തുനോക്കൂ

ഒരു വെള്ളപേപ്പറിൽ ഏതാനും തുള്ളി എണ്ണ വീഴ്ത്തൂ. പേപ്പർ വെയിലത്തുവച്ച് ഉണക്കിയശേഷം നിരീക്ഷിക്കൂ. എണ്ണപറ്റിയ ഭാഗത്ത് വ്യത്യാസം കാണുന്നുണ്ടോ?

## കൊഴുപ്പുണ്ടെങ്കിൽ

ഭക്ഷ്യവസ്തു ഒരു പേപ്പറിൽ ഉരയ്ക്കുക. ഉണങ്ങിയ ശേഷം പേപ്പറിൽ എണ്ണയുടെ പാട് കാണുന്നുണ്ടെങ്കിൽ ആ ഭക്ഷ്യവസ്തുവിൽ കൊഴുപ്പ് അടങ്ങിയിരിക്കുന്നു എന്നു മനസ്സിലാക്കാം.

ഇതുപോല വെണ്ടയും പേപ്പറിൽ ഉരച്ച് പരിശോധിക്കൂ.

വിവിധ ഭക്ഷ്യവസ്തുക്കൾ ഈ രീതിയിൽ പരിശോധിച്ച് നിരീക്ഷണഫലം ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## അധികമായാൽ




**ലാബ് റിപ്പോർട്ട്**

| Test | Value | Normal |
|---|---|---|
| Blood sugar | 80 | 70 - 110 mg/dl |
| Cholesterol | 230 | Up to 200 mg/dl |

ലാബ് റിപ്പോർട്ട് നോക്കൂ. കൊളസ്ട്രോളിന്റെ സാധാരണ അളവ് എത്രയാണ്?

### കൊഴുപ്പും കൊളസ്ട്രോളും

കൊഴുപ്പിന്റെ ഒരു രൂപമാണ് കൊളസ്ട്രോൾ. ഭക്ഷണത്തിൽനിന്നു ലഭിക്കുന്നത് കൂടാതെ ശരീരം സ്വയം കൊളസ്ട്രോൾ നിർമിക്കുന്നുമുണ്ട്. കൊളസ്ട്രോൾ അധികമായാൽ അത് രക്തക്കുഴലുകളുടെ ഉൾഭിത്തിയിൽ പറ്റിപ്പിടിച്ച് രക്തത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. ഇത് ഹൃദ്രോഗങ്ങൾക്കു കാരണമാവും. അതുകൊണ്ട് കൊഴുപ്പ് അടങ്ങിയ ഭക്ഷണം കൂടുതൽ കഴിക്കുന്നത് ഗുണകരമല്ല.

വറുത്തെടുത്ത ആഹാരവസ്തുക്കൾ നിങ്ങൾക്ക് കൂടുതൽ ഇഷ്ടമല്ലേ. ഇത് കൂടുതൽ കഴിക്കുമ്പോൾ കൊഴുപ്പിന്റെ അളവിൽ എന്തു വ്യത്യാസമാണ് ഉണ്ടാവുക?

കൊളസ്ട്രോളിന്റെ അളവ് നിയന്ത്രിച്ചു നിർത്തുന്നതിന് ആഹാരത്തിൽ എന്തു ക്രമീകരണമാണ് വരുത്തേണ്ടത്? ചർച്ചചെയ്ത് ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

*IT@School Edubuntu* വിൽ *School Resources* ലെ ആരോഗ്യം സമ്പത്ത് - അഭിമുഖം എന്ന ഭാഗം കാണുമല്ലോ.

## 4. ജീവകങ്ങൾ (Vitamins)

നമ്മുടെ ഭക്ഷണരീതിയുമായി ബന്ധപ്പെട്ട ഒരു പഠനറിപ്പോർട്ട് ശ്രദ്ധിക്കൂ.

നിങ്ങൾ ഒരു ദിവസം ഏതെല്ലാം പച്ചക്കറികളും പഴങ്ങളും കഴിക്കുന്നുണ്ട്? ഒരു ദിവസം ഏകദേശം എത്ര അളവിൽ കഴിക്കുന്നുണ്ട്? ശാസ്ത്രപുസ്തകത്തിൽ പട്ടികപ്പെടുത്തൂ.

### പഠനറിപ്പോർട്ടിൽ നിന്ന്

ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ ശുപാർശ ചെയ്തിരിക്കുന്നത് പ്രായപൂർത്തിയായ ഒരിന്ത്യക്കാരൻ ദിവസം 295 ഗ്രാം പച്ചക്കറികൾ ഭക്ഷിക്കണമെന്നാണ്. എന്നാൽ ഇന്ത്യയിൽ ശരാശരി 135 ഗ്രാം പച്ചക്കറികൾ മാത്രമേ ഭക്ഷണത്തിൽ ഉൾപ്പെട്ടിട്ടുള്ളൂ. കേരളത്തിൽ ഒരാൾ ശരാശരി 50 ഗ്രാം പച്ചക്കറികൾ ആണ് ഒരു ദിവസം കഴിക്കുന്നത്.

പഴങ്ങളും പച്ചക്കറികളും കഴിക്കേണ്ടതിന്റെ പ്രാധാന്യം എന്ത്?

### ആരോഗ്യം

ശരിയായ ആരോഗ്യത്തിനും സുഗമമായ ശാരീരികപ്രവർത്തനങ്ങൾക്കും ഒഴിച്ചുകൂടാനാവാത്ത ആഹാരഘടകങ്ങളാണ് വിറ്റാമിനുകളും ധാതുലവണങ്ങളും. ഇവ കുറഞ്ഞ അളവിലേ നമ്മുടെ ശരീരത്തിന് ആവശ്യമുള്ളൂ. പഴങ്ങൾ, പച്ചക്കറികൾ, പാൽ, മുട്ട, ഇലക്കറികൾ തുടങ്ങിയവ വിറ്റാമിനുകളുടെയും ധാതുലവണങ്ങളുടെയും കലവറയാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിറ്റാമിനുകൾ പലതരത്തിൽ ഉണ്ട്. ചിത്രീകരണം പരിശോധിക്കൂ.




- വിറ്റാമിൻ A യുടെ കുറവ് എന്തെല്ലാം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും?
- മോണയ്ക്ക് ആരോഗ്യക്കുറവുള്ള ഒരാൾ ഏതെല്ലാം ഇനങ്ങൾ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തണം?
- ഭക്ഷണത്തിൽ കൊഴുപ്പ് തീരെ കുറഞ്ഞുപോയാൽ എന്താണ് പ്രശ്നം?
- ഏതെല്ലാം വിറ്റാമിനുകളാണ് വെള്ളത്തിൽ ലയിക്കുന്നത്?
- ആഹാരവസ്തുക്കൾ കഴിച്ചുതുടങ്ങാത്ത പിഞ്ചുകുഞ്ഞുങ്ങളെ അൽപ്പസമയം ഇളം വെയിൽ കൊള്ളിക്കാറുണ്ട്. എന്തിനാണിത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചിത്രീകരണം വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കൂ. ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



*IT@School Edubuntu വിൽ School Resources ലെ ജീവകങ്ങൾ എന്ന ഭാഗം കാണുമല്ലോ.*




**അടച്ചുവച്ചില്ലെങ്കിൽ**

പഴങ്ങളും പച്ചക്കറികളും വേവിക്കുമ്പോൾ അവയിലെ വിറ്റാമിൻ C നീരാവിയിൽ ലയിക്കുന്നു. ഇത് നീരാവിയോടൊപ്പം എളുപ്പം പുറത്തു പോവുന്നു. അതിനാൽ അടച്ചു വേവിക്കുന്നതാണ് നല്ലത്.

വീട്ടമ്മ പറഞ്ഞത് ശ്രദ്ധിച്ചില്ലേ. പച്ചക്കറികൾ മുറിക്കുന്നതിനു മുമ്പ് കഴുകുന്നതാണോ മുറിച്ചശേഷം കഴുകുന്നതാണോ നല്ലത്? എന്തുകൊണ്ട്?

## 5. ധാതുലവണങ്ങൾ (Minerals)




ഇലക്കറികൾ കഴിച്ചാൽ വിളർച്ച മാറുന്നത് എങ്ങനെയാണ്?

താഴെക്കൊടുത്ത വിവരങ്ങൾ പരിശോധിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | | |
|---|---|---|
| ഇരുമ്പ് | രക്തത്തിലെ ഹീമോഗ്ലോബിന്റെ നിർമാണം. | ഇലക്കറികൾ, മത്തൻകുരു, മുതിര, ശർക്കര, കരൾ. |
| കാൽസ്യം, ഫോസ്ഫറസ് | എല്ലുകളുടെയും പല്ലുകളുടെയും നിർമാണത്തിനും പേശികളുടെയും നാഡികളുടെയും പ്രവർത്തനത്തിനും. | ഏത്തപ്പഴം, മരച്ചീനി, ചേന, ഇലക്കറികൾ, പാലുൽപ്പന്നങ്ങൾ. |
| സോഡിയം | ശരീരത്തിൽ ആവശ്യമായ ജലം നിലനിർത്തുന്നു. | കറിയുപ്പ് |
| അയഡിൻ | തൈറോയ്ഡ് ഗ്രന്ഥിയുടെ ശരിയായ പ്രവർത്തനത്തിന്, മാനസികവളർച്ചയ്ക്ക്. | കടൽവിഭവങ്ങൾ, അയഡിൻ ചേർത്ത ഉപ്പ്, കടൽ മൽസ്യങ്ങളുടെ തല. |

- ഏതു ഘടകത്തിന്റെ കുറവുമൂലമാണ് കുട്ടിക്ക് വിളർച്ച ഉണ്ടായത്?
- ആഹാരത്തിൽ ഇലക്കറികളുടെ കുറവ് എന്തെല്ലാം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും?

കുറഞ്ഞ അളവിലേ ആവശ്യമുള്ളൂ എങ്കിലും ധാതുലവണങ്ങൾ എത്ര പ്രധാനപ്പെട്ട താണെന്ന് മനസ്സിലായില്ലേ. കുറിപ്പുകൾ തയാറാക്കി ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.



*IT@School Edubuntu വിൽ School Resources ലെ ഡോക്ടർ ക്ലാസ്റൂമിൽ എന്ന ഭാഗം കാണുമല്ലോ.*

## പോഷക അപര്യാപ്തതാരോഗങ്ങൾ (Nutrient Deficiency Diseases )

പോഷകഘടകങ്ങളുടെ അപര്യാപ്തത ശരീരവളർച്ച മുരടിക്കുന്നതിനും പല തരം രോഗങ്ങൾ ഉണ്ടാകുന്നതിനും കാരണമാവുന്നു. ഇത്തരം രോഗങ്ങളാണ് പോഷക അപര്യാപ്തതാരോഗങ്ങൾ.

പ്രോട്ടീൻ അപര്യാപ്തത മൂലമുണ്ടാകുന്ന ചില രോഗങ്ങൾ നേരത്തേ മനസ്സിലാക്കിയല്ലോ. ജീവകങ്ങളുടെയും ധാതുലവണങ്ങളുടെയും അപര്യാപ്തത മൂലമുണ്ടാവുന്ന ചില രോഗ ങ്ങൾ ശ്രദ്ധിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| പോഷകഘടകം | അപര്യാപ്തതാരോഗം | ലക്ഷണം |
|---|---|---|
| വിറ്റാമിൻ A | നിശാന്ധത | മങ്ങിയ പ്രകാശത്തിൽ കാണാൻ കഴിയില്ല. |
| വിറ്റാമിൻ B | വായ്പ്പുണ്ണ് | വായിൽ വ്രണങ്ങൾ. |
| വിറ്റാമിൻ C | സ്കർവി | മോണയിൽ പഴുപ്പും രക്തസ്രാവവും. |
| വിറ്റാമിൻ D | കണ | അസ്ഥികൾ കനം കുറഞ്ഞ് വളയുന്നു. |
| ഇരുമ്പ് | അനീമിയ | രക്തക്കുറവ്, വിളർച്ച. |
| അയഡിൻ | ഗോയിറ്റർ | തൊണ്ടയിൽ മുഴ. |

പട്ടിക വിശകലനം ചെയ്ത് നിഗമനങ്ങൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

## പോഷകേതരഘടകങ്ങൾ

പോഷകഘടകങ്ങൾക്കു പുറമേ ജലം, നാരുകൾ തുടങ്ങിയ പോഷകേതരഘടകങ്ങളും ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അവയുടെ പ്രാധാന്യം പരിശോധിക്കൂ.

### ജലം

നമ്മുടെ ശരീരത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ജലമാണ്. തലച്ചോറിന്റെ 85 ശതമാനവും രക്തത്തിന്റെ 90 ശതമാനവും എല്ലുകളുടെ 25 ശതമാനവും ജലമാണ്. ദഹനം ഉൾപ്പെടെയുള്ള ശാരീരിക പ്രവർത്തനങ്ങളുടെ മാധ്യമമായി പ്രവർത്തിക്കുന്നത് ജലമാണ്. മൂത്രം, വിയർപ്പ് മുതലായവയിലൂടെ പ്രതിദിനം 2.5 ലിറ്റർ ജലം നമ്മുടെ ശരീരത്തിൽനിന്ന് നഷ്ടപ്പെടുന്നു. അതിനാൽ ധാരാളം ശുദ്ധജലം നാം കുടിക്കേണ്ടതുണ്ട്.

### നാരുകൾ (Fibres)

സസ്യാഹാരത്തിലൂടെ ലഭിക്കുന്നതും എന്നാൽ ശരീരത്തിന് ദഹിപ്പിക്കാൻ കഴിയാത്തതുമായ ഒരുതരം ധാന്യകമാണ് നാരുകൾ. ഇവ പ്രധാനമായും സെല്ലുലോസ് കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. ശരീരത്തിന് പോഷകഘടകങ്ങൾ നൽകുന്നില്ലെങ്കിലും നാരുകൾ വൻകുടലിലെ വിസർജ്യവസ്തുക്കളുടെ സഞ്ചാരത്തെ സുഗമമാക്കുന്നു. തവിട് അടങ്ങിയ ധാന്യങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ, വാഴയുടെ തണ്ട്, വാഴക്കൂമ്പ് എന്നിവ നാരുകളുടെ കലവറയാണ്.

- നിങ്ങൾ ദിവസേന എത്ര ഗ്ലാസ് വെള്ളം കുടിക്കുന്നുണ്ട്?
- ഏതെല്ലാം ഭക്ഷണപദാർഥങ്ങളിലൂടെ ജലം നിങ്ങളുടെ ശരീരത്തിന് ലഭിക്കുന്നു?
- നാരുകൾ തീരെ കുറവുള്ള മൈദകൊണ്ട് ഉണ്ടാക്കിയ ആഹാരം കൂടുതൽ കഴിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

ആഹാരത്തിലെ വിവിധ പോഷകഘടകങ്ങളും അവയുടെ പ്രാധാന്യവും ബോധ്യപ്പെട്ടല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ആഹാരം തിരഞ്ഞെടുക്കുമ്പോൾ




രണ്ടുപേരും പറയുന്നത് ശ്രദ്ധിച്ചില്ലേ. ഇഷ്ടമുള്ള ഭക്ഷണം മാത്രം കഴിച്ചാൽ എല്ലാ പോഷ കഘടകങ്ങളും ലഭിക്കുമോ? നിങ്ങൾക്ക് പറയാനുള്ളത് എന്താണ്?

താഴെ കൊടുത്ത ചിത്രീകരണം ശ്രദ്ധിക്കൂ.

എല്ലാ ഭക്ഷ്യവസ്തുക്കളും ഒരേ അളവി ലാണോ കഴിക്കേണ്ടത്?









### സമീകൃതാഹാരം (Balanced diet))

ശരീരത്തിനുവേണ്ട എല്ലാ പോഷകഘടക ങ്ങളും ആവശ്യമായ അളവിൽ അടങ്ങിയിരി ക്കുന്ന ഭക്ഷണത്തെയാണ് സമീകൃതാഹാരം എന്നു പറയുന്നത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്തെല്ലാം കാര്യങ്ങൾ പരിഗണിച്ചാണ് നാം മികച്ച ആഹാരക്രമം ഉണ്ടാക്കേണ്ടത്?

മൂന്ന് കുട്ടികൾ തയാറാക്കിയ ഭക്ഷണച്ചാർട്ടുകൾ പരിശോധിക്കൂ.

| സമയം | അനിൽ | മിനി | സിനാൻ |
|---|---|---|---|
| രാവിലെ | ഇഡ്ഡലി<br>സാമ്പാർ<br>പാൽ | പൊറോട്ട<br>മുട്ടക്കറി<br>പാൽ | ഇഡ്ഡലി<br>ചട്ണി |
| ഉച്ചയ്ക്ക് | ചോറ്<br>പയറുകറി<br>ചീര<br>മത്സ്യം | ചോറ്<br>ചിക്കൻകറി<br>സാമ്പാർ | ചോറ്<br>മീൻകറി |
| രാത്രി | പഴം<br>ചപ്പാത്തി<br>വെജിറ്റബിൾ കുറുമ | ചപ്പാത്തി<br>കിഴങ്ങുകറി | ചപ്പാത്തി<br>മുട്ടകറി |

ആരുടെ ഭക്ഷണച്ചാർട്ടാണ് കൂടുതൽ സമീകൃതമായത്? എന്തുകൊണ്ട്?

വൈവിധ്യമുള്ളതും സമീകൃതവുമായ ഭക്ഷണച്ചാർട്ടുകൾ നിങ്ങൾക്ക് തയാറാക്കാമോ?

ഇതുവരെ ചർച്ചചെയ്ത കാര്യങ്ങളും താഴെ കൊടുത്ത പട്ടികകളും വിവരശേഖരണത്തിനായി പ്രയോജനപ്പെടുത്തുമല്ലോ.



## കിഴങ്ങുകളും ഇലക്കറികളും

| | വിറ്റാമിൻ (മില്ലിഗ്രാം) | | | | ധാതുലവണങ്ങൾ (മില്ലിഗ്രാം) | | |
|---|---|---|---|---|---|---|---|
| ഭക്ഷ്യവസ്തു 100 ഗ്രാം | A | B1 | B2 | C | കാൽസ്യം | ഫോസ്ഫറസ് | ഇരുമ്പ് |
| മരച്ചീനി | 0 | 0.05 | 0.10 | 25 | 50 | 0 | 0.9 |
| ചേന | 260 | 0.06 | 0.07 | 0 | 50 | 38 | 0.6 |
| ചേമ്പ് | 24 | 0.09 | 0.03 | 0 | 40 | 88 | 1.7 |
| കാച്ചിൽ | 10 | 0.10 | 0.01 | 15 | 12 | 53 | 0.8 |
| കറിവേപ്പില | 7560 | 0.08 | 0.01 | 4 | 813 | 57 | 7.0 |
| ചേമ്പിൻതണ്ട് | 104 | 0.07 | 0.07 | 3 | 60 | 20 | 0.05 |
| ചേമ്പില | 10278 | 0.22 | 0.26 | 12 | 227 | 82 | 10.0 |
| പയറില | 6072 | 0.05 | 0.18 | 4 | 290 | 58 | 20.1 |
| മുരിങ്ങയില | 6780 | 0.06 | 0.05 | 220 | 440 | 80 | 7.0 |
| വാഴക്കൂമ്പ് | 27 | 0.05 | 0.02 | 16 | 32 | 0 | 1.6 |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പഴങ്ങൾ



| പഴങ്ങൾ (100 ഗ്രാം) | ധാന്യകം (മി. ഗ്രാം) | പ്രോട്ടീൻ (മി. ഗ്രാം) | കൊഴുപ്പ് (മി. ഗ്രാം) | കാത്സ്യം (മി. ഗ്രാം) | ഇരുമ്പ് (മി. ഗ്രാം) |
|---|---|---|---|---|---|
| ഏത്തപ്പഴം | 10 | 200 | 400 | 50 | 153 |
| ചെറുപഴം | 24700 | 1100 | 100 | 10 | 0.5 |
| കശുമാങ്ങ | 11600 | 200 | 100 | 10 | 48 |
| മുന്തിരി | 10000 | 1000 | 100 | 10 | 0.2 |
| പേരയ്ക്ക | 14500 | 1500 | 200 | 10 | 1.0 |
| ചക്ക | 18900 | 1900 | 100 | 20 | 0.5 |
| മാമ്പഴം | 11800 | 1500 | 100 | 10 | 0.3 |
| പപ്പായ | 9500 | 50 | 100 | 10 | 0.4 |
| കൈതച്ചക്ക | 12000 | 600 | 100 | 20 | 0.9 |

## പാചകക്കുറിപ്പ്



### അവിയൽ



**ഒരുക്കേണ്ട വസ്തുക്കൾ :** വെള്ളരി, മുരിങ്ങയ്ക്ക, കാരറ്റ്, ചേന, പപ്പായ, കായ, കോവയ്ക്ക, പയർ, തൈര് എന്നിവ അര കപ്പ് വീതം. നാളികേരവും പച്ചമുളകും ചതച്ചത് 2 കപ്പ്. വെളിച്ചെണ്ണ 3 സ്പൂൺ, കറിവേപ്പില, ഉപ്പ്, മഞ്ഞൾപ്പൊടി.

**ഉണ്ടാക്കുന്ന വിധം :** പച്ചക്കറികളെല്ലാം വീതി കുറഞ്ഞ നീളമുള്ള കഷണങ്ങളായി മുറിച്ചെടുത്ത് ഒരു സ്പൂൺ മഞ്ഞളും ആവശ്യത്തിന് ഉപ്പും ചേർത്ത് പരന്ന പാത്രത്തിൽ അടച്ച് വേവിക്കുക. ഏതാണ്ട് വേവാറാകുമ്പോൾ നാളികേരവും പച്ചമുളകും ചതച്ചത് ചേർക്കുക. അടുപ്പിൽ നിന്ന് മാറ്റിയതിനുശേഷം തൈര് ചേർത്ത് ഇളക്കുക. അതിനുശേഷം വെളിച്ചെണ്ണയും കറിവേപ്പിലയും ചേർത്ത് ചെറുതായി ഇളക്കി അടച്ചുവയ്ക്കുക.

നിങ്ങൾ തയ്യാറാക്കിയ ഭക്ഷണചാർട്ടിൽ അവിയൽ ഉൾപ്പെട്ടിട്ടുണ്ടോ?

അവിയൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തുമ്പോൾ ഏതെല്ലാം പോഷകഘടകങ്ങൾ ലഭിക്കുന്നു. വിവിധ ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയ പോഷകഘടകങ്ങളെക്കുറിച്ച് മനസ്സിലാക്കിയല്ലോ. അവയെല്ലാം ശരിയായ അളവിൽ ലഭിക്കത്തക്ക രീതിയിൽ നിങ്ങളുടെ ഭക്ഷണശീലത്തിൽ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ? നിഗമനം ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തൂ. കണ്ടെത്തലുകൾ വീട്ടിൽ ചർച്ചചെയ്ത് നടപ്പാക്കൂ.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ആഹാരത്തിലെ പോഷകഘടകങ്ങളും അവ അടങ്ങിയ ഭക്ഷ്യവസ്തുക്കളും തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്താൻ കഴിയുന്നു.
- സമീകൃതാഹാരം എന്ന ആശയം തിരിച്ചറിഞ്ഞ് ഭക്ഷണച്ചാർട്ടുകൾ തയാറാക്കാൻ കഴിയുന്നു.
- പോഷക അപര്യാപ്തതാരോഗങ്ങളുടെ കാരണം കണ്ടെത്തി പരിഹാരമാർഗങ്ങൾ നിർദേശിക്കാൻ കഴിയുന്നു.
- ഭക്ഷണശീലത്തിൽ ആവശ്യമായ മാറ്റം വരുത്താൻ കഴിയുന്നു.

## വിലയിരുത്താം

1. താഴെ കൊടുത്തിരിക്കുന്ന പോഷകഘടകങ്ങളെ കൂടുതൽ അളവിൽ വേണ്ടതിൽനിന്ന് കുറഞ്ഞ അളവിൽ വേണ്ടത് എന്ന ക്രമത്തിൽ എഴുതൂ.

   പ്രോട്ടീൻ, ധാതുലവണങ്ങൾ, കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്



2.




രണ്ടു പ്രസ്താവനകളും വിശകലനം ചെയ്യൂ. നിങ്ങളുടെ നിഗമനം എന്താണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



3. കൂടുതൽ വിവരങ്ങൾ ചേർത്ത് ചിത്രീകരണം പൂർത്തിയാക്കൂ

**പോഷകഘടകങ്ങൾ**

| | | | | |
|---|---|---|---|---|
| കാർബോ ഹൈഡ്രേറ്റ് | | | | |
| • അരി<br>• ഗോതമ്പ്<br>•<br>•<br>• | •<br>•<br>•<br>•<br>• | •<br>•<br>•<br>•<br>• | •<br>•<br>•<br>•<br>• | •<br>•<br>•<br>•<br>• |

4. പോഷക അപര്യാപ്തതാരോഗങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനുവേണ്ടി ഡോക്ടറുമായി അഭിമുഖം നടത്തുന്നതിന് ആവശ്യമായ ചോദ്യങ്ങൾ തയാറാക്കൂ.



## തുടർപ്രവർത്തനങ്ങൾ



1. പ്രായത്തിനനുസരിച്ച് ഉണ്ടാവേണ്ട ഏകദേശ ഉയരവും തൂക്കവും പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ഉയരവും തൂക്കവും കണ്ടെത്തി പട്ടികയിലെ വിവരങ്ങളുമായി താരതമ്യം ചെയ്യൂ.

| വയസ്സ് | ആൺകുട്ടി | | പെൺകുട്ടി | |
|---|---|---|---|---|
| | ഉയരം (cm) | തൂക്കം (kg) | ഉയരം (cm) | തൂക്കം (kg) |
| 11 | 140 | 32.2 | 142 | 33.7 |
| 12 | 147 | 37 | 148 | 38.7 |
| 13 | 153 | 40.9 | 150 | 44 |
| 14 | 160 | 47 | 155 | 48 |
| 15 | 166 | 52.6 | 161 | 51.5 |



2. വിവിധ ഭക്ഷണവിഭവങ്ങളുടെ പാചകക്കുറിപ്പ് ശേഖരിച്ച് പതിപ്പ് തയാറാക്കൂ.
3. സ്കൂൾ ഉച്ചഭക്ഷണം കൂടുതൽ സമീകൃതമാക്കാൻ നിർദേശങ്ങൾ തയാറാക്കി ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# അടിസ്ഥാനശാസ്ത്രം

## ഭാഗം 2

## സ്റ്റാൻഡേർഡ് VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 633-1/Basic. Sci. 6(M)Vol-2

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കുട്ടികളേ,

എന്തെല്ലാം കാഴ്ചകൾ നാം ദിവസവും കാണുന്നു!
എത്രതരം ശബ്ദങ്ങൾ കേൾക്കുന്നു!
എത്രയെത്ര അനുഭവങ്ങളിലൂടെ കടന്നുപോകുന്നു!
കണ്ടതും കേട്ടതും അനുഭവപ്പെട്ടതുമെല്ലാം എന്തെന്നും എങ്ങനെയെന്നും ആലോചിക്കുമ്പോഴാണ് ശാസ്ത്രപഠനം ആരംഭിക്കുന്നത്. ക്ലാസ്മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല അത്.
സസ്യങ്ങൾ, ജന്തുക്കൾ, വെള്ളം, മണ്ണ്, വായു തുടങ്ങി പലതും നിങ്ങൾ മുമ്പ് നിരീക്ഷിച്ചിട്ടുണ്ടല്ലോ. ആ നിരീക്ഷണം കുറച്ചുകൂടി സൂക്ഷ്മതലത്തിലേക്കു പോവേണ്ടതുണ്ട്. അതിന് സഹായകമായ ഒട്ടേറെ പ്രവർത്തനങ്ങളും ഉപകരണനിർമാണത്തിനുള്ള സാധ്യതകളും ഈ പുസ്തകത്തിൽ ഒരുക്കിയിട്ടുണ്ട്.
ശാസ്ത്രക്ലബ്ബ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിർദേശങ്ങൾ ഉണ്ട്. കൂടുതൽ വ്യക്തത വരുത്താൻ ഐ.സി.ടി. സാധ്യതകൾ സൂചിപ്പിച്ചിട്ടുണ്ട്.
ഓരോ പാഠഭാഗത്തിന്റെയും അവസാനം നിങ്ങൾക്ക് സ്വയം ഏറ്റെടുത്തു ചെയ്യാവുന്ന പ്രവർത്തനങ്ങൾക്കുള്ള നിർദേശങ്ങളുമുണ്ട്.
അധ്യാപകരുടെ സഹായത്തോടെ എല്ലാ പ്രവർത്തനങ്ങളും ചെയ്യൂ.
ശാസ്ത്രാഭിരുചിയുള്ള ഒരു സമൂഹം സൃഷ്ടിക്കാൻ നമുക്ക് കഴിയട്ടെ.

സ്നേഹാശംസകളോടെ,

ഡോ. ജെ. പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**സാനു വി.കെ**
സീനിയർ ലക്ചറർ, ഡയറ്റ്, ഇടുക്കി

**മനോജ് കോട്ടക്കൽ**
ജി.എം.യു.പി.എസ്, കോട്ടക്കൽ

**ഇല്യാസ് പെരിമ്പലം**
ജി.വി.എച്ച്.എസ്.എസ്, നെല്ലിക്കുത്ത്

**അടാട്ട് വാസുദേവൻ**
എ.യു.പി.എസ്, നെല്ലിശ്ശേരി

**സെറാഫിൻ പിൻഹീറോ**
യു.പി.എസ്.എ. (റിട്ട.),
ജി.യു.പി.എസ്, വെള്ളാങ്കല്ലൂർ

**സുനന്ദൻ ടി.പി.**
അക്കര യു.പി.എസ്, കാവശ്ശേരി

**പി. വാസുദേവൻ**
വി.പി.എ.യു.പി.എസ്, വിളയിൽ

**അജിത്കുമാർ എം.**
യു.ആർ.സി. സൗത്ത്
തിരുവനന്തപുരം

**അരുൺ എസ്. നായർ**
സി.എച്ച്.എസ്.
അടയ്ക്കാക്കുണ്ട്

**മുഹമ്മദ് അബ്ദുൽനാസർ.കെ**
ഐ.ടി @ സ്കൂൾ, കോഴിക്കോട്

**പ്രതാപൻ പി.**
എ.യു.പി.എസ്, എഴുവൻതല
നോർത്ത്, പാലക്കാട്

## വിദഗ്ധർ

**ഡോ. അലാവുദ്ദീൻ എം.** പ്രിൻസിപ്പൽ (റിട്ട), ഗവ. കോളേജ്, എലേരിത്തട്ട്

**ഡോ. എസ്. മോഹനൻ,** റീഡർ & ഹെഡ് (റിട്ട), ഡിപാർട്ട്മെന്റ് ഓഫ് ഫിസിക്സ്
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**സെബാസ്റ്റ്യൻ ലൂക്കോസ്,** യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**പ്രൊഫ. ശിവശങ്കരപ്പിള്ള,** റീഡർ & ഹെഡ് (റിട്ട), ഡിപാർട്ട്മെന്റ് ഓഫ് ഫിസിക്സ്
വിമെൻസ് കോളേജ്, തിരുവനന്തപുരം

**പോൾ പി.ഐ.** അസോ. പ്രൊഫസർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

**ഡോ. എൻ. രതീഷ്,** അസി. പ്രൊഫസർ, എസ്.എൻ. കോളേജ്, കൊല്ലം

## ചിത്രകാരന്മാർ

**മുസ്തജിബ് ഇ.സി,** എം.എം.ഇ.ടി.എച്ച്.എസ്.എസ്, മേൽമുറി, മലപ്പുറം

**നൗഷാദ് വെള്ളലശ്ശേരി,** ഗണപത് എ.യു.പി.എസ്, കിഴിശ്ശേരി

**മുഹമ്മദ് ഷമീം,** വി.എ.യു.പി.എസ്, കാവനൂർ

**ലോഹിതാക്ഷൻ കെ,** അസീസി ബധിരവിദ്യാലയം, മലാപ്പറമ്പ്

**വിശ്വനാഥൻ പി,** ഡി.ഡി.ഇ. ഓഫീസ്, മലപ്പുറം.

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ആൻസി വർഗീസ്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം


| | | |
|---|---|---|
| 6. | ഒന്നിച്ചു നിലനിൽക്കാം | 79 |
| 7. | ആകർഷിച്ചും വികർഷിച്ചും | 88 |
| 8. | തിങ്കളും താരങ്ങളും | 99 |
| 9. | ചേർക്കാം പിരിക്കാം | 115 |
| 10. | രൂപത്തിനും ബലത്തിനും | 124 |


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

**ഈ പുസ്തകത്തിൽ സൗകര്യത്തിനായി ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു.**



**അധികവായനയ്ക്ക്**
**(വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല)**



**ആശയവ്യക്തത വരുത്തുന്നതിന് ICT സാധ്യത**
[IT@School Edubuntu വിൽ Applications → School Resource ൽ ലഭ്യമായവ]



**പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ**



**വിലയിരുത്താം**



**തുടർപ്രവർത്തനങ്ങൾ**

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



6

# ഒന്നിച്ചു നിലനിൽക്കാം




മൽസ്യത്തിന്റെ സങ്കടം കേട്ടില്ലേ.

മൽസ്യങ്ങൾക്ക് ജീവിക്കാൻ സഹായകമായ എന്തെല്ലാം ഘടകങ്ങളാണ് കുളങ്ങളിലുള്ളത്?

- ജലസസ്യങ്ങൾ
- 
- 
- 

നിങ്ങൾ കണ്ടെത്തിയവയിൽ ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും ഇല്ലേ? അവ പട്ടികപ്പെടുത്തൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| ജീവീയഘടകങ്ങൾ | അജീവീയഘടകങ്ങൾ |
|---|---|
| | |

ഇവയിൽ ഏതെല്ലാമാണ് അക്വേറിയത്തിൽ ജീവിക്കുന്ന മൽസ്യത്തിന് നഷ്ടപ്പെടുന്നത്?

## ഒത്തുചേർന്ന്



ചിത്രം നോക്കൂ. എത്രയെത്ര ജീവികളാണ് ഇവിടെ ഒരുമിച്ചു കഴിയുന്നത്! ജീവികൾ മാത്രമാണോ ഇവിടെയുള്ളത്? കണ്ടെത്തി എഴുതൂ.

എല്ലാ ജീവികളും ആശ്രയിക്കുന്ന ജീവീയ - അജീവീയ ഘടകങ്ങൾ ഒന്നു തന്നെയാണോ?

- കൊക്ക് അതിന്റെ നിലനിൽപ്പിന് ഏതെല്ലാം ജീവീയവും അജീവീയവുമായ ഘടകങ്ങളെ ആശ്രയിക്കുന്നു?

ചുറ്റുപാടുമുള്ള ജീവികൾ അവയുടെ നിലനിൽപ്പിനുവേണ്ടി ആശ്രയിക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തൂ.

| ജീവി | ആശ്രയിക്കുന്ന ഘടകങ്ങൾ | |
|---|---|---|
| | ജീവീയം | അജീവീയം |
| • കുറുക്കൻ | | |
| • പുഴു | | |
| • | | |
| • | | |

ഓരോ ജീവിക്കും അവയുടെ നിലനിൽപ്പിന് ഒട്ടേറെ ജീവീയവും അജീവീയവുമായ ഘടകങ്ങൾ ആവശ്യമാണല്ലോ.

### ആവാസവ്യവസ്ഥ (Ecosystem)

ഒരു ജീവി ജീവിക്കുന്ന പ്രകൃതിദത്തമായ ചുറ്റുപാടിനെയാണ് ആവാസം എന്നു പറയുന്നത്. ജീവീയഘടകങ്ങളും അജീവീയഘടകങ്ങളും ഉൾപ്പെടുന്നതും അവയുടെ പരസ്പര ബന്ധത്തിലൂടെ നിലനിൽക്കുന്നതുമായ സംവിധാനമാണ് ആവാസവ്യവസ്ഥ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നിങ്ങളുടെ പ്രദേശത്തുള്ള ആവാസവ്യവസ്ഥകൾ ഏതെല്ലാമാണ്? പട്ടികയാക്കൂ.

- കാവ്
-
-







ഇത്തരത്തിലുള്ള ഏതെങ്കിലും ഒരു ആവാസവ്യവസ്ഥ സന്ദർശിക്കൂ. നിങ്ങളുടെ പഞ്ചായത്തിലെ ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർകൂടി ഉപയോ ഗപ്പെടുത്തുമല്ലോ.

- എന്തൊക്കെ മുന്നൊരുക്കം നടത്തണം?
  - സ്ഥലം, സമയം തീരുമാനിക്കൽ
  - വിദഗ്ധസഹായം തേടൽ
  -
- നിരീക്ഷണസമയത്ത് എങ്ങനെ രേഖപ്പെടുത്തണം?
  - പട്ടികകൾ
  - ചിത്രീകരണം
  -

## അമ്മുവിന്റെ നിരീക്ഷണക്കുറിപ്പിൽനിന്ന്

ഉച്ചനേരമായതിനാൽ കുളത്തിന്റെ അടിത്തട്ടുവരെ തെളിഞ്ഞു കാണാമായിരുന്നു. വിവിധതരം മൽസ്യങ്ങൾ വെള്ളത്തിലൂടെ നീന്തുന്നത് ഞങ്ങൾ കൗതുകത്തോടെ നോക്കിനിന്നു. ചില മൽസ്യ ങ്ങൾ ജലത്തിലെ ചെറുസസ്യങ്ങളെ ആഹാരമാ ക്കുന്നതു കണ്ടു. അതിനിടയിലാണ് ഒരു പുൽച്ചാടി വെള്ളത്തിലേക്കു വീണത്. 'ടപ്പ്' .........ഒരു വരാൽ മൽസ്യം കുളത്തിനടിയിൽനിന്ന് ഉയർന്നുവന്ന് അതിനെ വിഴുങ്ങി. തിരിച്ച് വെള്ളത്തിനടിയിലേക്ക് ഊളിയിട്ട് ഒരു കല്ലിനടിയിൽ പോയി ഒളിച്ചു. കുള ത്തിന്റെ ഒരു വശത്തുള്ള പൊത്തിൽ നിന്നു പുറത്തു വന്ന നീർക്കോലി തവളയെ പിടിക്കുന്ന തുകണ്ട ഞങ്ങളിൽ പലരും പേടിച്ചുപോയി! ഒരു കൂട്ടം ചെറുമീനുകൾ ഒന്നിച്ചു നീങ്ങുന്ന കാഴ്ച മനോഹരമായിരുന്നു. ഒരു വലിയമീൻ അവയെ പിടിക്കാനായി നീന്തി അടുത്തതോടെ അവ കുള ത്തിന്റെ മൂലയിലുള്ള പായലുകൾക്കിടയിൽ മറ ഞ്ഞു. ജലം, മണ്ണ്, കല്ല്, വായു, പായലുകൾ, ജല സസ്യങ്ങൾ, മൽസ്യങ്ങൾ, തവളകൾ, നീർക്കോലി തുടങ്ങിയ എത്രയെത്ര ഘടകങ്ങളാണ് കുളത്തിൽ ഉള്ളത്! കുളം കാണാൻ ടീച്ചർ ഞങ്ങളെ കൊണ്ടു പോകുമ്പോൾ ഇത്രയേറെ കാര്യങ്ങൾ അവിടെ കാണാനും മനസ്സിലാക്കാനും ഉണ്ടാകുമെന്ന് വിചാരിച്ചിരുന്നില്ല!....



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സന്ദർശനശേഷം എന്തൊക്കെ?
- നിരീക്ഷണക്കുറിപ്പ് വിശകലനവും മെച്ചപ്പെടുത്തലും
- റിപ്പോർട്ട് തയാറാക്കൽ, അവതരണം

## ആഹാരത്തിനായി

നീർക്കോലി തവളയെ പിടിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? നീർക്കോലി തവളയെ ആഹാരമാക്കുന്നു. തവള എന്തിനെയെല്ലാമാണ് ആഹാരമാക്കുന്നത്?



- പുൽച്ചാടി
- 
- 

പുൽച്ചാടിക്ക് എവിടെനിന്നാണ് ആഹാരം ലഭിക്കുന്നത്?

ആഹരിക്കപ്പെടുന്നതിന്റെ ക്രമത്തിൽ ഇവയെ നമുക്കു ചിത്രീകരിക്കാം.



നീർക്കോലിയെ തിന്നുന്ന ജീവികൾ ഇല്ലേ? ചിത്രീകരണത്തിൽ കൂട്ടിച്ചേർക്കൂ.

താഴെക്കൊടുത്ത ചിത്രങ്ങളിൽ സൂചിപ്പിച്ച ജീവികളെ ഉപയോഗിച്ച് ആഹാരബന്ധങ്ങൾ പൂർത്തീകരിക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പുല്ല് → മാൻ → സിംഹം

____ → പുൽച്ചാടി → ____ → പാമ്പ്

____ → പുഴു → കോഴി → ____

____ → ____ → ____ → ____

ഇത്തരം ആഹാരബന്ധങ്ങളെ ഭക്ഷ്യശൃംഖല (Food chain) എന്നു പറയുന്നു.

കൂടുതൽ ഭക്ഷ്യശൃംഖലകൾ കണ്ടെത്തി ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

- നിങ്ങൾ കണ്ടെത്തിയ ഭക്ഷ്യശൃംഖലകളുടെ ആദ്യത്തെ കണ്ണികൾ എഴുതൂ.
- ഭക്ഷ്യശൃംഖലകളിലെ അവസാന കണ്ണിയായി വരുന്ന ജീവികൾ ഏതെല്ലാം?

ഭക്ഷ്യശൃംഖലകളിലെ ആദ്യകണ്ണി എപ്പോഴും ഹരിതസസ്യമായിരിക്കും. അവസാനകണ്ണിയായി വരുന്നത് പൊതുവെ മാംസഭോജികളായിരിക്കും. ഇടയ്ക്കുള്ളവ സസ്യഭോജികളോ മിശ്രഭോജികളോ ആകാം.

## എത്ര ആഹാരബന്ധങ്ങൾ?

ഈ ചിത്രീകരണം ശ്രദ്ധിക്കൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- പുൽച്ചാടിയെ തവള മാത്രമാണോ ആഹാരമാക്കുന്നത്?
- സിംഹം ഏതെല്ലാം ജീവികളെ ആഹാരമാക്കുന്നു?

ഇതിൽനിന്ന് നിങ്ങൾക്ക് എത്ര ഭക്ഷ്യശൃംഖലകൾ കണ്ടെത്താനാവും? ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

വിവിധ ഭക്ഷ്യശൃംഖലകൾ ഒന്നിച്ചുചേർന്നുണ്ടാകുന്നതാണ് ഭക്ഷ്യശൃംഖലാജാലം (Food web). പ്രകൃതിയിൽ ഭക്ഷ്യശൃംഖലാജാലമാണുള്ളത്.

പരിചിതമായ ജീവികളെ ഉൾപ്പെടുത്തി ഒരു ഭക്ഷ്യശൃംഖലാജാലം തയാറാക്കൂ.

## ഉൽപ്പാദിപ്പിക്കുന്നവരും ഉപയോഗിക്കുന്നവരും

ഭക്ഷ്യശൃംഖലകളിലെ ആദ്യകണ്ണി എപ്പോഴും ഹരിതസസ്യങ്ങളാണെന്ന് നാം കണ്ടെത്തിയല്ലോ. എന്താവാം ഇതിനു കാരണം? പ്രകാശസംശ്ലേഷണം എന്ന ആശയവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യൂ.

ഹരിതസസ്യങ്ങൾ സ്വയം ആഹാരം നിർമിക്കുന്നു. അതിനാൽ അവ ഉൽപ്പാദകർ (Producers) എന്നറിയപ്പെടുന്നു. ആഹാരത്തിനായി മറ്റു ജീവികളെ ആശ്രയിക്കുന്ന ജീവികളെ ഉപഭോക്താക്കൾ (Consumers) എന്നു വിളിക്കുന്നു.

- സിംഹവും പുലിയുമൊക്കെ ആഹാരത്തിന് സസ്യങ്ങളെ ആശ്രയിക്കുന്നുണ്ടോ?
- അവയുടെ ഇരകളാവുന്ന ജീവികൾക്ക് എവിടെനിന്നാണ് ആഹാരം ലഭിക്കുന്നത്?

  എല്ലാ ജീവികളും പ്രത്യക്ഷമായോ പരോക്ഷമായോ ആഹാരത്തിന് ഹരിതസസ്യങ്ങളെ ആശ്രയിക്കുന്നു എന്നു വ്യക്തമായില്ലേ.

## മണ്ണോടു ചേർക്കുന്നവർ

ഹരിതസസ്യങ്ങൾക്ക് ആഹാരം നിർമിക്കാനും വളരാനും ചില പോഷകഘടകങ്ങൾ ആവശ്യമല്ലേ? ഈ പോഷകഘടകങ്ങൾ സസ്യങ്ങൾ മണ്ണിൽനിന്ന് നിരന്തരം വലിച്ചെടുക്കുന്നു. എന്നിട്ടും പോഷകഘടകങ്ങൾ മണ്ണിൽ എല്ലാ കാലത്തും നിലനിൽക്കുന്നത് എങ്ങനെയാണ്?

ഒരു വൃക്ഷച്ചുവട്ടിൽ വീണുകിടക്കുന്ന ഇലകൾ പരിശോധിച്ച് കണ്ടെത്തലുകൾ എഴുതാം.

| പരിശോധിക്കുന്ന ഇല | ഇലയ്ക്ക് സംഭവിച്ച മാറ്റം |
|---|---|
| • ഒന്നോ രണ്ടോ ദിവസം മുമ്പ് വീണ ഇല. | |
| • കുറേ ദിവസങ്ങൾക്കു മുമ്പ് വീണ ഇല. | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സസ്യങ്ങളും ജന്തുക്കളും നശിക്കുമ്പോൾ അവയുടെ ശരീരഭാഗങ്ങൾക്ക് എന്തു സംഭവിക്കുന്നു?

**വിഘാടകർ (Decomposers)**

ജൈവാവശിഷ്ടങ്ങളെ വിഘടിപ്പിച്ച് മണ്ണിനോടു ചേർക്കുന്നത് ബാക്ടീരിയ, ഫംഗസ് മുതലായ സൂക്ഷ്മജീവികളാണ്. ഇവയെ വിഘാടകർ എന്നു പറയുന്നു.

വിഘാടകരുടെ പ്രവർത്തനഫലമായി ജൈവാവശിഷ്ടങ്ങൾ വിഘടിക്കപ്പെടുമ്പോൾ ഉണ്ടാവുന്ന പോഷകഘടകങ്ങൾ സസ്യങ്ങളുടെ വളർച്ചയ്ക്ക് വീണ്ടും ലഭ്യമാവുന്നു.


ഫംഗസ്


ബാക്ടീരിയ

താഴെക്കൊടുത്ത ചിത്രീകരണം വിശകലനം ചെയ്ത് ഉൽപ്പാദകർ, ഉപഭോക്താക്കൾ, വിഘാടകർ എന്നിവ തമ്മിലുള്ള ബന്ധം വിശദീകരിക്കൂ.




## പ്രകൃതിയിൽ ഇടപെടുമ്പോൾ

ഉൽപ്പാദകർ, ഉപഭോക്താക്കൾ, വിഘാടകർ, അജീവീയഘടകങ്ങൾ എന്നിവയെല്ലാം ഒരു ആവാസവ്യവസ്ഥയുടെ ഭാഗമാണെന്ന് മനസ്സിലായല്ലോ. ഇവയിൽ ഏതെങ്കിലും ഒരു ഘടകത്തിനുണ്ടാവുന്ന മാറ്റം ആവാസവ്യവസ്ഥയിൽ എന്തു മാറ്റം വരുത്തും?

മനുഷ്യന്റെ പല പ്രവർത്തനങ്ങളും ആവാസവ്യവസ്ഥയുടെ നാശത്തിനു കാരണമാവുന്നുണ്ട്. അവ ഏതെല്ലാമാണെന്ന് പട്ടികയാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



താഴെക്കൊടുത്ത സന്ദർഭങ്ങൾ പരിശോധിക്കൂ.




കുന്നിടിക്കുകയും വയൽ നികത്തുകയും ചെയ്യുമ്പോൾ ഉണ്ടാവുന്ന പ്രശ്നങ്ങൾ താഴെക്കൊടുത്ത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്ത് ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

- ഏതെല്ലാം ആവാസവ്യവസ്ഥകളുടെ തകർച്ചയ്ക്കാണ് ഈ പ്രവർത്തനങ്ങൾ ഇടയാക്കുന്നത്?
- ഏതെല്ലാം ജീവികൾക്കാണ് വാസസ്ഥലം നഷ്ടപ്പെടുന്നത്?
- ഏതെല്ലാം ജീവികളുടെ ഭക്ഷ്യലഭ്യത കുറയും?
- സസ്യങ്ങളുടെ വളർച്ചയ്ക്കാവശ്യമായ അജീവീയഘടകങ്ങളുടെ ലഭ്യതയെ ഈ പ്രവർത്തനങ്ങൾ എങ്ങനെ ബാധിക്കും?

ഉൽപ്പാദകർ, ഉപഭോക്താക്കൾ, വിഘാടകർ എന്നിവയെല്ലാം പരസ്പരം ബന്ധപ്പെട്ടാണ് നിലനിൽക്കുന്നതെന്ന് നാം കണ്ടെത്തിയല്ലോ. ഇവ ഓരോന്നും നിലനിൽക്കേണ്ടതിന്റെയും സംരക്ഷിക്കപ്പെടേണ്ടതിന്റെയും പ്രാധാന്യം ഒരു സെമിനാറിലൂടെ അവതരിപ്പിക്കൂ. മനുഷ്യന്റെ ഇടപെടൽ ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന നിരവധി അനുഭവങ്ങൾ നമുക്കുണ്ട്. അതിനുള്ള പരിഹാരമാർഗങ്ങൾ കൂടി സെമിനാറിന്റെ ഭാഗമായി നിർദേശിക്കുമല്ലോ.

*IT@School Edubuntu വിൽ School Resources ലെ 'ജൈവവൈവിധ്യം ഇന്നലെ ഇന്ന് നാളെ' എന്ന ഭാഗം കാണുമല്ലോ.*



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ആവാസവ്യവസ്ഥ, അതിന്റെ സവിശേഷതകൾ എന്നിവ എന്തെല്ലാമെന്നു തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.
- ഭക്ഷ്യശൃംഖല, ഭക്ഷ്യശൃംഖലാജാലം എന്നിവ എന്തെന്നു വിശദീകരിക്കാനും ഉദാഹരണങ്ങൾ നൽകാനും കഴിയുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ഒരു ആവാസവ്യവസ്ഥയിലെ ഘടകങ്ങളായ ഉൽപ്പാദകർ, ഉപഭോക്താക്കൾ, വിഘാടകർ എന്നിവയുടെ പരസ്പരബന്ധം തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.
- മനുഷ്യന്റെ ഇടപെടൽമൂലം ആവാസവ്യവസ്ഥയ്ക്കുണ്ടാവുന്ന ദോഷങ്ങൾ തിരിച്ചറിഞ്ഞ് അതിന്റെ സംരക്ഷണത്തിനു സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.



## വിലയിരുത്താം

1. താഴെപ്പറയുന്ന ജീവികൾ ഉൾപ്പെടുന്ന പരമാവധി ഭക്ഷ്യശൃംഖലകൾ കണ്ടെത്തുക.
   ആമ, മൽസ്യം, ജലസസ്യം, പൊന്മാൻ, നീർക്കോലി, പരുന്ത്, തവള, ഞണ്ട്, മുഷി.
2. ഒരു കുളത്തിലെ വിവിധ ഘടകങ്ങളെ റൂബി പട്ടികപ്പെടുത്തിയതാണിത്.

| ഉൽപ്പാദകർ | ഉപഭോക്താക്കൾ | വിഘാടകർ | അജീവീയ ഘടകങ്ങൾ |
|---|---|---|---|
| പായൽ | നീർക്കോലി | ബാക്ടീരിയകൾ | വെള്ളം |
| ആമ്പൽ | ഞണ്ട് | ചെറുമീനുകൾ | വായു |
| താമര | തവള | ഫംഗസുകൾ | മണൽ |
| പരൽമൽസ്യം | വരാൽമീൻ | | കല്ലുകൾ |

- എല്ലാ കൂട്ടങ്ങളിലും അനുയോജ്യമായവ മാത്രമാണോ ഉൾപ്പെട്ടിട്ടുള്ളത്? അല്ലാത്തവ ഏതെല്ലാം?
- ഈ ആവാസവ്യവസ്ഥയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

3. പടർന്നുപന്തലിച്ചുനിൽക്കുന്ന ഒരു മാവ് മുറിച്ചു മാറ്റിയാൽ അത് ഏതെല്ലാം ജീവികളെ എങ്ങനെയെല്ലാം ബാധിക്കും എന്നു വിശദീകരിക്കുക.



## തുടർപ്രവർത്തനങ്ങൾ

1. വിവിധ ആവാസവ്യവസ്ഥകളുടെ നാശത്തിനിടയാക്കുന്ന മനുഷ്യന്റെ ഇടപെടലുകളുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വരുന്ന വാർത്തകൾ ശേഖരിച്ച് പതിപ്പ് തയാറാക്കൂ.
2. നിങ്ങളുടെ പ്രദേശത്തെ ഭീഷണി നേരിടുന്ന ഒരു ആവാസവ്യവസ്ഥ സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് തയാറാക്കി തദ്ദേശസ്വയംഭരണാധികാരിക്ക് അയയ്ക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# 7

# ആകർഷിച്ചും വികർഷിച്ചും

ശക്തമായ കാറ്റു വീശുമ്പോൾ നീനുവിന്റെ വീടിന്റെ മുൻവശത്തെ വാതിൽ ചുമരിൽ വന്നടിക്കുക സാധാരണമാണ്. നീനുവും ചേട്ടനും ചേർന്ന് ചില ഉപകരണങ്ങൾ സംഘടിപ്പിച്ചു. വാതിൽ ചുമരിനോടു ചേരുന്ന ഭാഗത്ത് ചുമരിലും വാതിലിലുമായി അവ ഉറപ്പിച്ചു. ഇപ്പോൾ വാതിൽ തുറന്നു വച്ചാൽ ചുമരിനോടു ചേർന്നുതന്നെ നിൽക്കുന്നു. കാറ്റത്തു ചുമരിൽ വന്നടിക്കുന്നില്ല. ഇതു ശ്രദ്ധയിൽപ്പെട്ട അമ്മ ചോദിച്ചു.

"എന്തു സൂത്രപ്പണിയാണ് നിങ്ങൾ അവിടെ ചെയ്തു വച്ചിരിക്കുന്നത്?"



**എന്തായിരിക്കാം അവർ ചെയ്തത്?**

**താഴെ സൂചിപ്പിച്ച വസ്തുക്കൾ ഉപയോഗിച്ച് നിങ്ങൾക്ക് ഏതെങ്കിലും മാർഗം നിർദേശിക്കാൻ കഴിയുമോ?**

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സെറ്റ് 1- മരക്കഷണം, പശ

സെറ്റ് 2- കാന്തം, ഇരുമ്പുകഷണം

സെറ്റ് 3- 2 കാന്തങ്ങൾ

സെറ്റ് 4- ഇഷ്ടിക

## വലിച്ചടുപ്പിക്കുന്ന കാന്തം

കാന്തങ്ങളെക്കുറിച്ചു കേട്ടിട്ടുണ്ടോ? എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്കറിയാം?



ചില വസ്തുക്കളെ കാന്തം ആകർഷിക്കുന്നു. ഏതെല്ലാമാണവ?

ഈ പ്രവർത്തനം നോക്കാം.

മൊട്ടുസൂചി, ബ്ലേഡ്, സേഫ്റ്റിപിൻ, ഇരുമ്പാണി എന്നിവ ഒരു കാന്തത്തിനടുത്തേക്കു കൊണ്ടുവരൂ. എന്താണു സംഭവിച്ചത്?

## ആകർഷിക്കുന്നവയും ആകർഷിക്കാത്തവയും

താഴെക്കൊടുത്തിരിക്കുന്ന വസ്തുക്കളിൽ കാന്തം ആകർഷിക്കുന്നവയെ കണ്ടെത്തൂ.

വിജാഗിരി, വിവിധ നാണയങ്ങൾ, സ്ക്രൂഡ്രൈവർ, കോമ്പസ്, സ്റ്റെയിൻലെസ് സ്റ്റീൽ പാത്രം, അലുമിനിയംകമ്പി, ചെമ്പുകമ്പി, പേന, റബ്ബർ, ചില്ല്, സ്പൂൺ, ജെംക്ലിപ്പ്, പ്ലാസ്റ്റിക്.

കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ പട്ടികപ്പെടുത്തൂ.

| കാന്തം ആകർഷിക്കുന്നവ | കാന്തം ആകർഷിക്കാത്തവ |
|---|---|
| | |

വീട്ടിലും ചുറ്റുപാടുമുള്ള മറ്റു വസ്തുക്കളെയും ഇതുപോലെ പരിശോധിച്ച് പട്ടിക വിപുലപ്പെടുത്താമല്ലോ.

കാന്തം ആകർഷിക്കുന്ന വസ്തുക്കൾ ഏതു പദാർഥങ്ങൾ കൊണ്ടാണ് നിർമിച്ചിരിക്കുന്നത്?

കാന്തം ആകർഷിക്കുന്ന വസ്തുക്കളെ കാന്തികവസ്തുക്കൾ (Magnetic substances) എന്നും ആകർഷിക്കാത്തവയെ അകാന്തികവസ്തുക്കൾ (Non magnetic substances) എന്നും പറയുന്നു. ഇരുമ്പ്, നിക്കൽ, കൊബാൾട്ട്, ഉരുക്ക് എന്നിവ കാന്തികവസ്തുക്കളാണ്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## കാന്തം കണ്ടെത്തിയ കഥ



ഗ്രീക്കുകാരനായ മാഗ്നസ് എന്ന ആട്ടിടയൻ സമീപത്തുള്ള കുന്നിൻപ്രദേശത്ത് ഒരു വടിയും കുത്തിപ്പിടിച്ച് ആടുകളെ മേച്ചു നടക്കുകയായിരുന്നു. ഒരു പാറ ചവിട്ടിക്കയറുമ്പോൾ പെട്ടെന്ന് വടി പാറയിൽ ഒട്ടിപ്പിടിച്ചതുപോലെ തോന്നി. വടിയുടെ അറ്റത്ത് ഉറപ്പിച്ചിരുന്ന ഇരുമ്പിനെയാണ് പാറ ആകർഷിച്ചത്. ഇരുമ്പിനെ ആകർഷിക്കാൻ കഴിവുള്ള ലോഡ്സ്റ്റോൺ ആയിരുന്നു ആ പാറ. പിന്നീട് ഇത്തരം പാറകളെ ഗ്രീക്കുകാർ മാഗ്നറ്റൈറ്റ് എന്നു വിളിച്ചു വന്നു. ഇത് പ്രകൃതിയിലെ കാന്തങ്ങളാണ്. പിൽക്കാലത്ത് ഇരുമ്പ്, ഉരുക്ക് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് കാന്തം നിർമിക്കാൻ തുടങ്ങി. ഇത്തരം കാന്തങ്ങളാണ് കൃത്രിമകാന്തങ്ങൾ.

## വ്യത്യസ്തയിനം കാന്തങ്ങൾ

കാന്തങ്ങൾക്കെല്ലാം ഒരേ ആകൃതിയും വലുപ്പവുമാണോ?

നിങ്ങളുടെ പക്കൽ കാന്തങ്ങൾ ഉണ്ടോ? എന്താണതിന്റെ ആകൃതി?

വിവിധ തരം കാന്തങ്ങൾ പരിചയപ്പെടാം. നാം സാധാരണ ഉപയോഗിക്കുന്ന ചില കാന്തങ്ങളുടെ ചിത്രങ്ങൾ പരിശോധിക്കൂ.


ബാർകാന്തം


U കാന്തം


ഡിസ്ക് കാന്തം


റിങ് കാന്തം


ആർക്ക് കാന്തം


സിലിൻഡ്രിക്കൽ കാന്തം

ഇതിൽ ഏതെല്ലാം കാന്തങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ട്? സ്കൂൾലാബിലുള്ള കാന്തങ്ങൾ എടുത്ത് പരിശോധിക്കൂ.

ഇരുമ്പിന്റെ കൂടെ അലുമിനിയം, നിക്കൽ, കൊബാൾട്ട് എന്നീ ലോഹങ്ങൾ ചേർത്തുണ്ടാക്കുന്ന അൽനിക്കൊ എന്ന ലോഹസങ്കരമുപയോഗിച്ചാണ് കാന്തങ്ങൾ നിർമിക്കുന്നത്. നിയോഡിമിയം, സമേറിയം തുടങ്ങിയ പദാർഥങ്ങളും കാന്തം നിർമിക്കുന്നതിന് ഉപയോഗിക്കുന്നു.

## കാന്തങ്ങളുടെ ഉപയോഗങ്ങൾ

എവിടെയെല്ലാമാണ് കാന്തങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നത്?

ടി.വി, റേഡിയോ, മൈക്ക്സെറ്റ് (പബ്ലിക് അഡ്രസ് സിസ്റ്റം) തുടങ്ങിയവയിൽ ശബ്ദം പുറപ്പെടുവിക്കുന്നത് സ്പീക്കറുകളാണ്. സ്പീക്കറുകളിൽ കാന്തം ഉപയോഗിക്കുന്നു. മൊബൈൽഫോണിലും ഹെഡ്ഫോണിലും കാന്തങ്ങളുണ്ട്. കാന്തം ഉപയോഗപ്പെടുത്തിയിട്ടുള്ള മറ്റ് ഉപകരണങ്ങൾ കണ്ടെത്തി പട്ടികയാക്കുക.





രണ്ടു ചിത്രങ്ങളും നിരീക്ഷിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സൗണ്ട്ബോക്സിലെ സ്പീക്കർ വലുതും ഹെഡ്ഫോണിൽ ഉപയോഗിക്കുന്ന സ്പീക്കർ ചെറുതും ആയതിന്റെ കാരണമെന്തായിരിക്കും?
- രണ്ട് സ്പീക്കറുകൾക്കും ഒരേ ഉച്ചതയിലുള്ള ശബ്ദം ആവശ്യമുണ്ടോ?

| ലൗഡ്സ്പീക്കറിലെ കാന്തം വലുതായതിനു കാരണം | ഹെഡ്ഫോണിലെ കാന്തം ചെറുതായതിനു കാരണം |
|---|---|
| | |

ഒരാൾ സംസാരിക്കുന്നത് കൂടുതൽ ആളുകളെ കേൾപ്പിക്കാൻ ഏതു സ്പീക്കറായിരിക്കും അനുയോജ്യം?



കാന്തങ്ങൾക്ക് വ്യത്യസ്ത ആകൃതി എന്തിനാണ്?

സ്പീക്കറുകളിൽ ഉപയോഗിക്കുന്ന കാന്തത്തിന്റെ ആകൃതി നാം മനസ്സിലാക്കിയല്ലോ. ഒരു മിനി മോട്ടോറിലെ കാന്തങ്ങളുടെ ചിത്രങ്ങൾ നോക്കൂ. ഇവയുടെ ആകൃതിയിലും വലുപ്പത്തിലുമുള്ള വ്യത്യാസത്തിന് കാരണമെന്താവാം?

ഉപകരണത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് അതിലുപയോഗിക്കുന്ന കാന്തത്തിന്റെ ആകൃതിയും വലുപ്പവും വ്യത്യാസപ്പെട്ടിരിക്കും. മിനി മോട്ടോറിന്റെ പ്രവർത്തനത്തിന് ചാപ (Arc) രൂപത്തിലുള്ള കാന്തങ്ങളോ റിങ്ട്യൂബ് (Ring tube) കാന്തങ്ങളോ ആണ് യോജിക്കുക.

## കാന്തം ആകർഷിക്കുമ്പോൾ

കാന്തങ്ങളുടെ ആകർഷണശക്തി എല്ലാ ഭാഗത്തും ഒരുപോലെയാണോ?

ആവശ്യമായ വസ്തുക്കൾ :

*ഇരുമ്പുപൊടി, വിവിധ ആകൃതിയിലുള്ള കാന്തങ്ങൾ, നേർത്ത പ്ലാസ്റ്റിക് പേപ്പർ/പോളിത്തീൻ പേപ്പർ, A4 വലുപ്പത്തിൽ ചാർട്ട് പേപ്പർ.*

### ഇരുമ്പുപൊടി ശേഖരിക്കാൻ

മുറ്റത്തുനിന്ന് ഇരുമ്പുപൊടി ശേഖരിക്കാം. ഒരു കാന്തം തുണികൊണ്ടോ പേപ്പർകൊണ്ടോ പൊതിഞ്ഞ് മുറ്റത്തെ മണ്ണിലൂടെ അൽപ്പദൂരം വലിച്ചു കൊണ്ടു പോകൂ. പൊതിയുടെ പുറത്ത് കറുത്തപൊടി പറ്റിപ്പിടിക്കുന്നില്ലേ? കാന്തം ആകർഷിക്കുന്ന വസ്തുക്കൾ മണ്ണിലുണ്ട് എന്നല്ലേ ഇതു തെളിയിക്കുന്നത്? ഇരുമ്പു പണികൾ നടക്കുന്ന വർക്ക്ഷോപ്പിൽനിന്ന് ഇതുപോലെ ഇരുമ്പുപൊടി ശേഖരിക്കാം.

കാന്തത്തിൽ പറ്റിപ്പിടിച്ച ഇരുമ്പുപൊടി നീക്കം ചെയ്യാൻ പ്രയാസമാണ്. അതുകൊണ്ടാണ് ഇരുമ്പുപൊടി ശേഖരിക്കുമ്പോൾ കാന്തം പൊതിഞ്ഞ് ഉപയോഗിക്കണമെന്നു പറയുന്നത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### പ്രവർത്തനം





ചാർട്ട് പേപ്പറിൽ അങ്ങിങ്ങായി ഇരുമ്പുപൊടി വിതറിയിടുക. ഒരു ബാർകാന്തം നൂലിൽ കെട്ടിത്തൂക്കി ഇരുമ്പുപൊടിയിലേക്കു കൊണ്ടുവരുക.

- കാന്തത്തിന്റെ എല്ലാ ഭാഗത്തും ഒരുപോലെയാണോ ഇരുമ്പുപൊടി പറ്റിപ്പിടിച്ചിരിക്കുന്നത്?
- ഏതു ഭാഗത്താണ് കൂടുതൽ പറ്റിപ്പിടിച്ചിരിക്കുന്നത്?
- ഏതു ഭാഗത്താണ് കുറവ്?

കാന്തത്തിന്റെ ശക്തി കൂടുതൽ അനുഭവപ്പെടുന്ന അഗ്രഭാഗങ്ങളെ കാന്തിക ധ്രുവങ്ങൾ (Magnetic poles) എന്നു പറയുന്നു.



എല്ലാ കാന്തങ്ങൾക്കും ധ്രുവങ്ങൾ ഉണ്ടോ?

വൃത്തം, റിങ്, U തുടങ്ങിയ ആകൃതിയിലുള്ള കാന്തങ്ങൾ ഉപയോഗിച്ച് നേരത്തേ ചെയ്ത പ്രവർത്തനം ആവർത്തിക്കൂ.

ചെയ്ത പ്രവർത്തനവും കണ്ടെത്തലുകളും ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

## കാന്തം തൂക്കിയിട്ടാൽ

സ്വതന്ത്രമായി തൂക്കിയിട്ട ഒരു കാന്തം എപ്പോഴും ഒരേ ദിശയിലാണോ നിൽക്കുന്നത്?

*ആവശ്യമായ വസ്തുക്കൾ: 4 ബാർകാന്തങ്ങൾ, നൂല്, സ്കെയിൽ.*



ഒരു ബാർകാന്തം എടുത്ത് രണ്ട് അഗ്രങ്ങളും തുലനം ചെയ്യുന്നവിധം തിരശ്ചീനമായി നൂലിൽ തൂക്കിയിടുക. കാന്തം ആകർഷിക്കുന്ന വസ്തുക്കൾ കാന്തത്തിനു സമീപം ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. കാന്തം നിശ്ചലമാകുമ്പോൾ ധ്രുവങ്ങൾ ഏതു ദിശയിലാണ് സ്ഥിതിചെയ്യുന്നത്? ഇതുപോലെ മറ്റ് മൂന്നു കാന്തങ്ങളും ക്ലാസിന്റെ വിവിധ ഭാഗങ്ങളിൽ കെട്ടിത്തൂക്കിയിടൂ.

എല്ലാ കാന്തങ്ങളും ഒരേ ദിശയിലാണോ നിൽക്കുന്നത്? ഏതു ദിശയിൽ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നിങ്ങൾ ഉപയോഗിച്ച ബാർകാന്തങ്ങളുടെ അഗ്രങ്ങളിൽ S, N എന്നു രേഖപ്പെടുത്തിയിട്ടുണ്ടോ?




S എന്ന അഗ്രം തെക്കോട്ടും N എന്ന ഭാഗം വടക്കോട്ടും അല്ലേ നിൽക്കുന്നത്? ഒന്നും അടയാളപ്പെടുത്താത്ത കാന്തങ്ങളിൽ വടക്കോട്ടു നിൽക്കുന്ന ഭാഗത്ത് N (North) എന്നും മറ്റേഭാഗത്ത് S (South) എന്നും രേഖപ്പെടുത്തൂ.

ഈ കാന്തങ്ങൾ ചെറുതായി കറക്കി വിടൂ. ചലനം നിൽക്കുമ്പോൾ എല്ലാ കാന്തങ്ങളും വീണ്ടും തെക്കുവടക്കു ദിശയിൽത്തന്നെയാണോ നിൽക്കുന്നത്?

സ്വതന്ത്രമായി കെട്ടിത്തൂക്കിയ കാന്തങ്ങൾ തെക്കുവടക്കു ദിശയിൽ സ്ഥിതിചെയ്യുന്നു.

കാന്തങ്ങൾ തെക്കുവടക്കു ദിശയിൽ നിൽക്കുന്നത് നാം പ്രയോജനപ്പെടുത്തുന്ന സന്ദർഭങ്ങൾ ഏതെല്ലാം?



- കപ്പൽയാത്രക്കാർക്കു ദിശ മനസ്സിലാക്കുന്നതിന്.
- കാടിനുള്ളിൽ ദിശ മനസ്സിലാക്കുന്നതിന്.
- 

നിങ്ങൾ പരിചിതമല്ലാത്ത ഒരു പ്രദേശത്താണ് നിൽക്കുന്നതെന്ന് കരുതുക. മഴ കാരണം സൂര്യനെ കാണുന്നില്ല. ഒരു ബാർകാന്തമുണ്ടെങ്കിൽ നിങ്ങൾക്കു ദിശ കണ്ടുപിടിക്കാൻ കഴിയുമോ? കിഴക്കുദിശ എങ്ങനെ കണ്ടെത്തും?

## ധ്രുവങ്ങൾ അടുക്കുമ്പോൾ

കാന്തം ചില ലോഹങ്ങളെ ആകർഷിക്കുമെന്നു മനസ്സിലാക്കിയല്ലോ. ഒരു കാന്തം മറ്റൊരു കാന്തത്തെ ആകർഷിക്കുമോ?

**പ്രവർത്തനം :** N, S അടയാളപ്പെടുത്തിയ രണ്ടു ബാർകാന്തങ്ങൾ എടുക്കുക. ഒന്ന് ഒരു പ്രതലത്തിൽ വയ്ക്കുക. ഈ കാന്തത്തിന്റെ മധ്യഭാഗത്തേക്കായി മറ്റൊരു ബാർകാന്തത്തിന്റെ ഒരു ധ്രുവം കൊണ്ടുവരുക. എന്താണ് കാണാൻ കഴിഞ്ഞത്?




- ആദ്യത്തെ കാന്തത്തിന്റെ മധ്യഭാഗത്തേക്കാണോ രണ്ടാമത്തെ കാന്തം ആകർഷിക്കപ്പെട്ടത്?
- രണ്ടു കാന്തങ്ങൾ ചേർത്തുവയ്ക്കൂ. ഏതെല്ലാം ധ്രുവങ്ങളാണ് ഒട്ടിച്ചേരുന്നത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



താഴെക്കൊടുത്ത ചിത്രങ്ങൾ പരിശോധിക്കൂ.

ഏതെല്ലാമാണ് ശരിയായത്?




താഴെ കൊടുത്ത ചിത്രങ്ങളിൽ കാണുന്നതുപോലെ ധ്രുവങ്ങൾ അടുത്തടുത്തു വന്നാൽ എന്താണു സംഭവിക്കുക?




പരീക്ഷണങ്ങൾ ചെയ്ത് നിരീക്ഷണഫലങ്ങൾ പട്ടികപ്പെടുത്തൂ.

| ആകർഷിക്കുന്ന സന്ദർഭങ്ങൾ | വികർഷിക്കുന്ന സന്ദർഭങ്ങൾ |
|---|---|
| | |

- ഏതൊക്കെ ധ്രുവങ്ങൾ അടുത്തു വരുമ്പോഴാണ് ആകർഷിക്കുന്നത്?
- ഏതൊക്കെ ധ്രുവങ്ങൾ അടുത്തു വരുമ്പോഴാണ് വികർഷിക്കുന്നത്?

കാന്തത്തിന്റെ ഒരേതരം ധ്രുവങ്ങളെ സജാതീയധ്രുവങ്ങൾ എന്നും വ്യത്യസ്തതരം ധ്രുവങ്ങളെ വിജാതീയധ്രുവങ്ങൾ എന്നും പറയുന്നു. കാന്തങ്ങളുടെ സജാതീയധ്രുവങ്ങൾ വികർഷിക്കുകയും വിജാതീയധ്രുവങ്ങൾ ആകർഷിക്കുകയും ചെയ്യുന്നു.

വിവിധ ആകൃതിയിലുള്ള കാന്തങ്ങൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്ത് കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

## കാന്തം നിർമിക്കാം

കാന്തികവസ്തുക്കളെ കാന്തമാക്കി മാറ്റാമോ?

ആവശ്യമായ വസ്തുക്കൾ: *ശക്തികൂടിയ കാന്തം, തുന്നൽസൂചി (വലുത്), ബ്ലേഡ്.*



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**പ്രവർത്തനം**

സൂചി ഒരു പ്രതലത്തിൽ വയ്ക്കുക. കാന്തത്തിന്റെ ഏതെങ്കിലും ഒരു ധ്രുവം കൊണ്ട് സൂചിയുടെ ഒരറ്റത്തുനിന്നു മറ്റേ അറ്റം വരെ അമർത്തി ഉരസുക. കാന്തം ഉയർത്തിപ്പിടിച്ച് കൊണ്ടുവന്ന് ആദ്യം ചെയ്ത പ്രവർത്തനം ആവർത്തിക്കുക. 15 – 20 പ്രാവശ്യം സൂചിയിൽ ഉരസണം.



- കാന്തത്തിന്റെ ഒരു ധ്രുവംകൊണ്ട് മാത്രം ഉരസണം.
- ഒരേ ദിശയിലേക്കു മാത്രമായിരിക്കണം ഉരസേണ്ടത്.

ഈ സൂചിക്ക് കാന്തശക്തി ലഭിച്ചിട്ടുണ്ടോ എന്ന് എങ്ങനെ പരിശോധിക്കും?



വിവിധ ആകൃതികളിലുള്ള കാന്തങ്ങളുടെ ധ്രുവങ്ങൾ കണ്ടെത്തുന്നതിന് കാന്തമാക്കി മാറ്റിയ ഈ സൂചി ഉപയോഗിക്കാമോ?

ഒരു നൂലിൽ തുലനം ചെയ്തു നിൽക്കുന്നവിധം സൂചി കെട്ടിത്തൂക്കുക. ഒരു ബാർകാന്തം സൂചിയുടെ അടുത്തേക്കു കൊണ്ടുവരൂ. എന്താണ് കാണുന്നത്? കാന്തത്തിന്റെ മറ്റേ ധ്രുവം സൂചിയുടെ അടുത്തേക്ക് കൊണ്ടുവരൂ. കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

കാന്തമായി മാറിയ സൂചിയുടെ ഉത്തരധ്രുവം, ദക്ഷിണധ്രുവം എന്നിവ ഏതെന്നു കണ്ടുപിടിക്കാമോ?

ഇതേ രീതിയിൽ ഒരു ബ്ലേഡിനെയും കാന്തമാക്കി മാറ്റൂ. ഒരു പാത്രത്തിൽ നിറയെ വെള്ളമെടുത്ത് ഈ ബ്ലേഡ് വെള്ളത്തിൽ പൊങ്ങിക്കിടക്കും വിധം മെല്ലെ വയ്ക്കുക.

നിശ്ചലമാകുമ്പോൾ ബ്ലേഡ് തെക്കുവടക്കു ദിശയിലാണ് സ്ഥിതിചെയ്യുന്നതെങ്കിൽ നമുക്ക് എന്തനുമാനിക്കാം?

## ആകർഷണത്തിന്റെ പരിധി



ഒരു കാന്തത്തിന് എത്രത്തോളം ദൂരത്തിലുള്ള വസ്തുക്കളെ ആകർഷിക്കാൻ കഴിയും?

ആകർഷണശക്തി എല്ലായിടത്തും ഒരുപോലെയാണോ? പരീക്ഷിച്ചുനോക്കാം.

ആവശ്യമായ വസ്തുക്കൾ : *കാന്തം, സൂചി, സ്കെയിൽ, സ്റ്റാന്റ്.*

**പ്രവർത്തനം**

സൂചി തുലനം ചെയ്യും വിധം നൂലിൽ കെട്ടിത്തൂക്കിയിടുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സ്കെയിലിന്റെ ഒരറ്റം സൂചിയുടെ അടിയിൽ വരത്തക്കവിധം മേശപ്പുറത്ത് വയ്ക്കുക. സ്കെയിലിൽക്കൂടി മെല്ലെ സൂചിയുടെ ഭാഗത്തേക്ക് കാന്തം നീക്കുക. സൂചിയിൽ ആകർഷണശക്തി അനുഭവപ്പെടുന്ന സന്ദർഭത്തിൽ കാന്തം ചലിപ്പിക്കുന്നത് നിർത്തുക. സൂചിയിലേക്കുള്ള ദൂരം അളക്കുക.

കാന്തം വീണ്ടും സൂചിയുടെ അടുത്തേക്ക് മെല്ലെ നീക്കണം. ഓരോ ഘട്ടത്തിലും സൂചിയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കണം.

കാന്തം അടുത്തു വരുന്തോറും സൂചിയിൽ അനുഭവപ്പെടുന്ന ആകർഷണശക്തിക്ക് മാറ്റമുണ്ടോ?



എപ്പോഴാണ് കൂടുതൽ ആകർഷണശക്തി അനുഭവപ്പെട്ടത്?

A4 ഷീറ്റ് വലുപ്പത്തിൽ ചാർട്ട് പേപ്പർ എടുത്ത് ചിത്രത്തിൽ കാണുന്നതുപോലെ മേശപ്പുറത്തു വയ്ക്കുക. പേപ്പറിനടിയിൽ ഒരു കാന്തം വയ്ക്കുക. പേപ്പറിൽ ഇരുമ്പുപൊടി അങ്ങിങ്ങായി ചിതറിയിടുക. പേപ്പറിൽ മെല്ലെ തട്ടുക.

- എത്ര അകലത്തിലുള്ള പൊടികൾ വരെ കാന്തത്തിലേക്കാകർഷിക്കപ്പെടുന്നുണ്ട്?

പ്രവർത്തനവും കണ്ടെത്തലുകളും ശാസ്ത്രപുസ്തകത്തിൽ എഴുതുക.

കാന്തത്തിന്റെ ധ്രുവത്തിനോടടുത്ത ഭാഗങ്ങളിൽ കാന്തികശക്തി കൂടുതലും അകന്നു പോകുന്തോറും കാന്തികശക്തി കുറവും ആയിരിക്കും. കാന്തത്തിന് ചുറ്റും കാന്തികശക്തി അനുഭവപ്പെടുന്ന മേഖലയെ കാന്തികമണ്ഡലം (Magnetic field) എന്നു പറയുന്നു.

വിവിധ കാന്തങ്ങൾ ഉപയോഗിച്ച് പരീക്ഷണം ആവർത്തിക്കുക.

- എല്ലാ കാന്തങ്ങൾക്കും ആകർഷണശക്തി ഒരുപോലെയാണോ?
- U കാന്തം ഉപയോഗിക്കുമ്പോൾ മറ്റുള്ളവയിൽനിന്ന് എന്തെങ്കിലും വ്യത്യാസം അനുഭവപ്പെടുന്നുണ്ടോ? ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

## കാന്തങ്ങൾ ശേഖരിക്കാം




കളിപ്പാട്ടങ്ങൾ, ചില വാനിറ്റിബാഗുകൾ, പേഴ്സ് തുടങ്ങിയവയിൽ കാന്തങ്ങൾ ഉണ്ട്.

ഉപയോഗശൂന്യമായ കളിപ്പാട്ടങ്ങളിൽനിന്ന് സ്പീക്കറുകളും മിനി മോട്ടോറുകളും അഴിച്ചു പരിശോധിക്കൂ. കാന്തങ്ങൾ കാണുന്നില്ലേ? ഈ വസ്തുക്കളിൽനിന്നെല്ലാം കാന്തങ്ങൾ ശേഖരിക്കൂ. കാന്തം ഉപയോഗിച്ച് ഒരു കളിപ്പാട്ടം നിർമിച്ചാലോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കളിപ്പാട്ടം നിർമിക്കാം

ആവശ്യമായ വസ്തുക്കൾ: *തെർമോകോൾ, ചെറിയ റിങ്കാന്തം, ചരട്, മരക്കമ്പ്, മെറ്റൽ സ്ക്രൂ.*

തെർമോകോൾ ഉപയോഗിച്ച് മത്സ്യങ്ങളുടെ മാതൃകകൾ വെട്ടിയുണ്ടാക്കുക. അതിന്റെ ചുണ്ടിൽ മെറ്റൽ സ്ക്രൂ ഉറപ്പിക്കണം. മത്സ്യങ്ങളെ പരന്ന പാത്രത്തിലെ വെള്ളത്തിലേക്കിടുക. കമ്പും ചരടും റിങ്കാന്തവും ഉപയോഗിച്ച് ചൂണ്ടയുണ്ടാക്കുക. ചൂണ്ടയിട്ട് മീൻ പിടിക്കാൻ കഴിയുമോ?



കാന്തം ഉപയോഗിച്ച് താഴെപ്പറയുന്ന കളിപ്പാട്ടങ്ങൾ രൂപകൽപ്പന ചെയ്യൂ.

- ഒട്ടിച്ചേരുന്ന പാവ.
- ഒരു ഭാഗത്തേക്കു മാത്രം തിരിഞ്ഞു നിൽക്കുന്ന പക്ഷി.
- അരി കാണുമ്പോൾ ഓടിവരുന്ന മത്സ്യം.
- തെക്കോട്ട് ചൂണ്ടിനിൽക്കുന്ന കൈ.

നിർമിച്ച ഉപകരണങ്ങളും കളിപ്പാട്ടങ്ങളും ശാസ്ത്രക്ലബ്ബിൽ പ്രദർശിപ്പിക്കൂ.

### പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- കാന്തത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞു വിശദീകരിക്കാൻ കഴിയുന്നു.
- കാന്തികമണ്ഡലം എന്ന ആശയം വിശദീകരിക്കാൻ കഴിയുന്നു.
- വസ്തുക്കളെ കാന്തികവസ്തുക്കൾ, അകാന്തികവസ്തുക്കൾ എന്നിങ്ങനെ തരംതിരിക്കാൻ കഴിയുന്നു.
- വ്യത്യസ്ത ആകൃതിയിലും വലുപ്പത്തിലുമുള്ള കാന്തങ്ങളുടെ ഉപയോഗം തിരിച്ചറിഞ്ഞ് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.
- കാന്തം ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമിക്കാൻ കഴിയുന്നു.

### വിലയിരുത്താം

1. ഒരേ വലുപ്പവും ആകൃതിയുമുള്ള രണ്ടു വസ്തുക്കളിൽ ഒന്നു കാന്തവും മറ്റേത് ഇരുമ്പുകഷണവുമാണ്. ഇവയിൽ കാന്തമേത്, ഇരുമ്പേത് എന്ന് എങ്ങനെ കണ്ടുപിടിക്കും?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



2. രണ്ടു ബാർ കാന്തങ്ങൾ ആകർഷിച്ചു നിൽക്കുന്നു. ഒരു ധ്രുവം അടയാളപ്പെടുത്തിയിട്ടുണ്ട്. ബാക്കി ധ്രുവങ്ങൾ അടയാളപ്പെടുത്തുക.




3. താഴെ കൊടുത്തവയിൽ ഏതു കാന്തമാണ് സ്പീക്കറിൽ ഉപയോഗിക്കുന്നത്?




## തുടർപ്രവർത്തനങ്ങൾ

1. ഒരു ബാർ കാന്തത്തിന്റെ ഉത്തരധ്രുവത്തിൽ രണ്ടു മൊട്ടുസൂചികൾ ഒട്ടിപ്പിടിച്ചിരിക്കുന്നു. അവയുടെ അഗ്രഭാഗങ്ങൾ അകന്നു നിൽക്കുന്നതായാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ഇതു ശരിയാണോ? അഗ്രഭാഗത്തെ ധ്രുവം ഏതായിരിക്കും? ഈ മൊട്ടുസൂചികൾ S എന്ന ധ്രുവത്തിൽ വച്ചാൽ എപ്രകാരമായിരിക്കും നിൽക്കുന്നത്? ചെയ്തുനോക്കൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



8

# തിങ്കളും താരങ്ങളും

**ജനുവരി 8**

**ചൊവ്വ**

ആകാശക്കാഴ്ചകൾ എന്നും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. എങ്ങനെയാണ് സൂര്യൻ എല്ലാ ദിവസവും രാവിലെ കിഴക്കുദിക്കുകയും വൈകിട്ട് പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നത്? എല്ലാ ദിവസവും സൂര്യൻ പകൽ സമയത്ത് ആകാശത്തുണ്ടാവും. ചന്ദ്രനോ? ഒരു ദിവസം തേങ്ങാപ്പൂള് പോലെ വൈകിട്ട് പടിഞ്ഞാറൻ ചക്രവാളത്തിൽ. വേറൊരു ദിവസം സന്ധ്യക്ക് പൂർണവട്ടത്തിൽ കിഴക്കൻ ചക്രവാളത്തിൽ! നക്ഷത്രങ്ങളുടെയും സ്ഥാനം മാറുന്നുണ്ട്. ഇതെല്ലാം എങ്ങനെ സംഭവിക്കുന്നു?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഷാജിയുടെ ഡയറിക്കുറിപ്പിൽനിന്നുള്ള ചില ഭാഗങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. നിങ്ങൾക്കും ഇത്തരം സംശയങ്ങൾ ഉണ്ടായിട്ടുണ്ടോ?

ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്?

- ഭൂമിക്ക് ഗോളാകൃതിയാണ്.
- ഭൂമിക്കും ചന്ദ്രനും പ്രകാശം ലഭിക്കുന്നത് സൂര്യനിൽനിന്നാണ്.
- 
- 


ബഹിരാകാശത്തുനിന്നുള്ള ഭൂമിയുടെ ചിത്രം

## രാത്രിയും പകലും

- ഭൂമിയിൽ എല്ലായിടത്തും ഒരേസമയം പ്രകാശം പതിക്കുന്നുണ്ടോ?
- രാവും പകലും ഉണ്ടാവുന്നത് എങ്ങനെയാണ്?

ഒരു പ്രവർത്തനം ചെയ്തുനോക്കാം.

ആവശ്യമായ വസ്തുക്കൾ: *ഭൂമിയുടെ മാതൃക (ഗ്ലോബ്), സ്റ്റീൽ കമ്പി, ബൾബ് പ്രകാശിപ്പിക്കാനുള്ള സംവിധാനം.*

### പ്രവർത്തനം



ഗ്ലോബിന്റെ സ്റ്റാന്റ് നീക്കം ചെയ്യൂ. ബൾബും ഗ്ലോബും ചിത്രത്തിൽ കാണുംവിധം സജ്ജീകരിക്കണം. ഗ്ലോബിന്റെ ഉത്തരധ്രുവം വടക്കുഭാഗത്തേക്കു വരണം. ക്ലാസ്മുറി പരമാവധി ഇരുട്ടുള്ളതാക്കി ബൾബ് പ്രകാശിപ്പിക്കുക. സൂര്യന് പകരമായാണ് ബൾബ് ഉപയോഗിച്ചിരിക്കുന്നത്. ഗ്ലോബ് ഭൂമിയാണെന്നും സങ്കൽപ്പിക്കുക. ഉത്തരധ്രുവത്തിന്റെ ഭാഗത്തുനിന്നും ഗ്ലോബ് നിരീക്ഷിക്കൂ. സൂര്യന് അഭിമുഖമായ ഭാഗത്ത് വെളിച്ചവും മറുവശത്ത് ഇരുട്ടുമല്ലേ? ഗ്ലോബ് മെല്ലെ ഇടത്തോട്ടു തിരിക്കണം. ഗ്ലോബ് തിരിക്കുമ്പോൾ ഇരുട്ടുള്ള ഭാഗം പ്രകാശത്തിലേക്കു വരുന്നതും പ്രകാശം പതിച്ചിരുന്ന ഭാഗം ഇരുട്ടിലേക്കു മാറുന്നതും കാണുന്നില്ലേ?

ഗ്ലോബ് ഇടത്തോട്ട് തിരിക്കുമ്പോൾ കറക്കം ഏതു ദിശയിൽനിന്ന് ഏതു ദിശയിലേക്കാണ്?

✓ അടയാളം രേഖപ്പെടുത്തൂ.

- കിഴക്കുനിന്ന് പടിഞ്ഞാറോട്ട്. ☐
- പടിഞ്ഞാറുനിന്ന് കിഴക്കോട്ട്. ☐



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഈ പ്രവർത്തനത്തിൽനിന്ന് നമുക്ക് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം? കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

ഭൂമി പടിഞ്ഞാറുനിന്നു കിഴക്കോട്ട് ഭ്രമണം ചെയ്യുന്നു.
ഭൂമിയുടെ കറക്കം മൂലമാണ് രാത്രിയും പകലും മാറിമാറി വരുന്നത്.

*IT@School Edubuntu വിൽ School Resources ലെ രാവും പകലും എന്ന ഭാഗം കാണുമല്ലോ.*

## ഉദയവും അസ്തമയവും

സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായിട്ടാണ് നാം കാണുന്നത്. പിറ്റേന്നു രാവിലെ വീണ്ടും കിഴക്കുദിക്കുന്നു.

പടിഞ്ഞാറ് അസ്തമിക്കുന്ന സൂര്യൻ എങ്ങനെയാണ് വീണ്ടും കിഴക്കുദിക്കുന്നത്?

### പ്രവർത്തനം



- ഗ്ലോബിൽ നമ്മുടെ സ്ഥാനം ഏകദേശം കണ്ടെത്താമല്ലോ.
- ആ സ്ഥാനത്ത് ഒരു മൊട്ടുസൂചി കിഴക്കു പടിഞ്ഞാറ് വരത്തക്കവിധം സെല്ലോടേപ്പ് ഉപയോഗിച്ച് ഒട്ടിക്കുക.
- സൂചിയുടെ മുകളിലെ അഗ്രത്തിൽ ചുവപ്പും മധ്യത്തിൽ വെള്ളയും താഴെ അഗ്രത്തിൽ പച്ചയും നിറങ്ങളിലുള്ള ചെറിയ പൊട്ടുകൾ ഒട്ടിക്കുക.
- വെളുത്ത പൊട്ടിലാണ് നിങ്ങൾ എന്നു സങ്കൽപ്പിക്കുക. ഇപ്പോൾ അഗ്രഭാഗങ്ങളിലെ പൊട്ടുകൾ നിങ്ങളുടെ കിഴക്കും പടിഞ്ഞാറുമാണല്ലോ.
- കിഴക്കു ഭാഗത്തുള്ള പൊട്ടിന്റെ നിറമെന്താണ്?
- പടിഞ്ഞാറുള്ളതിന്റെ നിറം എന്താണ്?

ബൾബ് പ്രകാശിപ്പിച്ച് ഗ്ലോബ് സാവധാനം ഇടത്തോട്ട് തിരിക്കുക.

ഏതെല്ലാം സ്ഥാനങ്ങളിൽ വെളുത്ത പൊട്ട് വരുമ്പോഴാണ് ഉദയം, നട്ടുച്ച, അസ്തമയം എന്ന് നിരീക്ഷിക്കൂ.

കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പട്ടിക പൂർത്തിയാക്കൂ.

| സമയം | വെളുത്തപൊട്ടിന്റെ സ്ഥാനം |
|---|---|
| ഉദയം | ............................................................ |
| നട്ടുച്ച | ............................................................ |
| അസ്തമയം | വെളുത്തപൊട്ട് വെളിച്ചത്തിൽ നിന്ന് ഇരുട്ടിലേക്ക് പോവുമ്പോൾ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഭൂമിയുടെ കറക്കം കാരണം ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു കടക്കുന്ന പ്രദേശത്തുകാർക്ക് ഉദയവും വെളിച്ചത്തിൽനിന്ന് ഇരുട്ടിലേക്കു പ്രവേശിക്കുന്നവർക്ക് അസ്തമയവും അനുഭവപ്പെടുന്നു.




ചിത്രത്തിൽ കാണുന്നതുപോലെ ഗ്ലോബിൽ A, B, C എന്നീ സ്ഥാനങ്ങൾ അടയാളപ്പെടുത്തു. തെർമോകോളിൽ കുട്ടികളുടെ രൂപം വെട്ടിയുണ്ടാക്കി ഈ സ്ഥാനങ്ങളിൽ ഒട്ടിക്കൂ. ഓരോ കുട്ടിയുടെയും കിഴക്കും പടിഞ്ഞാറും ഏതാണ്?

നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കൂ.

| | | |
|---|---|---|
| 1. | ഏതു സ്ഥാനത്തു നിൽക്കുന്ന കുട്ടിയാണ് സൂര്യോദയം കാണുന്നത്? | |
| 2. | 'A' സൂര്യനെ കാണുന്നത് ഏതു ദിശയിലാണ്? | |
| 3. | ഏതു സ്ഥാനത്തു നിൽക്കുന്ന കുട്ടിക്കാണ് നട്ടുച്ച അനുഭവപ്പെടുന്നത്? | |
| 4. | 'B' സൂര്യനെ കാണുന്നത് എവിടെയാണ്? | |
| 5. | ഏതു സ്ഥാനത്തു നിൽക്കുന്ന കുട്ടിയാണ് അസ്തമയം കാണുന്നത്? | |
| 6. | 'C' സൂര്യനെ കാണുന്നത് ഏതു ദിശയിലാണ്? | |

പട്ടിക വിശകലനം ചെയ്ത് എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാമാണ്?

ഉത്തരധ്രുവത്തിനടുത്തു നിന്ന് ഗ്ലോബ് കറക്കിനോക്കൂ. ഭൂമിയിൽ ഓരോ സ്ഥാനത്തുള്ളവർക്കും ഉദയവും അസ്തമയവും അനുഭവപ്പെടുന്നില്ലേ?

പ്രഭാതത്തിൽ കിഴക്ക് കാണുന്ന സൂര്യനും ഉച്ചയ്ക്ക് തലയ്ക്ക് മുകളിലെത്തുന്ന സൂര്യനും വൈകിട്ട് പടിഞ്ഞാറ് അസ്തമിക്കുന്ന സൂര്യനും യഥാർഥത്തിൽ ഒരേ സ്ഥാനത്തു തന്നെയല്ലേ.

ഭൂമിയുടെ ഭ്രമണമാണ് ഉദയാസ്തമയങ്ങൾക്കു കാരണം.

## അമ്പിളിയുടെ ആകാശപാത

സൂര്യൻ ദിവസവും കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതാണല്ലോ നാം കാണുന്നത്. എന്നാൽ ചന്ദ്രനെ നിത്യവും ഇങ്ങനെ കാണുന്നുണ്ടോ?

ഇന്നലെ സന്ധ്യക്ക് നിങ്ങൾ എവിടെയാണ് ചന്ദ്രനെ കണ്ടത്?

ചന്ദ്രനെ സൂര്യാസ്തമയ സമയത്ത് എന്നും ഒരേ സ്ഥാനത്താണോ കാണാറുള്ളത്?

ചന്ദ്രൻ ഓരോ ദിവസവും വ്യത്യസ്ത സ്ഥാനങ്ങളിൽ കാണപ്പെടുന്നതിന്റെ രഹസ്യം എന്താണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ചന്ദ്രനെ നിരീക്ഷിക്കാം

മൂന്നു വ്യത്യസ്ത ദിവസങ്ങളിൽ അപ്പു സൂര്യാസ്തമയ സമയത്ത് നിരീക്ഷിച്ച ചന്ദ്രന്റെ സ്ഥാനങ്ങളാണ് ചിത്രങ്ങളിലുള്ളത്.




- ചന്ദ്രനെ കാണുന്ന സ്ഥാനത്തിന് മാറ്റം വരുന്നുണ്ടോ?
- ഏതു ദിശയിലേക്കാണ് സ്ഥാനമാറ്റം സംഭവിക്കുന്നത്?

.......................................................................................................................

ചന്ദ്രൻ ഭൂമിയെ പരിക്രമണം ചെയ്യുന്നതുകൊണ്ടാണ് ഓരോ ദിവസവും ചന്ദ്രന്റെ സ്ഥാനം മാറിമാറി കാണുന്നത്. $27\frac{1}{3}$ ദിവസംകൊണ്ടാണ് ചന്ദ്രൻ ഭൂമിക്കു ചുറ്റും ഒരു പരിക്രമണം പൂർത്തിയാക്കുന്നത്.

## അമ്പിളിക്കലയുടെ പൊരുൾ

ചന്ദ്രനെ നിരീക്ഷിച്ചപ്പോൾ മറ്റെന്തെങ്കിലും പ്രത്യേകതകൾ ശ്രദ്ധിച്ചോ?

ഓരോ ദിവസവും സ്ഥാനം മാറുന്നതോടൊപ്പം ചന്ദ്രന്റെ ആകൃതിയും മാറുന്നതായി കാണുന്നില്ലേ? ചിലപ്പോൾ തേങ്ങാപ്പൂളുപോലെയും ചിലപ്പോൾ പപ്പടവട്ടത്തിലും ചന്ദ്രനെ കാണാറുണ്ടല്ലോ. എന്തുകൊണ്ടാണിത്?

താഴെപ്പറയുന്ന പ്രവർത്തനം ചെയ്തുനോക്കൂ.

ആവശ്യമായ സാമഗ്രികൾ : *ചിരിക്കുന്ന മുഖമുള്ള അഞ്ച് മഞ്ഞ പ്ലാസ്റ്റിക് പന്തുകൾ (Smiley balls), അഞ്ച് സ്ഫടിക ഗ്ലാസ്, അഞ്ച് സ്റ്റൂൾ, എമർജൻസി ലാമ്പ്.*

### പ്രവർത്തനം

ക്ലാസ്മുറിയുടെ തറയിൽ സാമാന്യം വലുപ്പത്തിൽ ഒരു അർധവൃത്തം കിഴക്കു പടിഞ്ഞാറു ദിശയിൽ വരയ്ക്കൂ. ചിത്രത്തിൽ കാണുന്നതുപോലെ തുല്യ അകലത്തിൽ അഞ്ച് സ്ഥാനങ്ങ






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ങ്ങളിൽ സ്റ്റൂൾ, ഗ്ലാസ്, പന്തുകൾ എന്നിവ ക്രമീകരിക്കൂ. എല്ലാ പന്തുകളുടെയും ചിരിക്കുന്ന മുഖഭാഗം വൃത്തകേന്ദ്രത്തിലേക്കു വരുന്ന വിധം വയ്ക്കണം. പന്തുകളിൽ പ്രകാശം പതിക്കത്തക്ക വിധം പടിഞ്ഞാറുവശത്ത് എമർജൻസി ലാമ്പ് പ്രകാശിപ്പിച്ചു വയ്ക്കണം. ജനലുകളും വാതിലും അടച്ച് പുറമെനിന്നുള്ള വെളിച്ചം ക്ലാസ്മുറിയിൽ പരമാവധി കുറയ്ക്കണം. അർധവൃത്തത്തിന്റെ കേന്ദ്രത്തിലിരുന്ന് ഒന്നുമുതൽ അഞ്ചുവരെയുള്ള പന്തുകൾ നിരീക്ഷിക്കൂ.

- ഏതു സ്ഥാനത്തുവച്ച പന്തിലാണ് ചിരിക്കുന്ന മുഖഭാഗത്ത് പൂർണമായും പ്രകാശം പതിക്കുന്നത്?
- ചിരിക്കുന്ന മുഖഭാഗത്ത് പ്രകാശം ഒട്ടും പതിക്കാത്തത് ഏതു സ്ഥാനത്തുവച്ച പന്തിലാണ്?
- ചിരിക്കുന്ന മുഖഭാഗത്ത് പകുതി പ്രകാശം വീഴുന്നത് ഏതു സ്ഥാനത്തുവച്ച പന്തിലാണ്?

അർധവൃത്തം ഭൂമിക്കു ചുറ്റുമുള്ള ചന്ദ്രന്റെ പരിക്രമണപാതയുടെ പകുതിയാണെന്ന് സങ്കൽപ്പിക്കൂ. പന്തുകൾ വിവിധ ദിവസങ്ങളിൽ കാണുന്ന ചന്ദ്രനും.




ചിത്രം നിരീക്ഷിക്കൂ.

പരിക്രമണപാതയിൽ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്ന ചന്ദ്രന്റെ ചില സ്ഥാനങ്ങളാണ് ചിത്രത്തിൽ കാണുന്നത്.

- 1 എന്ന സ്ഥാനത്തു വരുമ്പോൾ ചന്ദ്രനെ കാണാൻ കഴിയുമോ? എന്തുകൊണ്ട്?
- 2 എന്ന സ്ഥാനത്ത് ചന്ദ്രൻ വരുമ്പോൾ കാഴ്ചയിലുണ്ടാവുന്ന മാറ്റം എന്തായിരിക്കും?
- ഏതു സ്ഥാനത്തെത്തുമ്പോഴാണ് പൂർണചന്ദ്രനെ കാണുന്നത്?
- അർധചന്ദ്രനെ കാണുന്ന സ്ഥാനം ഏതാണ്?

ചിത്രം വിശകലനം ചെയ്ത് ഉചിതമായ രീതിയിൽ ആശയങ്ങൾ വരച്ചു യോജിപ്പിക്കൂ.

| പട്ടിക 1 | പട്ടിക 2 |
|---|---|
| 1 ൽ ചന്ദ്രൻ വരുമ്പോൾ | ചന്ദ്രനിൽ പ്രകാശം പതിക്കുന്ന ഭാഗത്തിന്റെ പകുതി ദൃശ്യമാവുന്നു (അർധ ചന്ദ്രൻ). |
| 3 ൽ ചന്ദ്രൻ വരുമ്പോൾ | ചന്ദ്രനിൽ പ്രകാശം പതിക്കുന്ന ഭാഗം മുഴുവൻ ഭൂമിക്ക് അഭിമുഖമായി വരുന്നു (പൗർണമി). |
| 5 ൽ ചന്ദ്രൻ വരുമ്പോൾ | ചന്ദ്രന്റെ ഇരുണ്ടഭാഗം ഭൂമിക്കഭിമുഖമായി വരുന്നതിനാൽ ചന്ദ്രനെ കാണാൻ കഴിയില്ല (അമാവാസി). |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അമാവാസിയിൽനിന്ന് പൗർണമിയിലേക്കു വരുമ്പോൾ ചന്ദ്രന്റെ പ്രകാശിത ഭാഗം ഭൂമിയിൽനിന്ന് കൂടുതലായി കാണുന്നുണ്ടല്ലോ.

പൗർണമിയിൽനിന്ന് അമാവാസിയിലേക്കു വരുമ്പോഴോ?

നേരത്തേ ചെയ്ത പരീക്ഷണത്തിൽ ചെറിയൊരു മാറ്റം വരുത്തി വീണ്ടും ചെയ്തുനോക്കൂ. തറയിൽ വരച്ച അർധവൃത്തം പൂർണവൃത്തമാക്കുക. 2, 3, 4 സ്ഥാനത്തു വച്ച പന്തുകൾ മറ്റേ അർധവൃത്തത്തിലെ സമാനസ്ഥാനങ്ങളിൽ വയ്ക്കൂ. പന്തിന്റെ ചിരിക്കുന്ന മുഖഭാഗം വൃത്തകേന്ദ്രത്തിലേക്കു തന്നെ തിരിച്ചുവയ്ക്കണം. എമർജൻസി ലാമ്പ് പ്രകാശിപ്പിക്കൂ. 5 മുതൽ 1 വരെ എന്ന ക്രമത്തിൽ പന്തുകളെ വൃത്തകേന്ദ്രത്തിൽനിന്ന് നിരീക്ഷിക്കൂ. കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.




പരിക്രമണപാതയിൽ ചന്ദ്രന്റെ പ്രകാശിതഭാഗവും നിഴൽഭാഗവും ഭൂമിയിൽനിന്ന് കാണുന്നതിന്റെ വ്യത്യാസങ്ങൾ മൂലമാണ് വൃദ്ധിക്ഷയങ്ങൾ ഉണ്ടാവുന്നത്.

അമാവാസിയിൽനിന്ന് പൗർണമിയിലേക്കു വരുമ്പോൾ ചന്ദ്രന്റെ പ്രകാശിതഭാഗം കൂടുതലായി കാണുന്നതാണ് വൃദ്ധി.

പൗർണമിയിൽനിന്ന് അമാവാസിയിലേക്കു വരുമ്പോൾ ചന്ദ്രന്റെ പ്രകാശിതഭാഗം ഭൂമിയിൽനിന്ന് കാണുന്നത് കുറഞ്ഞുവരുന്നതാണ് ക്ഷയം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ചന്ദ്രന്റെ ഭ്രമണസവിശേഷത

ഭൂമി ഭ്രമണം ചെയ്യുന്നുണ്ടെന്ന് നാം മനസ്സിലാക്കി. അതുപോലെ ചന്ദ്രനും ഭ്രമണം ചെയ്യുന്നുണ്ടോ?

ഈ പ്രവർത്തനം ചെയ്തു നോക്കൂ.

ആവശ്യമായ സാമഗ്രികൾ : *30 cm, 10 cm വീതം നീളമുള്ള റീപ്പർ കഷണങ്ങൾ, ചിരിക്കുന്ന മുഖമുള്ള മഞ്ഞപ്പന്ത് - 2, ചെറിയ ഗ്ലോബ് സ്റ്റാൻഡ് നീക്കം ചെയ്തത്, കുടക്കമ്പി-1, ഗം ടേപ്പ് (ഇരുവശവും പശയുള്ള ടേപ്പ്).*



- റീപ്പറിന്റെ അഗ്രഭാഗത്ത് ഒരു ദ്വാരം ഇടുക. ചെറിയ റീപ്പർ മറുഭാഗത്ത് ലംബമായി ഉറപ്പിക്കുക.
- ഗ്ലോബിന്റെ ധ്രുവങ്ങളിലൂടെ കുടക്കമ്പി കടത്തി റീപ്പറിലെ ദ്വാരത്തിലൂടെ മേശമേൽ ഉറപ്പിക്കുക.
- പന്തിന്റെ ചിരിക്കുന്ന ഭാഗം ഗ്ലോബിന്റെ മധ്യരേഖാഭാഗത്തിന് അഭിമുഖമായി വരത്തക്കവിധം റീപ്പറിൽ ഗം ടേപ്പ് വച്ച് ഉറപ്പിക്കുക.

  കുടക്കമ്പിയിൽ അമർത്തിപ്പിടിച്ചുകൊണ്ട് റീപ്പർ ഒരു വട്ടം തിരിക്കൂ. പന്തിന്റെ ചിരിക്കുന്ന മുഖം എങ്ങോട്ടാണെന്ന് ശ്രദ്ധിക്കൂ. ഗ്ലോബിനുനേരെ ഒരു മുഖം മാത്രം കാണിച്ചുകൊണ്ടല്ലേ പന്ത് കറങ്ങിയത്?

ഇങ്ങനെയാണ് ചന്ദ്രൻ ഭൂമിയെ പരിക്രമണം ചെയ്യുന്നത്.



എന്നാൽ ഇവിടെ ഭ്രമണം നടന്നിട്ടുണ്ടോ? ഇത് കണ്ടെത്താനായി നേരത്തേ ചെയ്ത പ്രവർത്തനം ഒരിക്കൽക്കൂടി നടത്തണം. റീപ്പറിൽ വച്ച പന്തിന് സമാനമായി മറ്റൊരു പന്ത് മേശപ്പുറത്ത് ഗ്ലാസിനു മുകളിൽ വയ്ക്കുക. റീപ്പറിലെ പന്തിന്റെയും ഗ്ലാസിനുമുകളിൽ വച്ച പന്തിന്റെയും ചിരിക്കുന്ന മുഖങ്ങൾ ഒരേ ദിക്കിലേക്കായിരിക്കണം.

ഇനി ചന്ദ്രനെ പരിക്രമണപാതയിൽ ¼ ഭാഗം കറക്കുക. ഇപ്പോൾ ചന്ദ്രന്റെ മുഖം ഏതു ദിക്കിലേക്കാണ് തിരിഞ്ഞിരിക്കുന്നത്? അതേ ദിക്കിലേക്ക് ഗ്ലാസിനു മുകളിൽ വച്ച പന്ത് സ്ഥാനം മാറാതെ തിരിക്കുക. ചന്ദ്രനെ വീണ്ടും കാൽഭാഗം വീതം കറക്കുക. ഗ്ലാസിനു മുകളിലെ പന്തും ചന്ദ്രന്റെ പരിക്രമണത്തിൽ ദിശ മാറുന്നതിനനുസരിച്ച് തിരിക്കുക. ചന്ദ്രന്റെ ഒരു പരിക്രമണം പൂർത്തിയാവുമ്പോൾ ഗ്ലാസിനു മുകളിലെ പന്ത് ഒരു ഭ്രമണം പൂർത്തിയാക്കുന്നില്ലേ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com









പ്രവർത്തനങ്ങൾ ഒരിക്കൽക്കൂടി നടത്താം. കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതാം.

ചന്ദ്രൻ $27\frac{1}{3}$ ദിവസം എടുത്താണല്ലോ ഭൂമിയെ ഒരു തവണ പരിക്രമണം ചെയ്യുന്നത്. അതേ സമയം എടുത്താണ് ഒരു തവണ ഭ്രമണവും പൂർത്തിയാക്കുന്നത്. അതുകൊണ്ടാണ് ചന്ദ്രന്റെ ഒരു മുഖം മാത്രം എപ്പോഴും ഭൂമിക്ക് അഭിമുഖമായി വരുന്നത്.

## മാനത്തെ ചങ്ങാതിമാർ

രാത്രി മാനത്തു നോക്കുമ്പോൾ ചന്ദ്രനെ മാത്രമാണോ കാണുന്നത്? മറ്റെന്തെല്ലാം നിങ്ങൾ കാണാറുണ്ട്?

- 
- 

തെളിഞ്ഞ ആകാശമുള്ള രാത്രികളിൽ നക്ഷത്രങ്ങളെ നോക്കിയിരിക്കാൻ എന്തുരസമാണ്!

എല്ലാം ഒരേ നിറമാണോ? എന്തെല്ലാം നിറങ്ങളിലാണ് നക്ഷത്രങ്ങളെ കാണുന്നത്? തിളക്കം കുറഞ്ഞ നക്ഷത്രങ്ങളും തിളക്കം കൂടിയ നക്ഷത്രങ്ങളും കാണാറില്ലേ?

ഒരേ സമയം ആകാശത്ത് എത്ര നക്ഷത്രങ്ങളെ എണ്ണാനാകും?

വായനക്കുറിപ്പിന്റെ സഹായത്തോടെ കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.

### എത്രയെത്ര നക്ഷത്രങ്ങൾ!

നല്ല ഇരുട്ടുള്ള സ്ഥലത്തുനിന്നു നിരീക്ഷിച്ചാൽ ഒരേ സമയം ഏകദേശം 3000 നക്ഷത്രങ്ങൾ കാണാം. ഭൂമിയുടെ ഭ്രമണം മൂലം നക്ഷത്രങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. അതിനാൽ ഒരു രാത്രി മുഴുവൻ നിരീക്ഷിച്ചാൽ ഏതാണ്ട് 6000 നക്ഷത്രങ്ങൾ കാണാനാകും. ഒരു ദൂരദർശിനി ഉപയോഗിച്ച് നിരീക്ഷിച്ചാൽ ലക്ഷക്കണക്കിന് നക്ഷത്രങ്ങളെ കാണാം. അനേകം കോടി നക്ഷത്രങ്ങൾ ഈ പ്രപഞ്ചത്തിലുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## നക്ഷത്രങ്ങളുടെ ആകൃതി



ശാസ്ത്രപുസ്തകത്തിൽ ഒരു നക്ഷത്രത്തിന്റെ ചിത്രം വരയ്ക്കൂ.

നിങ്ങൾ വരച്ച ചിത്രം കൂട്ടുകാർ വരച്ചതുമായി താരതമ്യം ചെയ്യൂ. ചിത്രത്തിൽ സൂചിപ്പിച്ച ഏതു രൂപത്തിനോടാണ് നിങ്ങൾ വരച്ചത് യോജിക്കുന്നത്?

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ആകാശഗോളങ്ങളാണല്ലോ. പൂർണചന്ദ്രനെ നാം ഏത് ആകൃതിയിലാണ് വരയ്ക്കാറുള്ളത്?

അപ്പോൾ സൂര്യനെയും നക്ഷത്രങ്ങളെയും അതേ ആകൃതിയിൽ തന്നെയല്ലേ വരയ്ക്കേണ്ടത്?

സ്വയം പ്രകാശിക്കുന്ന ആകാശഗോളങ്ങളാണ് നക്ഷത്രങ്ങൾ. നക്ഷത്രങ്ങളിൽനിന്ന് നേർരേഖയിൽ വരുന്ന പ്രകാശം അന്തരീക്ഷത്തിന്റെ വിവിധ പാളികളിലൂടെ കടന്നുവരുമ്പോൾ നിരന്തരമായി ദിശാമാറ്റത്തിന് വിധേയമാകുന്നു. അതുകൊണ്ടാണ് നക്ഷത്രങ്ങൾ മിന്നുന്നതായി തോന്നുന്നത്.

## നക്ഷത്രങ്ങളുടെ വലുപ്പം

ഭൂമിയുടെ ഏറ്റവും അടുത്തുള്ള നക്ഷത്രം ഏതാണ്? സൂര്യനെ നാം എത്ര വലുപ്പത്തിലാണ് കാണുന്നത്? സൂര്യന് ഭൂമിയേക്കാൾ വലുപ്പമുണ്ടോ?

താഴെക്കൊടുത്ത ചിത്രം വിശകലനം ചെയ്യൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



12 ലക്ഷം ഭൂമികളെ ഉൾക്കൊള്ളാൻ വലുപ്പമുള്ള നക്ഷത്രമാണ് സൂര്യൻ.




കുട്ടിയുടെ സംശയം നിങ്ങൾക്കും തോന്നുന്നുണ്ടോ?

തിരുവാതിരനക്ഷത്രത്തിന്റെയും സൂര്യന്റെയും വലുപ്പം താരതമ്യം ചെയ്യുന്ന ചിത്രം നോക്കൂ.




നമുക്ക് സങ്കൽപ്പിക്കാൻ കഴിയാത്തത്ര വലുതാണ് നക്ഷത്രങ്ങൾ.

ഇത്രയും വലുതായിട്ടും നക്ഷത്രങ്ങൾ എന്തേ ചെറുതായി കാണുന്നത്?

ആകാശത്തു പറക്കുന്ന വിമാനം കണ്ടിട്ടുണ്ടല്ലോ?

ധാരാളം ആളുകൾ കയറുന്ന വിമാനങ്ങളാണ് നിങ്ങൾ കാണുന്നവയിൽ ഏറെയും.

ഏതാനും കിലോമീറ്ററുകൾ ഉയരത്തിൽ പറക്കുമ്പോൾത്തന്നെ വിമാനങ്ങൾ വളരെ ചെറുതായല്ലേ കാണുന്നത്? കോടിക്കണക്കിന് കിലോമീറ്റർ അകലെയുള്ള നക്ഷത്രങ്ങൾ ചെറുതായി കാണുന്നതിനുള്ള കാരണം ബോധ്യമായല്ലോ?



അമേരിക്കയിൽനിന്ന് ഒരാൾ ഫോൺ ചെയ്താൽ ഇന്നത്തെ സംവിധാനം ഉപയോഗിച്ച് നമുക്ക് അതേ സെക്കന്റിൽ കേൾക്കാനാവും. എന്നാൽ നാം കാണുന്ന നക്ഷത്രങ്ങളിൽ സൂര്യൻ കഴിഞ്ഞാൽ ഏറ്റവും അടുത്തുള്ള ആൽഫ സെന്റോറി എന്ന നക്ഷത്രത്തിൽനിന്ന് ഫോൺ ചെയ്താൽ ആ ശബ്ദം ഭൂമിയിലെത്താൻ 4 വർഷത്തിലധികം വേണ്ടിവരും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## മാനത്തെ ചിത്രപുസ്തകം

നക്ഷത്രങ്ങളെ കൂട്ടുകാരാക്കാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ?

നിങ്ങൾക്ക് അവയെ പരിചയപ്പെടേണ്ടേ?

കണ്ടാൽ ഒരുപോലെ തോന്നുന്ന നക്ഷത്രങ്ങളെ എങ്ങനെ തിരിച്ചറിയും?




ഈ കുത്തുകൾ 1 മുതൽ 7 വരെ തുടർച്ചയായി യോജിപ്പിച്ചു നോക്കൂ.

എന്ത് ആകൃതിയാണ് ലഭിച്ചത്?

ആകാശത്ത് വടക്കുഭാഗത്തു കാണുന്ന സാമാന്യം തിളക്കമുള്ള ഏഴു നക്ഷത്രങ്ങളെ ചേർത്തുവരച്ചാൽ ലഭിക്കുന്ന ചിത്രമാണിത്. പാശ്ചാത്യർ ഈ നക്ഷത്രക്കൂട്ടത്തിന് 'വലിയ തവി' എന്നർഥം വരുന്ന 'ബിഗ് ഡിപ്പർ' എന്ന പേരു നൽകി. നാം ഭാരതീയർ ഇവയെ 'സപ്തർഷികൾ' എന്നു വിളിക്കുന്നു. വേനൽക്കാലത്ത് ഇവയെ സന്ധ്യക്ക് വടക്കൻ ആകാശത്തു കാണാം. ഡിസംബർ, ജനുവരി മാസങ്ങളിൽ ഇവയെ അർധരാത്രിയോടെ കാണാം.

## നക്ഷത്രഗണങ്ങൾ

സപ്തർഷികളെ പരിചയപ്പെട്ടല്ലോ. ഇതുപോലെ ആകാശത്തെ നക്ഷത്രങ്ങളെ ചേർത്തുവരച്ച് സങ്കൽപ്പിക്കാവുന്ന രൂപങ്ങളാണ് നക്ഷത്രഗണങ്ങൾ.

ആകാശത്ത് മറ്റേതെങ്കിലും രൂപങ്ങളെ നിങ്ങൾക്ക് കണ്ടെത്താനാവുമോ?

ശാസ്ത്രപുസ്തകത്തിൽ എഴുതൂ. രൂപത്തിന് യോജിച്ച ഒരു പേര് നൽകൂ.

ഇതുപോലെ ആദ്യകാലത്ത് വാനനിരീക്ഷണം നടത്തിയ ആളുകൾ സങ്കൽപ്പിച്ച ചില രൂപങ്ങൾ നമുക്കു പരിചയപ്പെടാം.

### വേട്ടക്കാരൻ (Orion)



പണ്ട് മരുഭൂമിയിലൂടെയും കടലിലൂടെയും സഞ്ചരിച്ചിരുന്ന ആളുകൾ ദിശയറിയാൻ ഉപയോഗിച്ചിരുന്ന ഒരു നക്ഷത്രഗണമാണിത്. വേട്ടക്കാരന്റെ വാളും തലയും ചേർത്തു വരയ്ക്കുന്ന രേഖ ചെന്നെത്തുന്നത് ധ്രുവനക്ഷത്രത്തിലാണ്.

ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സന്ധ്യക്കു ശേഷം തലയ്ക്കുമുകളിൽ കാണാം. ഇതിന്റെ വലതുചുമലിന്റെ സ്ഥാനത്ത് ചുവന്നു കാണുന്ന നക്ഷത്രമാണ് 'തിരുവാതിര'.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### കാശ്യപി (Cassiopia)

ഒക്ടോബർ മുതൽ ഡിസംബർ വരെ മാസങ്ങളിൽ സന്ധ്യാസമയത്ത് വടക്കൻ ആകാശത്ത് കാശ്യപിയെ കാണാം.




### മലയാളമാസങ്ങളും താരാഗണങ്ങളും





ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ തലയ്ക്കുമുകളിൽനിന്ന് അൽപ്പം മാത്രം തെക്കുമാറി കാണുന്ന ശോഭയുള്ള ഒരു കൂട്ടം നക്ഷത്രങ്ങളാണ് ചിത്രത്തിൽ. ഇവയെ ക്രമമായി യോജിപ്പിച്ചപ്പോൾ എന്തു രൂപമാണ് ലഭിച്ചത്? ആകാശത്തെ ഈ കൂറ്റൻ തേൾരൂപമാണ് വൃശ്ചികം. വൃശ്ചികം എന്നത് ഒരു മലയാളമാസത്തിന്റെ കൂടി പേരാണല്ലോ. ഇതുപോലെ 12 മലയാളമാസങ്ങളുടെയും പേരിൽ ഓരോ നക്ഷത്രക്കൂട്ടങ്ങൾ ആകാശത്ത് സങ്കൽപ്പിക്കപ്പെട്ടിട്ടുണ്ട്.

### നക്ഷത്രമാപ്പ്

കൂടുതൽ നക്ഷത്രങ്ങളെ തിരിച്ചറിയാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ? അതിന് നക്ഷത്രമാപ്പ് ഉപയോഗിക്കാം. ഇത് ദിശയനുസരിച്ച് തലയ്ക്കുമുകളിൽ കമഴ്ത്തിപ്പിടിച്ചാണ് നോക്കേണ്ടത്. വടക്കുദിശ വടക്കോട്ട് വരത്തക്കവിധം തലയ്ക്കുമുകളിൽ കമഴ്ത്തിപ്പിടിക്കുമ്പോൾ കിഴക്ക്-പടിഞ്ഞാറ് ദിശകൾ ശരിയായി കിട്ടും. ഡിസംബർ മുതൽ മാർച്ച് വരെ മാസങ്ങളിലുള്ള സന്ധ്യാകാശം നിരീക്ഷിക്കാൻ ഈ മാപ്പ് നിങ്ങളെ സഹായിക്കും.

ഇതുപോലെ ഓരോ കാലത്തേക്കും മാസത്തേക്കുമെല്ലാം പ്രത്യേകം നക്ഷത്രമാപ്പുകളുണ്ട്.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



*IT@School Edubuntu വിൽ 'സ്റ്റെല്ലേറിയം' ഉപയോഗിച്ച് കൂടുതൽ നക്ഷത്രമാപ്പുകൾ കാണുമല്ലോ.*

## ഗ്രഹനിരീക്ഷണം

സൗരയൂഥത്തിലെ ഗ്രഹങ്ങളെക്കുറിച്ച് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അവയിൽ ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി എന്നീ ഗ്രഹങ്ങളെ ചില കാലങ്ങളിൽ രാത്രി ആകാശത്ത് നഗ്നനേത്രംകൊണ്ട് കാണാൻ കഴിയും. ഗ്രഹങ്ങൾ പൊതുവെ മിന്നുന്നില്ല. നക്ഷത്രങ്ങളെക്കാളും കൂടിയ തിളക്കത്തിലും വലുപ്പത്തിലുമാണ് പൊതുവെ അവയെ കാണുന്നത്. സ്കൂളിൽ ഒരു വാനനിരീക്ഷണപരിപാടി സംഘടിപ്പിച്ച് നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും പരിചയപ്പെടൂ.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി തോന്നുന്നത് ഭൂമിയുടെ ഭ്രമണം മൂലമാണെന്ന് വിശദീകരിക്കാൻ കഴിയുന്നു.
- ചന്ദ്രൻ ഭൂമിയെ പരിക്രമണം ചെയ്യുന്നതുമൂലമാണ് ഓരോ ദിവസവും നാം ചന്ദ്രനെ കാണുന്ന സ്ഥാനം മാറി വരുന്നതെന്ന് വിശദീകരിക്കാൻ കഴിയുന്നു.
- ചന്ദ്രന് വൃദ്ധിക്ഷയം ഉണ്ടാവുന്നതെങ്ങനെയെന്ന് വിശദീകരിക്കാൻ കഴിയുന്നു.
- ചന്ദ്രന്റെ ഒരു മുഖം മാത്രം ഭൂമിക്ക് അഭിമുഖമായി വരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാൻ കഴിയുന്നു.
- നക്ഷത്രക്കൂട്ടങ്ങളെ തിരിച്ചറിയാനും നക്ഷത്രനിരീക്ഷണത്തിന് മറ്റുള്ളവരെ സഹായിക്കാനും കഴിയുന്നു.
- ചില ഗ്രഹങ്ങളെ ആകാശത്ത് നിരീക്ഷിക്കാനും തിരിച്ചറിയാനും കഴിയുന്നു.
- ഭൂമിയുടെ ഭ്രമണം, ചന്ദ്രന്റെ പരിക്രമണം എന്നിവ സൂചിപ്പിക്കുന്ന ഉപകരണങ്ങൾ നിർമിക്കാൻ കഴിയുന്നു.



## വിലയിരുത്താം

1. ഗുജറാത്തിലാണോ ആസ്സാമിലാണോ ആദ്യം സൂര്യോദയം ദൃശ്യമാവുന്നത്? എന്തുകൊണ്ട്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



2. ചന്ദ്രൻ പരിക്രമണത്തോടൊപ്പം ഭ്രമണം ചെയ്യുന്നില്ലെങ്കിൽ ചന്ദ്രന്റെ എല്ലാ ഭാഗവും ഭൂമിയിൽനിന്ന് കാണാൻ കഴിയുമോ? നിങ്ങളുടെ ഉത്തരം ന്യായീകരിക്കൂ.

3. ക്ലാസിൽ ഒരു ജ്യോതിശ്ശാസ്ത്രക്വിസ് നടത്താനായി താഴെപ്പറയുന്നവ ഉത്തരമായി വരുന്ന ചോദ്യാവലി തയാറാക്കുക.

   a) സൂര്യൻ
   
   b) നക്ഷത്രഗണങ്ങൾ
   
   c) ആൽഫസെന്റോറി
   
   d) സപ്തർഷികൾ
   
   e) പൗർണമി
   
   f) തിരുവാതിര
   
   g) ഭൂഭ്രമണം
   
   h) $27\frac{1}{3}$ ദിവസം



## തുടർപ്രവർത്തനങ്ങൾ

1. പരിക്രമണത്തിനെത്ര നാൾ?

ചന്ദ്രൻ പരിക്രമണം ചെയ്യുന്നുണ്ടെന്ന് നാം മനസ്സിലാക്കി. ഒരു പരിക്രമണം പൂർത്തിയാക്കാൻ എത്രസമയം വേണമെന്ന് ആകാശത്ത് ചന്ദ്രന്റെ സ്ഥാനമാറ്റം നിരീക്ഷിച്ച് എങ്ങനെ കണ്ടെത്താം?

അസ്തമയ സമയത്ത് പടിഞ്ഞാറൻ ചക്രവാളത്തിൽക്കണ്ട ചന്ദ്രൻ തലയ്ക്കു മുകളിൽ കാണുന്നതിന് എത്ര ദിവസം വേണ്ടി വരും? ഈ സമയംകൊണ്ട് പരിക്രമണത്തിന്റെ എത്ര ഭാഗം ചന്ദ്രൻ പൂർത്തിയാക്കുന്നുണ്ട്?

സൂര്യാസ്തമയ സമയത്ത് കിഴക്കൻ ചക്രവാളത്തിൽ ചന്ദ്രനെ കാണുന്നത് എത്ര ദിവസത്തിനുശേഷമായിരിക്കും? ഈ സമയംകൊണ്ട് പരിക്രമണപാതയിൽ ചന്ദ്രൻ എത്ര ഭാഗം പൂർത്തിയാക്കിയിരിക്കും? ചന്ദ്രൻ വീണ്ടും പടിഞ്ഞാറൻ ചക്രവാളത്തിലെത്താൻ എത്ര ദിവസം വേണ്ടിവരും? ചന്ദ്രനെ നിരീക്ഷിച്ച് കണ്ടെത്തലുകൾ പട്ടികയിൽ ചേർക്കൂ. നിഗമനങ്ങൾ രൂപീകരിക്കൂ.**ത്തിൽവേണ്ടിവന്ന**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| സന്ധ്യക്ക് കാണുന്ന ചന്ദ്രന്റെ സ്ഥാനം | പരിക്രമണപഥത്തിൽ പൂർത്തീകരിച്ച ഭാഗം | വേണ്ടിവന്ന ദിവസം |
|---|---|---|
| പടിഞ്ഞാറൻ ചക്രവാളത്തിൽനിന്ന് ചന്ദ്രൻ തലയ്ക്കു മുകളിൽ എത്തുമ്പോൾ. | | |
| പടിഞ്ഞാറൻ ചക്രവാളത്തിൽനിന്ന് കിഴക്കൻ ചക്രവാളത്തിൽ എത്തുമ്പോൾ. | | |
| പടിഞ്ഞാറൻ ചക്രവാളത്തിൽനിന്ന് പടിഞ്ഞാറൻ ചക്രവാളത്തിൽ എത്തുമ്പോൾ. | | |

ചന്ദ്രനെ ആദ്യം കണ്ട സ്ഥാനത്ത് വീണ്ടും കണ്ടത് എത്ര ദിവസങ്ങൾ കഴിഞ്ഞാണ്?

ചന്ദ്രന്റെ ഭൂമിക്കു ചുറ്റുമുള്ള പരിക്രമണകാലം$27\frac{1}{3}$ ദിവസമാണെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ.

നിങ്ങളുടെ കണ്ടെത്തൽ ഇതുമായി പൊരുത്തപ്പെടുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാവാം?

2. ഏതെങ്കിലും പ്ലാനറ്റേറിയത്തിലേക്ക് ഒരു പഠനയാത്ര നടത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





9

# ചേർക്കാം പിരിക്കാം

കൽക്കണ്ടം നിങ്ങൾക്കെല്ലാം ഇഷ്ടമല്ലേ. കൽക്കണ്ടം രുചിച്ചു നോക്കിയിട്ടുണ്ടോ? അതിന്റെ രുചി എന്താണ്? കൽക്കണ്ടത്തിന് മറ്റെന്തെല്ലാം പ്രത്യേകതകളുണ്ട്?



പരിശോധിച്ച് എഴുതൂ.

- നിറം ..........................................................
- മണം ..........................................................
- അവസ്ഥ ..........................................................

ഒരു കഷണം കൽക്കണ്ടം പൊടിച്ച് ചെറുതരികളാക്കി വീണ്ടും രുചിച്ചു നോക്കൂ. എന്തെങ്കിലും വ്യത്യാസമുണ്ടോ? ഒരു തരിയെ ചെറിയ കണികകളാക്കി ഹാന്റ് ലെൻസുപയോഗിച്ച് നിരീക്ഷിക്കൂ. ഇനിയും ചെറുതാക്കാൻ കഴിയുമോ?



ഈ പ്രക്രിയ തുടർന്നാൽ കണ്ണുകൊണ്ട് കാണാൻ കഴിയാത്തതും കൽക്കണ്ടത്തിന്റെ എല്ലാ സവിശേഷതകളുമുള്ള ഏറ്റവും ചെറിയ കണിക ലഭിക്കുമല്ലോ. ഇതിനെയാണ് നാം കൽക്കണ്ടത്തിന്റെ തന്മാത്ര എന്നു പറയുന്നത്.

**തന്മാത്ര (Molecule)**

ഒരു പദാർഥത്തിന്റെ എല്ലാ ഗുണങ്ങളും നിലനിർത്തുന്ന അതിന്റെ ഏറ്റവും ചെറിയ കണികയാണ് തന്മാത്ര. ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളിലുള്ള പദാർഥങ്ങൾ തന്മാത്രകളാൽ നിർമിതമാണ്.

*IT@School Edubuntu വിൽ School Resources ലെ 'തന്മാത്ര' എന്ന ഭാഗം കാണുമല്ലോ.*

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ശുദ്ധപദാർഥങ്ങൾ (Pure Substances)

കൽക്കണ്ടത്തിൽ അതിന്റെ തന്മാത്രകൾ മാത്രമല്ലേ ഉള്ളത്. ഒരു പദാർഥത്തിൽ ഒരു തരത്തിലുള്ള തന്മാത്രകൾ മാത്രമാണ് കാണപ്പെടുന്നതെങ്കിൽ അതിനെ ശുദ്ധപദാർഥമെന്നു പറയുന്നു.

ജലം ഒരു ശുദ്ധപദാർഥമാണ്.

ശുദ്ധപദാർഥങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ നോക്കൂ.

- കറിയുപ്പ്
- അലുമിനിയം
- ഗ്ലിസറിൻ
- അപ്പക്കാരം
- കോപ്പർ (ചെമ്പ്)
- പൊട്ടാസ്യം പെർമാംഗനേറ്റ്
- ഓക്സിജൻ
- വെള്ളി
- തുരിശ്

കൽക്കണ്ടം ജലത്തിൽ ലയിപ്പിച്ചാൽ ലഭിക്കുന്ന ലായനിയിൽ ഏതെല്ലാം തന്മാത്രകൾ ഉണ്ടാകും?

- 
- 



### മിശ്രിതം (Mixture)

ഒന്നിൽ കൂടുതൽ ഇനം തന്മാത്രകൾ ഒരു പദാർഥത്തിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അതിനെ മിശ്രിതം എന്നു പറയാം.

താഴെ കൊടുത്ത പട്ടിക പരിശോധിക്കൂ.

| പദാർഥം | അടങ്ങിയ തന്മാത്രകൾ |
|---|---|
| പഞ്ചസാരലായനി | പഞ്ചസാര, ജലം |
| സോഡ | ജലം, കാർബൺ ഡൈഓക്സൈഡ് |
| ഓക്സിജൻ | ഓക്സിജൻ |
| വായു | നൈട്രജൻ, ഓക്സിജൻ, ജലകണങ്ങൾ, കാർബൺ ഡൈഓക്സൈഡ് |
| മെർക്കുറി (രസം) | മെർക്കുറി |
| ഇരുമ്പ് | ഇരുമ്പ് |
| കോപ്പർ സൾഫേറ്റ് (തുരിശ്) | കോപ്പർ സൾഫേറ്റ് |

പട്ടിക വിശകലനം ചെയ്ത് ഇവയെ ശുദ്ധപദാർഥങ്ങൾ, മിശ്രിതങ്ങൾ എന്നിങ്ങനെ തരംതിരിക്കൂ.



### മിശ്രിതങ്ങൾ പലതരം

ഒരു സ്ഫടികഗ്ലാസിലെ ജലത്തിൽ കുറച്ച് ഉപ്പും മറ്റൊരു ഗ്ലാസിലെ ജലത്തിൽ ചോക്കുപൊടിയും ഇട്ട് നന്നായി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇളക്കിവയ്ക്കുക. കുറച്ചു സമയത്തിനുശേഷം രണ്ടു ഗ്ലാസും ഹാന്റ്ലെൻസുപയോഗിച്ച് നിരീക്ഷിക്കൂ. എന്തെല്ലാം വ്യത്യാസങ്ങളാണ് കാണുന്നത്? ഉപ്പും ചോക്കുപൊടിയും ജലത്തിൽ ഒരുപോലെ വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ? ഒരു സ്ട്രോ ഉപയോഗിച്ച് ഉപ്പുലായനിയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ലായനി എടുത്ത് രുചിച്ചുനോക്കൂ.

എല്ലാഭാഗത്തും ഒരേ രുചിയാണോ?

**ഏകാത്മകമിശ്രിതം (Homogeneous Mixture)**

ഒരു മിശ്രിതത്തിന്റെ എല്ലാ ഭാഗവും ഒരേ ഗുണം കാണിക്കുകയാണെങ്കിൽ അത്തരം മിശ്രിതത്തെ ഏകാത്മക മിശ്രിതം എന്നു പറയുന്നു.

ചോക്കുപൊടി കലർത്തിയ ലായനി നിരീക്ഷിച്ചില്ലേ. ചോക്കുകണികകൾ എല്ലാ ഭാഗത്തും ഒരേ അളവിൽ കാണപ്പെടുന്നുണ്ടോ?






അൽപ്പം സംഭാരം ഒരു ഗ്ലാസിൽ എടുത്ത് നിരീക്ഷിക്കൂ. എന്തെല്ലാം ഘടകങ്ങൾ കാണുന്നുണ്ട്? അവ എല്ലാ ഭാഗത്തും ഒരുപോലെ വ്യാപിച്ചിട്ടുണ്ടോ?

**ഭിന്നാത്മകമിശ്രിതം (Heterogeneous Mixture)**

ഒരു മിശ്രിതത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഗുണങ്ങളാണ് കാണിക്കുന്നതെങ്കിൽ അതിനെ ഭിന്നാത്മക മിശ്രിതം എന്നു പറയുന്നു.

നിങ്ങൾക്ക് പരിചിതമായ മിശ്രിതങ്ങൾ പട്ടികയാക്കൂ.

- നാരങ്ങവെള്ളം
- കരിങ്ങാലിവെള്ളം
- 



ഈ മിശ്രിതങ്ങളെ സൂക്ഷ്മമായി പരിശോധിക്കൂ.

ഇവയെ ഏകാത്മകമിശ്രിതം, ഭിന്നാത്മകമിശ്രിതം എന്ന രീതിയിൽ തരംതിരിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ലായനികൾ പലതരം

ലീനം, ലായകം, ലായനി എന്നിവയെക്കുറിച്ച് മുമ്പു പഠിച്ചിട്ടുണ്ടല്ലോ. എല്ലാ ലായനികളും ഏകാത്മകമിശ്രിതങ്ങളാണ്.

നാം ഉപയോഗിക്കുന്ന പല ലായനികളും ഒരു ഖരപദാർഥം ദ്രാവകത്തിൽ ലയിച്ചവയാണ്. എന്നാൽ എല്ലാ ലായനികളും ദ്രാവകാവസ്ഥയിൽ അല്ല. ഖരാവസ്ഥയിലും വാതകാവസ്ഥ യിലുമുള്ള ലായനികളും ഉണ്ട്.

പട്ടിക പരിശോധിക്കൂ

| ലായനി | ഉൾപ്പെട്ട വസ്തുക്കൾ |
|---|---|
| ബ്രാസ് (പിച്ചള) | സിങ്ക്, കോപ്പർ |
| സോഡ | ജലം, കാർബൺ ഡൈഓക്സൈഡ് |
| ഗ്ലിസറിൻ വെള്ളത്തിൽ ലയിച്ചത് | ഗ്ലിസറിൻ, ജലം |
| വായു | നൈട്രജൻ, ഓക്സിജൻ, കാർബൺ ഡൈഓക്സൈഡ്, ജലകണികകൾ മുതലായവ. |

ഉൾപ്പെട്ട പദാർഥങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ലായനിയുടെയും സവിശേഷതകൾ കണ്ടെത്തൂ.

- ബ്രാസ് - ഖരം ഖരത്തിൽ ലയിച്ചത്.
- 
- 
- 

## വേർതിരിക്കൂ



ഒന്നിലധികം വസ്തുക്കൾ കലർന്നതോ ലയിച്ചതോ ആയ പദാർഥങ്ങളാണല്ലോ നാം ഇതുവരെ പരിശോധിച്ചത്. ഇങ്ങനെ ചേർന്നു കിടക്കുന്ന പദാർഥങ്ങളെ വേർതിരിക്കാൻ കഴിയുമോ?

ഒരു ഗ്ലാസ് ജലത്തിൽ കുറച്ച് മണലിട്ട് നന്നായി ഇളക്കൂ. എന്താണ് സംഭവിച്ചത്?

മറ്റൊരു ഗ്ലാസിലെ ജലത്തിൽ അൽപ്പം ഉപ്പ് ചേർത്തിളക്കൂ. ഉപ്പിന് എന്തു സംഭവിച്ചു?

രണ്ടു ഗ്ലാസിലെയും മിശ്രിതത്തിന് എന്തു വ്യത്യാസമാണുള്ളത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മണലും വെള്ളവും കലർന്ന മിശ്രിതത്തിൽനിന്ന് മണൽ എങ്ങനെ വേർതിരിച്ചെടുക്കാം? കൂട്ടുകാരുമായി ആലോചിച്ച് ചെയ്തുനോക്കൂ. മണലിന്റെ എന്ത് പ്രത്യേകതയാണ് ഇങ്ങനെ വേർതിരിച്ചെടുക്കാൻ സഹായിച്ചത്? പ്രവർത്തനങ്ങൾ ശാസ്ത്രപുസ്തകത്തിൽ എഴുതണം. ഉപ്പുവെള്ളത്തിൽനിന്ന് ഉപ്പിനെ വേർതിരിച്ചെടുക്കാൻ കഴിയുമോ?

ഒരു മിശ്രിതത്തിലെ ഘടകവസ്തുക്കളെ അടിയിച്ച് മുകൾഭാഗത്തുള്ള ദ്രാവകത്തെ ഊറ്റിയെടുക്കുന്ന പ്രക്രിയയാണ് തെളിയൂറ്റൽ.

## വെള്ളം തെളിയിക്കാൻ

തെളിയൂറ്റി കിട്ടുന്ന ജലം പൂർണമായും തെളിഞ്ഞതാണോ?

കൂടുതൽ തെളിഞ്ഞജലം ലഭിക്കാൻ നമുക്ക് ഇനിയും എന്തു ചെയ്യാൻ കഴിയും? താഴെ കാണിച്ച വസ്തുക്കളിൽനിന്ന് അനുയോജ്യമായവ തിരഞ്ഞെടുത്ത് പ്രവർത്തനം നടത്തൂ.


ഫണൽ


ചായ അരിപ്പ


ഫിൽട്ടർ പേപ്പർ


തുണിക്കഷണം


വട്ടി

ഏതെല്ലാം വസ്തുക്കളാണ് നിങ്ങൾ തിരഞ്ഞെടുത്തത്? ആ വസ്തുക്കൾ തിരഞ്ഞെടുക്കാനുള്ള കാരണമെന്ത്?



ചിത്രത്തിൽ കാണുന്നതുപോലെ ഫിൽട്ടർ പേപ്പർ മടക്കി ഫണലിൽ വച്ച് ജലം അരിച്ചെടുക്കൂ. കൂടുതൽ തെളിഞ്ഞ ജലം ലഭിച്ചോ?



പുട്ടിനും പത്തിരിക്കും അരിപ്പൊടി തയാറാക്കുമ്പോൾ എങ്ങനെയുള്ള അരിപ്പയാണ് ഉപയോഗിക്കുന്നത്? കെട്ടിടപ്പണിയിൽ മണൽ വേർതിരിക്കാൻ പല തരത്തിലുള്ള അരിപ്പകൾ ഉപയോഗിക്കുന്നതു കണ്ടിട്ടില്ലേ.

എന്താണിതിനു കാരണം?

ഒരു മിശ്രിതത്തിൽനിന്ന് ഘടകപദാർഥങ്ങളെ വേർതിരിക്കാൻ അരിപ്പ ഉപയോഗിക്കുമ്പോൾ പദാർഥത്തിന്റെ എന്തു സവിശേഷതയാണ് പ്രയോജനപ്പെടുത്തുന്നത്?





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരു മിശ്രിതത്തിലെ ഘടകപദാർഥങ്ങളെ അരിപ്പ ഉപയോഗിച്ച് വേർതിരിക്കുന്ന രീതിയാണ് അരിക്കൽ.

ചോക്കുപൊടിയും ജലവും ചേർന്ന മിശ്രിതത്തെ എങ്ങനെ വേർതിരിക്കും? എന്തെല്ലാം സാമഗ്രികൾ ആവശ്യമാണ്? പരീക്ഷണം ചെയ്ത് കുറിപ്പ് ശാസ്ത്രപുസ്തകത്തിൽ ചേർക്കൂ.

## ലയിച്ചുചേർന്നവ വേർതിരിക്കാൻ

ഉപ്പുലായനിയിൽനിന്ന് അരിപ്പ ഉപയോഗിച്ച് ഉപ്പ് വേർതിരിച്ചെടുക്കാൻ കഴിയുമോ? ഫിൽട്ടർ പേപ്പർ ഉപയോഗിച്ച് അരിച്ചുനോക്കൂ.

ഒരു സ്റ്റീൽസ്പൂണിൽ കുറച്ച് ഉപ്പുവെള്ളം എടുത്ത് സ്പിരിറ്റ്ലാമ്പ് ഉപയോഗിച്ച് ചൂടാക്കൂ.



ജലം ബാഷ്പമായി പോകുമ്പോൾ സ്പൂണിൽ ബാക്കിയാകുന്നതെന്താണ്? രുചിച്ചുനോക്കൂ.

കടൽജലത്തിൽനിന്ന് ഉപ്പ് വേർതിരിച്ചെടുക്കുന്ന ഉപ്പളങ്ങൾ കണ്ടിട്ടുണ്ടോ?



എങ്ങനെയാണ് ഉപ്പ് വേർതിരിക്കുന്നത്?

ഒരു ദ്രാവകം താപം സ്വീകരിച്ച് അതിന്റെ ബാഷ്പമായി മാറുന്ന പ്രവർത്തനമാണ് ബാഷ്പീകരണം (Evaporation).

ബാഷ്പീകരണത്തിലൂടെ മറ്റേതെല്ലാം മിശ്രിതങ്ങളിലെ ഘടകങ്ങളെ വേർതിരിക്കാനാകും?

- 
- 
- 
- 

ഉപ്പളങ്ങളിൽ ജലം ബാഷ്പമാവാൻ ആവശ്യമായ താപം എവിടെനിന്നാണ് ലഭിക്കുന്നത്?

## ഇരുമ്പുപൊടി വേർതിരിക്കാൻ

ലോഹവാതിലുകളും ഗേറ്റുകളും ഉണ്ടാക്കുന്ന ഒരു പണിശാലയിൽ അലുമിനിയം പൈപ്പുകളും ഇരുമ്പുപൈപ്പുകളും മുറിച്ചപ്പോഴുണ്ടായ പൊടികൾ ചേർന്നുകിടക്കുകയാണ്. ഇവയിൽനിന്ന് ഇരുമ്പുപൊടിയും അലുമിനിയം പൊടിയും എങ്ങനെ വേർതിരിക്കാം? നാം പരിശോധിച്ച ഏതെങ്കിലും മാർഗം അനുയോജ്യമാണോ? താഴെ സൂചിപ്പിച്ച സാമഗ്രികളിൽനിന്ന് ഉചിതമായവ തിരഞ്ഞെടുത്ത് വേർതിരിക്കാൻ ശ്രമിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സ്പൂൺ, ഫിൽട്ടർപേപ്പർ, ഫണൽ, ചായ അരിപ്പ, കാന്തം, ടെസ്റ്റ്ട്യൂബ്.

ഇരുമ്പുപൊടിയുടെ എന്തു പ്രത്യേകതയാണ് ഇതിനായി നിങ്ങൾ ഉപയോഗിച്ചത്?

- _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _

ഒരു മിശ്രിതത്തിലെ ഘടകപദാർഥങ്ങളെ വേർതിരിക്കേണ്ടിവരുന്ന മറ്റേതെല്ലാം സന്ദർഭങ്ങൾ നിങ്ങൾക്കറിയാം? ചിത്രങ്ങൾ നോക്കൂ.



കൊപ്ര ആട്ടിയെടുത്ത് വെളിച്ചെണ്ണ വീട്ടിൽ കൊണ്ടുവരാറില്ലേ. ഇതിൽ അവശേഷിക്കുന്ന പിണ്ണാക്കിന്റെ അംശം നീക്കം ചെയ്യാൻ നമ്മുടെ വീടുകളിൽ ഏതു മാർഗമാണ് ഉപയോഗിക്കുന്നത്? അന്വേഷിച്ചു കണ്ടെത്തൂ.

## മണ്ണ് നല്ലൊരു അരിപ്പ

ചിത്രം ശ്രദ്ധിക്കൂ. കക്കൂസ് ടാങ്കിൽനിന്ന് വെള്ളം മണ്ണിൽ കലരുന്നില്ലേ.



- കിണറിലേക്കു വരുന്ന ഉറവുവെള്ളം തെളിഞ്ഞിരിക്കുന്നത് എന്തുകൊണ്ട്?
- കക്കൂസ് ടാങ്ക് കിണറിന്റെ അടുത്താണെങ്കിൽ കിണർവെള്ളത്തിൽ മാലിന്യം കലരാനുള്ള സാധ്യതയുണ്ടോ?

കക്കൂസ് ടാങ്ക് നിർമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മിശ്രിതത്തിൽനിന്നു ഘടകപദാർഥങ്ങൾ വേർതിരിക്കാനുള്ള പല രീതികൾ നാം പരിചയപ്പെട്ടു.

ഈ രീതികളും ഉദാഹരണങ്ങളും എഴുതി ആശയചിത്രീകരണം പൂർത്തീകരിക്കൂ.




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- തന്മാത്ര എന്ന ആശയം വിശദീകരിക്കാൻ കഴിയുന്നു.
- പദാർഥങ്ങളെ ശുദ്ധപദാർഥങ്ങൾ, മിശ്രിതങ്ങൾ എന്നിങ്ങനെ തരംതിരിക്കാൻ കഴിയുന്നു.
- മിശ്രിതങ്ങളെ ഏകാത്മകമിശ്രിതം, ഭിന്നാത്മകമിശ്രിതം എന്നിങ്ങനെ തരംതിരിച്ച് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- മിശ്രിതത്തിലെ ഘടകങ്ങളെ വേർതിരിക്കുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കാൻ കഴിയുന്നു.
- മിശ്രിതത്തിലെ ഘടകങ്ങൾ വേർതിരിക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ തിരഞ്ഞെടുക്കാൻ കഴിയുന്നു.



## വിലയിരുത്താം

1. താഴെക്കൊടുത്ത വസ്തുക്കൾ ശ്രദ്ധിക്കൂ.

| | |
|---|---|
| A<br>മെഴുകുപൊടി | B<br>ഇരുമ്പ് |
| C<br>ഉപ്പ് | D<br>മണൽ |

(i) A, B എന്നിവ കൂടിക്കലർന്നാൽ എങ്ങനെ വേർതിരിക്കാം?

(ii) A, C എന്നിവ കൂടിക്കലർന്നാൽ എങ്ങനെ വേർതിരിക്കാം?

(iii) A, D എന്നിവ കൂടിക്കലർന്നാൽ എങ്ങനെ വേർതിരിക്കാം?

2. കലങ്ങിയ വെള്ളം ഏത് ഉപകരണം ഉപയോഗിച്ച് അരിക്കുമ്പോഴാണ് ഏറ്റവും ശുദ്ധമായ ജലം ലഭിക്കുന്നത്? എന്തുകൊണ്ട്?

a. തുണി b. ഫിൽട്ടർ പേപ്പർ c. ചായ അരിപ്പ

3. ശുദ്ധജലം, പഞ്ചസാരലായനി എന്നിവ അവയിൽ അടങ്ങിയ തന്മാത്രകളുടെ അടിസ്ഥാനത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?



## തുടർപ്രവർത്തനങ്ങൾ

1. ഒരു ദിവസം അടുക്കളയിൽ ഏതെല്ലാം മിശ്രിതങ്ങൾ തയാറാക്കുന്നുണ്ട് എന്നു കണ്ടെത്തൂ. അതുപോലെ മിശ്രിതങ്ങളിൽനിന്ന് ഘടകപദാർഥങ്ങൾ വേർതിരിക്കുന്നുണ്ടോ എന്നും പരിശോധിക്കൂ. ഈ ആവശ്യങ്ങൾക്ക് എന്തെല്ലാം ഉപകരണങ്ങൾ ഉപയോഗിക്കുന്നു?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 10

# രൂപത്തിനും ബലത്തിനും




- കുറുക്കന് ആമയെ ഭക്ഷിക്കാൻ സാധിക്കാത്തത് എന്തുകൊണ്ട്?
- ആമയെപ്പോലെ പുറന്തോടുള്ള മറ്റു ജീവികൾ ഉണ്ടോ?
- കട്ടിയുള്ള പുറന്തോടുകൾ ജീവികൾക്ക് എങ്ങനെ പ്രയോജനപ്പെടുന്നു?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചിത്രം നിരീക്ഷിച്ച് ജീവികളുടെ പുറന്തോടിന്റെ പ്രത്യേകതകൾ കണ്ടെത്തൂ.









### ആകൃതിക്കും സംരക്ഷണത്തിനും

ഒച്ച്, വണ്ട്, ഞണ്ട്, ചിപ്പികൾ മുതലായ ജീവികൾക്ക് കട്ടിയുള്ള പുറന്തോടുകളാണ് ഉള്ളത്. പഴുതാര, തേരട്ട തുടങ്ങിയവയുടെ പുറന്തോടുകൾ കട്ടി കുറഞ്ഞവയാണ്. ശരീരഭാഗങ്ങളെ സംരക്ഷിക്കുന്നതിനും ആകൃതി നൽകുന്നതിനും ശത്രുക്കളിൽനിന്ന് രക്ഷനേടാനും പുറന്തോടുകൾ സഹായിക്കുന്നു. ശരീരത്തിന്റെ പുറത്തുള്ള ഇത്തരം ആവരണങ്ങളെ ബാഹ്യാസ്ഥികൂടം (Exoskeleton) എന്നു പറയുന്നു. മത്സ്യങ്ങളുടെയും ഉരഗങ്ങളുടെയും ചെതുമ്പലുകൾ, പക്ഷികളുടെ തൂവലുകൾ, ജന്തുക്കളിലെ രോമങ്ങൾ, കൊമ്പുകൾ, കുളമ്പുകൾ, നഖങ്ങൾ തുടങ്ങിയവയെല്ലാം ബാഹ്യാസ്ഥികൂടത്തിന്റെ അവശേഷിപ്പുകളാണ്.

- എല്ലാ ജീവികളുടെയും പുറന്തോടുകൾ ഒരുപോലെയാണോ?
- പഴുതാരയുടെയും തേരട്ടയുടെയും പുറന്തോടുകൾ മറ്റുള്ളവയിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- ജീവികളുടെ പുറന്തോടും അവയുടെ ആകൃതിയും തമ്മിലുള്ള ബന്ധം എന്ത്?
- ഈ പുറന്തോടുകൾ ജീവികൾക്ക് എപ്രകാരമാണ് സഹായകമാകുന്നത്?

വായനക്കുറിപ്പ് കൂടി പരിശോധിച്ച് കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതൂ.



### പുറന്തോടിലെ വർണവൈവിധ്യം

പുറന്തോടുകളിലെ മനോഹരമായ പാറ്റേണുകൾ, നിറങ്ങൾ തുടങ്ങിയവ പല ജീവികളെയും കൂടുതൽ ആകർഷകമാക്കുന്നു. ഈ ആകർഷകത്വം അവയുടെ നിലനിൽപ്പിന് ഭീഷണിയാവുന്നുമുണ്ട്. മനുഷ്യൻ യാതൊരു നിയന്ത്രണവുമില്ലാതെ ഇവയെ പിടികൂടുന്നു. ഇത്തരത്തിലുള്ള പല ജീവികളും ഇന്ന് വംശനാശഭീഷണിയിലാണ്.


നക്ഷത്ര ആമ


സ്വർണവണ്ട്

### രൂപം നൽകാൻ




നമ്മുടെ വീടുകളിൽ എപ്പോഴും കണ്ടുവരുന്ന രണ്ടു ചെറുജീവികളാണല്ലോ പാറ്റയും പല്ലിയും. ഇവയുടെ അസ്ഥികൂടങ്ങൾ ഒരുപോലെയാണോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരു പല്ലിയുടെ അസ്ഥികൂടം താഴെയുള്ള ചിത്രത്തിൽ വരച്ചു ചേർക്കൂ.





## അസ്ഥികൂടങ്ങൾ പരിചയപ്പെടാം

വിവിധ ജീവികളുടെ അസ്ഥികൂടങ്ങളുടെ ചിത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ചിത്രങ്ങൾ നിരീക്ഷിച്ച് ഓരോന്നും ഏതു ജീവിയുടേതാണെന്നു കണ്ടെത്തൂ.



നിങ്ങൾ വരച്ച പല്ലിയുടെ അസ്ഥികൂടം ശരിയായോ എന്നു സ്വയം വിലയിരുത്തൂ.

പുറന്തോട് ബാഹ്യാസ്ഥികൂടമാണെന്ന് നാം മനസ്സിലാക്കിയല്ലോ.

ശരീരത്തിനുള്ളിൽ കാണുന്ന അസ്ഥികൂടത്തിന് എന്തു പേരു പറയാം?

പശു, ആട് തുടങ്ങിയ ജീവികളുടെ അസ്ഥികൂടങ്ങൾ ശരീരത്തിനുള്ളിലാണുള്ളത്. ഇവ ആന്തരാസ്ഥികൂടങ്ങൾ (Endoskeleton) എന്നറിയപ്പെടുന്നു.

ആമ, ചീങ്കണ്ണി, മുതല തുടങ്ങിയ ജീവികൾക്ക് ആന്തരാസ്ഥികൂടവും ബാഹ്യാസ്ഥികൂടവും ഉണ്ട്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പശുവിന് ആന്തരാസ്ഥികൂടമാണല്ലോ ഉള്ളത്. അസ്ഥികൂടം ഇല്ലായിരുന്നെങ്കിൽ പശുവിന്റെ രൂപം എങ്ങനെയായിരിക്കും?

- അസ്ഥികൂടങ്ങൾ ജീവികൾക്ക് എങ്ങനെയെല്ലാം സഹായകമാവുന്നു?

കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ എഴുതാം.

അസ്ഥികൾ ശരീരത്തിന് ആകൃതിയും ഉറപ്പും നൽകുന്നു. അവ ചലനത്തിനും സഹായിക്കുന്നുണ്ട്.

## മനുഷ്യന്റെ അസ്ഥികൂടം

വിവിധ ജീവികളുടെ അസ്ഥികൂടങ്ങൾ നാം പരിചയപ്പെട്ടല്ലോ. നമുക്കും അസ്ഥികൂടമുണ്ട്. ശരീരത്തിലെ വിവിധ അസ്ഥികളുടെ സ്ഥാനം, ആകൃതി എന്നിവ സ്പർശിച്ചു മനസ്സിലാക്കൂ. ഇനി നിങ്ങളുടെ അസ്ഥികൂടത്തിന്റെ രൂപം താഴെക്കൊടുത്ത ചിത്രത്തിൽ വരച്ചുനോക്കൂ.



നിങ്ങൾ വരച്ച ചിത്രം താഴെക്കൊടുത്ത സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തുക.

- ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലെ അസ്ഥികൾ ചിത്രത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ?
- അസ്ഥികളുടെ വലുപ്പം, ആകൃതി എന്നിവ ശരിയായ രീതിയിലാണോ രേഖപ്പെടുത്തിയിരിക്കുന്നത്?
- ഹൃദയം, തലച്ചോറ്, ശ്വാസകോശങ്ങൾ തുടങ്ങിയ ആന്തരാവയവങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ നിങ്ങൾ വരച്ച ചിത്രത്തിലുണ്ടോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മനുഷ്യശരീരത്തിലെ വിവിധ ഭാഗങ്ങളിലെ അസ്ഥികളുടെ ചിത്രങ്ങൾ പരിശോധിക്കൂ.


തലയോട്


വാരിയെല്ല്


കൈയിലെ എല്ലുകൾ


നട്ടെല്ല്

ശാസ്ത്രലാബിലെ അസ്ഥികൂടത്തിന്റെ മാതൃക നിരീക്ഷിക്കൂ. നിങ്ങൾ നിരീക്ഷിച്ച അസ്ഥികളുടെ പ്രത്യേകതകൾ, ധർമം എന്നിവ പട്ടികപ്പെടുത്തൂ.

| അസ്ഥി | പ്രത്യേകത | പ്രയോജനം |
|---|---|---|
| • തലയോട് | | |
| • വാരിയെല്ല് | | |
| • നട്ടെല്ല് | | |
| • കൈയിലെ എല്ലുകൾ | | |
| • കാലിലെ എല്ലുകൾ | | |

പട്ടിക പരിശോധിക്കൂ. നിങ്ങളുടെ കണ്ടെത്തലുകൾ എന്തെല്ലാം?

- മനുഷ്യശരീരത്തിലെ എല്ലുകൾ ആകൃതിയിലും വലുപ്പത്തിലും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- തലയോടിന്റെ പ്രാധാന്യം എന്ത്?

**യുവാവ് രക്ഷപ്പെട്ടു**

കൊച്ചി : ഇരുചക്രവാഹനത്തിൽ ലോറിയിടിച്ചു. റോഡിലേക്ക് തെറിച്ചു വീണെങ്കിലും ഹെൽമറ്റ് ധരിച്ചതിനാൽ യാത്രികന് തലയ്ക്ക് ക്ഷതമേറ്റില്ല. കൈകാലുകൾക്ക് സാരമായ പരുക്കേറ്റു......



ഇരുചക്രവാഹനങ്ങളിൽ യാത്രചെയ്യുന്നവർ ഹെൽമറ്റ് ധരിക്കേണ്ടതിന്റെ ആവശ്യകത എന്ത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### അസ്ഥികൾ പലവിധം

തലയോട്, വാരിയെല്ല്, നട്ടെല്ല്, മറ്റ് എല്ലുകൾ എന്നിവ ആകൃതിയിലും വലുപ്പത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. തലയോട് തലച്ചോറിനെ സംരക്ഷിക്കുന്നു. തലയോട്ടിയിൽ കീഴ്ത്താടിയെല്ലിന് മാത്രമാണ് ചലനസ്വാതന്ത്ര്യമുള്ളത്. ശരീരത്തിലെ ഏറ്റവും ബലമുള്ള എല്ലുകൾ കീഴ്ത്താടിയെല്ലാണ്. ശരീരത്തെ നേരെ നിർത്തുന്നത് നട്ടെല്ലാണ്. നട്ടെല്ലിന് ഏൽക്കുന്ന ചില ക്ഷതങ്ങൾ ആജീവനാന്തം തളർച്ചയ്ക്ക് കാരണമായേക്കാം. ശ്വാസകോശങ്ങൾ, ഹൃദയം എന്നിവയെ പൊതിഞ്ഞു സൂക്ഷിക്കുന്നത് വാരിയെല്ലുകളാണ്. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അസ്ഥി തുടയെല്ലാണ്. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി ചെവിക്കുള്ളിലെ സ്റ്റേപ്പിസ് ആണ്.

## ശരിയായ ശരീരനിലകൾ

നട്ടെല്ലിന്റെ ആരോഗ്യത്തിന് ശരിയായ ശരീരനിലകൾ പാലിക്കേണ്ടതുണ്ട്. ഇരിക്കുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും പാലിക്കേണ്ട ശരീരനിലകൾ നോക്കൂ.



- ഭാരം ഉയർത്തുമ്പോൾ പാലിക്കേണ്ട ശരീരനില ഏത്?
- ക്ലാസിൽ നിങ്ങൾ എങ്ങനെയാണ് ഇരിക്കുന്നത്?

ഓരോ സന്ദർഭത്തിലും നട്ടെല്ല് പരമാവധി നിവർന്നിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. നട്ടെല്ല് വളച്ച് ഇരിക്കുന്നത് നട്ടെല്ലിന്റെ ആരോഗ്യത്തെ ബാധിക്കും. പുറംവേദനയ്ക്കു കാരണമാവും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





### എത്ര അസ്ഥികൾ?

ജനിക്കുന്ന സമയത്ത് ശരീരത്തിൽ ഏകദേശം 300 എല്ലുകൾ ഉണ്ടാവും. പ്രായപൂർത്തിയാവുന്നതോടെ ഇതിൽ പലതും ഒന്നിച്ചുചേർന്ന് 206 ആയി കുറയുന്നു. മനുഷ്യശരീരത്തിലെ അസ്ഥികൾ താഴെ പറയുന്ന തോതിലാണുള്ളത്.

| | | | | | |
|---|---|---|---|---|---|
| തലയോട് | : | 22 | നട്ടെല്ല് | : | 33 |
| വാരിയെല്ല് | : | 24 | ഓരോ കൈയിലും | : | 32 |
| ഓരോ കാലിലും | : | 30 | മാറെല്ല് | : | 1 |
| അരക്കെട്ട് | : | 2 | | | |

നിങ്ങൾ നിരീക്ഷിച്ച മനുഷ്യാസ്ഥികൂടത്തിൽ ചെവിക്കുടയിലും മൂക്കിലും അസ്ഥികൾ കാണുന്നുണ്ടോ?

മൂക്ക്, ചെവി എന്നിവയിൽ കാണുന്നത് മൃദുവായ അസ്ഥികളാണ്. ഇവയെ തരുണാസ്ഥികൾ (Cartilage) എന്നു പറയുന്നു. കുട്ടികളിൽ തരുണാസ്ഥികളുടെ എണ്ണം കൂടുതലായിരിക്കും.

## ചലനത്തിനും സഞ്ചാരത്തിനും

നിങ്ങളുടെ കൈമുട്ടുകൾ നിവർത്തിവച്ച് പിന്നിൽ നീളമുള്ള ഒരു വടി കെട്ടിവയ്ക്കൂ. എന്നിട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുനോക്കൂ.

- കെട്ടിവച്ച കൈകൊണ്ട് ഭക്ഷണം എടുത്ത് കഴിക്കുന്നതായി കാണിക്കൂ.
- പല്ലു തേക്കുന്നത് എങ്ങനെയാണ് എന്നു കാണിക്കൂ.

എന്തുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയാത്തത്?

ഇവ പ്രയാസമില്ലാതെ ചെയ്യാൻ എന്തു സംവിധാനമാണ് കൈയിൽ ഉള്ളത്?

കൈപ്പത്തികളും കൈമുട്ടുകളും ചലിപ്പിച്ചുനോക്കൂ. രണ്ടും ഒരേ രീതിയിൽ ചലിപ്പിക്കാൻ കഴിയുന്നുണ്ടോ? കഴുത്ത്, കാൽമുട്ട്, വിരലുകൾ തുടങ്ങി വിവിധ ശരീരഭാഗങ്ങൾ എങ്ങനെയെല്ലാം ചലിപ്പിക്കാൻ കഴിയുമെന്ന് പരിശോധിക്കൂ.

| ശരീരഭാഗം | ചലനം/പ്രത്യേകത |
|---|---|
| • കൈപ്പത്തി | • മുകളിലേക്കും താഴേക്കും ചലിപ്പിക്കാൻ കഴിയുന്നു. |
| • കൈമുട്ട് | • |
| • കാൽമുട്ട് | • |
| • കഴുത്ത് | • |
| • കൈക്കുഴ | • |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ഒരു ഭാഗത്തേക്കു മാത്രം ചലിപ്പിക്കാവുന്നത് ഏതെല്ലാം?
- ഇരു ദിശകളിലേക്കും ചലിപ്പിക്കാവുന്നത് ഏവ?
- പല ദിശകളിലും ചലിപ്പിക്കാവുന്നത് ഏതെല്ലാം?

പട്ടിക വിശകലനം ചെയ്ത് കണ്ടെത്തലുകൾ എഴുതാം.

പലതരം ചലനങ്ങൾക്കും പ്രവർത്തനങ്ങൾക്കും നമ്മെ സഹായിക്കുന്നത് അസ്ഥികളെ തമ്മിൽ ബന്ധിപ്പിക്കുന്ന അസ്ഥിസന്ധികളാണ് (Joints).

| സന്ധി | ശരീരഭാഗം | | പ്രത്യേകത |
|---|---|---|---|
| ഗോളരസന്ധി (Ball and socket joint) | തോളെല്ല് സന്ധി<br>ഇടുപ്പെല്ല് സന്ധി |   | ഏറ്റവും കൂടുതൽ ചലന സ്വാതന്ത്ര്യം ഉള്ളവ. ഒരു അസ്ഥിയുടെ അറ്റത്തുള്ള ഉരുണ്ടഭാഗം മറ്റൊരു അസ്ഥിയുടെ കുഴിയിൽ തിരിയുന്നു. |
| വിജാഗിരിസന്ധി (Hinge joint) | കൈമുട്ട്<br>കാൽമുട്ട് |   | വിജാഗിരിപോലെ ഒരു ഭാഗത്തേക്കു മാത്രം ചലിപ്പിക്കാൻ കഴിയുന്നു. |
| കീലസന്ധി (Pivot joint) | കഴുത്ത് (തലയോടും നട്ടെല്ലിന്റെ മുകൾ ഭാഗവും ചേരുന്ന സ്ഥലം) |  | ഒരു അസ്ഥി മറ്റൊന്നിൽ ഇരു ദിശകളിലേക്കും തിരിയുന്നു. |

## മാതൃകകൾ നിർമിക്കാം





1. വിജാഗിരിസന്ധി : പരന്ന രണ്ടു മരക്കഷണങ്ങളും ഒരു വിജാഗിരിയും ഉപയോഗിച്ച് കാൽമുട്ടിലെ സന്ധി ചലിക്കുന്നതിന്റെ മാതൃക നിർമിക്കൂ.
2. ഗോളരസന്ധി : ഐസ്ക്രീം ബോളും ചെറിയപന്തും അതിൽ ഉറപ്പിക്കാവുന്ന ചെറിയ വടിയും ഉപയോഗിച്ച് തോളെല്ലു സന്ധിയുടെ മാതൃക നിർമിക്കൂ.
3. കീലസന്ധി : ചിലതരം പൗഡർ ടിന്നുകൾ, ലോഷനുകൾ എന്നിവയുടെ അടപ്പ് തിരിയുന്നത് നിരീക്ഷിച്ച് കീലസന്ധിയുടെ മാതൃക നിർമിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- മനുഷ്യശരീരത്തിൽ അസ്ഥിസന്ധികൾ ഇല്ലായിരുന്നെങ്കിൽ എന്തെല്ലാം പ്രയാസങ്ങൾ അനുഭവപ്പെടും?

..............................................................................................................

..............................................................................................................

- കഴുത്തിലെ അസ്ഥികൾക്ക് ചലനശേഷി ഇല്ലായിരുന്നെങ്കിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ എങ്ങനെ ചെയ്യും? പരീക്ഷിച്ചുനോക്കൂ.

a. നടക്കുന്നു.

b. വായിക്കുന്നു.

c. പിന്നിലിരിക്കുന്ന ആളിനെ നോക്കുന്നു.

മനുഷ്യാസ്ഥികൂടത്തിലെ അസ്ഥികളും അവയുടെ പ്രവർത്തനങ്ങളും മനസ്സിലാക്കിയല്ലോ. നിങ്ങൾ ആദ്യം വരച്ച അസ്ഥികൂടചിത്രത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടിവരും?

ചിത്രം മെച്ചപ്പെടുത്തി ശാസ്ത്രപുസ്തകത്തിൽ ചേർക്കാം.

## അസ്ഥികൾ സംരക്ഷിക്കാം

- നിങ്ങളിൽ ആർക്കെങ്കിലും എപ്പോഴെങ്കിലും അസ്ഥിഭംഗം സംഭവിച്ചിട്ടുണ്ടോ?
- എപ്പോഴെല്ലാമാണ് അസ്ഥിഭംഗം സംഭവിക്കാൻ സാധ്യതയുള്ളത്?
- അസ്ഥിഭംഗം സംഭവിച്ചു എന്നു നിങ്ങൾ അറിയുന്നത് എങ്ങനെ?

### അസ്ഥിഭംഗം

ശക്തമായ ആഘാതം ഏൽക്കുന്നത് അസ്ഥി പൊട്ടുന്നതിനോ അസ്ഥികളിൽ വിള്ളലുണ്ടാവുന്നതിനോ കാരണമാവാം. അസ്ഥി ഒടിയുന്നതിനെയാണ് അസ്ഥിഭംഗം എന്നു പറയുന്നത്. ചിലപ്പോൾ അസ്ഥികൾ സ്ഥാനം തെറ്റാറുണ്ട്. ഇതിനാണ് സ്ഥാനഭ്രംശം എന്നുപറയുന്നത്.

താഴെപ്പറയുന്ന ലക്ഷണങ്ങൾ പരിശോധിച്ച് അസ്ഥിഭംഗം വന്നിട്ടുണ്ടോ എന്നു തിരിച്ചറിയാം.

- പരിക്കേറ്റിടത്ത് വേദന.
- പരിക്കേറ്റ ഭാഗം ഇളക്കാൻ പ്രയാസം.
- നീരുവന്ന് വീർത്തിരിക്കുന്നു.
- അൽപ്പം വളവ് സംഭവിച്ചിട്ടുണ്ട്.
- സമാനമായ എല്ലുമായി വ്യത്യാസം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## അസ്ഥിഭംഗമുണ്ടായാൽ

അസ്ഥിഭംഗം സംഭവിച്ച ഒരാളെ വേഗം ആശുപത്രിയിൽ എത്തിക്കുകയാണ് വേണ്ടത്.

ആശുപത്രിയിലെത്തിക്കുന്നതിനു മുമ്പ് എന്തെല്ലാം ശ്രദ്ധിക്കണം?

ഒടിഞ്ഞ ഭാഗങ്ങൾ ഇളകാതെ ശ്രദ്ധിക്കണം. ഇതിന് സ്പ്ലിന്റ് ഉപയോഗിച്ച് കെട്ടുന്നത് സഹായകമാവും.

## സ്പ്ലിന്റ്

മരം, പ്ലാസ്റ്റിക്, ലോഹം എന്നിവയിലേതെങ്കിലും കൊണ്ടു നിർമിച്ച ഉറപ്പുള്ള താങ്ങുപലകയാണ് സ്പ്ലിന്റ്. കൈകാലുകളിലെ ഒടിവുള്ള എല്ല് നിശ്ചലമാക്കി വയ്ക്കാൻ സ്പ്ലിന്റ് വച്ച് കെട്ടുന്നത് സഹായകമാവും.

മരസ്കെയിൽ ഉപയോഗിച്ച് സ്പ്ലിന്റ് കെട്ടുന്നത് പരിശീലിച്ചു നോക്കൂ.

വിവിധതരം അസ്ഥികൂടങ്ങളും അസ്ഥിസന്ധികളും പരിചയപ്പെട്ടല്ലോ. അസ്ഥികളുടെ ആരോഗ്യത്തിന് എന്തെല്ലാം ശ്രദ്ധിക്കണം?

### അസ്ഥികളുടെ കാഠിന്യം



അസ്ഥികളുടെ കാഠിന്യത്തിനു കാരണം കാൽസ്യം ഫോസ്ഫേറ്റാണ്. അതിനാൽ അസ്ഥികളുടെ വളർച്ചയ്ക്ക് കാൽസ്യം, ഫോസ്ഫറസ് എന്നിവ ആവശ്യമാണ്.

വളർച്ചയുടെ ഘട്ടത്തിൽ കാൽസ്യം, ഫോസ്ഫറസ് തുടങ്ങിയ ധാതുക്കൾ അസ്ഥികളെ ബലപ്പെടുത്തുന്നു. ചെറിയ കുട്ടികളുടെ അസ്ഥികൾക്ക് ബലം കുറയാൻ കാരണം കാൽസ്യം ഫോസ്ഫേറ്റിന്റെ നിക്ഷേപം കുറവായതിനാലാണ്. പ്രായമായവരിൽ ശരീരത്തിനുവേണ്ട കാത്സ്യം അസ്ഥികളിൽ നിന്നും ആഗിരണം ചെയ്യാറുണ്ട്. ഇത് അസ്ഥിയുടെ ബലക്ഷയത്തിന് കാരണമാകുന്നു. കുമ്പളങ്ങ, പടവലങ്ങ തുടങ്ങിയ പച്ചക്കറികളിലും പേരയ്ക്ക, ചാമ്പയ്ക്ക തുടങ്ങിയ പഴങ്ങളിലും മുട്ട, പാൽ, ചെറുമൽസ്യങ്ങൾ എന്നിവയിലും കാൽസ്യം ധാരാളമുണ്ട്.

അസ്ഥിഭംഗം വരാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കണം? ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ. പ്രധാന നിർദേശങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ.

വിവിധ ജീവികളുടെ അസ്ഥികൂടങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കൂ.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ബാഹ്യാസ്ഥികൂടം, ആന്തരാസ്ഥികൂടം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ധർമം വിശദീകരിക്കാൻ കഴിയുന്നു.
- ആന്തരാസ്ഥികൂടം ഉള്ള ജീവികൾ, ബാഹ്യാസ്ഥികൂടം ഉള്ള ജീവികൾ എന്നിവയ്ക്ക് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- അസ്ഥിസന്ധികൾ തിരിച്ചറിഞ്ഞ് ചലനങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.
- അസ്ഥിസന്ധികളുടെ മാതൃകകൾ നിർമിക്കാൻ കഴിയുന്നു.
- അസ്ഥിഭംഗമുണ്ടാവുമ്പോൾ നൽകേണ്ട പ്രഥമശുശ്രൂഷകൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കാൻ കഴിയുന്നു.

## വിലയിരുത്താം

1. ബാഹ്യാസ്ഥികൂടത്തിന്റെയും ആന്തരാസ്ഥികൂടത്തിന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തൂ.

| ബാഹ്യാസ്ഥികൂടം | ആന്തരാസ്ഥികൂടം |
|---|---|
| • | • |
| • | • |
| • | • |

2. ആശയചിത്രീകരണം പൂർത്തിയാക്കൂ

- മനുഷ്യാസ്ഥികൂടം
  - അസ്ഥിസന്ധികൾ
    - വിജാഗിരിസന്ധി
      - കാൽമുട്ട്
      - 
    - 
    - 

## തുടർപ്രവർത്തനങ്ങൾ

1. ഒരു പക്ഷിയുടെയും ഒരു മൃഗത്തിന്റെയും അസ്ഥികൂടചിത്രങ്ങളാണ് ഇവ. മനുഷ്യാസ്ഥികൂടവും ഈ ജീവികളുടെ അസ്ഥികൂടവും തമ്മിൽ എന്തെല്ലാം സാദൃശ്യങ്ങളുണ്ട്? സൂചനകൾ ഉപയോഗിച്ച് കണ്ടെത്തൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- തലയോട്
- വാരിയെല്ലുകൾ
- കൈകളിലെയും കാലുകളിലെയും അസ്ഥികൾ
- നട്ടെല്ല്





2. പശു, പട്ടി, പൂച്ച എന്നിവയുടെ കൈകാലുകളുടെ ചലനം നിരീക്ഷിക്കൂ. നമ്മുടെ കൈകാലുകളുടെ ചലനവുമായി താരതമ്യം ചെയ്യൂ.



Downloaded from https:// www.studiestoday.com